34th Year of Service 2026


# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 29, 2026 Vol. XXXIV No. 26




SUNNY
FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

34th Year of Service 2026

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

10 പദ്മ അവാർഡുകൾ സമ്മാനിച്ചു
11 എസ്.എം.സി.സി. നേതൃത്വം നല്കണം
13 കെ.സി.എസ് ചിക്കാഗോ ഒളിമ്പിക്സും പിക്നിക്കും
17 'കരുതൽ' സിനിമ ഒടിടിയിൽ മികച്ച പ്രതികരണം
23 ഫാദേഴ്സ് ഡേ ആഘോഷിച്ചു

### കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ആദരവ് ജൂലൈ 3-ന്

## കെ.എം. ഈപ്പൻ, പാസ്റ്റർ സാംകുട്ടി മത്തായി, സൂസൻ ബി. ജോൺ എന്നിവരെ ആദരിക്കുന്നു

കുര്യൻ ഫിലിപ്പ്


കെ.എം. ഈപ്പൻ


പാസ്റ്റർ സാംകുട്ടി മത്തായി


സൂസൻ ബി. ജോൺ

ചിക്കാഗോ: കഴിഞ്ഞ അര നൂറ്റാണ്ടിലധികമായി ക്രൈസ്തവ സാഹിത്യ മാധ്യമ പ്രസിദ്ധീകരണ രംഗത്ത് തനതായ വ്യക്തിമുദ്രകൾ പതിച്ച കേരള എക്സ്പ്രസി ചീഫ് എഡിറ്റർ കെ. എം. ഈപ്പൻ, ക്രിസ്തീയ ഗാനരചയിതാക്കളായ പാസ്റ്റർ സാംകുട്ടി മത്തായി, സിസ്റ്റർ സൂസൻ ബി. ജോൺ എന്നിവരെ ചിക്കാഗോയിൽ നടക്കുന്ന നാല്പതാമത് പിസിനാക് കോൺഫറൻസിന്റെ റൈറ്റേഴ്സ് ഫോറത്തിന്റെ സമ്മേളനത്തിൽ ആദരിക്കും.

ജൂലൈ 3-ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒന്നര മണിക്ക് നടക്കുന്ന സമ്മേളനത്തിൽ പ്രസിഡണ്ട് രാജൻ ആര്യപ്പള്ളി അദ്ധ്യക്ഷത വഹിക്കും. പ്രശസ്ത സാഹിത്യകാരൻ റവ. ജോർജ് മാത്യു പുതുപ്പള്ളി മുഖ്യാതിഥിയായിരിക്കും. കഴിഞ്ഞ നാല് പതിറ്റാണ്ട് മുമ്പ് കേരള എക്സ്പ്രസ് എന്ന മലയാള വാർത്താ വാരിക ചിക്കാഗോയിൽ പ്രസിദ്ധീകരണം (ശേഷം 34-ാം പേജിൽ)

## വെനസ്വേല ഭൂകമ്പം: 1430-ലേറെ മരണം

കരകാസ്: തെക്കേ അമേരിക്കൻ രാജ്യമായ വെനസ്വേലയിലുണ്ടായ ഇരട്ട ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 1430-ലേറെ ആയി ഉയർന്നു. 68,900 പേരെ ഇനിയും കണ്ടെത്താനുണ്ട്. മരണസംഖ്യ 10,000 കടന്നേക്കാമെന്നു യുഎസ് ജിയോളജിക്കൽ സർവേ (യുഎസ്ജിഎസ്) അറിയിച്ചിരിക്കുന്നത്.



തലസ്ഥാനനഗരമായ കരകാസിൽനിന്ന് 160 കിലോമീറ്റർ അകലെ ജൂൺ 24-ന് ബുധനാഴ്ച പ്രാദേശികസമയം വൈകിട്ട് 6.04-ന് ആണ് 7.2 തീവ്രത രേഖപ്പെടുത്തിയ ആദ്യഭൂകമ്പമുണ്ടായത്. 39 സെക്കൻഡിനകം 7.5 തീവ്രതയിൽ രണ്ടാമത്തേതും. ഒരുനൂറ്റാണ്ടിനിടെ രാജ്യത്തുണ്ടാകുന്ന ഏറ്റവും ശക്തമായ ഭൂകമ്പങ്ങളിലൊന്നാണിത്.

തകർന്ന നൂറുകണക്കിനു കെട്ടിടങ്ങൾക്കടിയിൽ കുടുങ്ങിയവരെ കണ്ടെത്താനായി രാജ്യാന്തര സഹായത്തോടെ രക്ഷാപ്രവർത്തനം തുടരുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്നുള്ള 1600 സന്നദ്ധപ്രവർത്തകർ രക്ഷാപ്രവർത്തനത്തിൽ പങ്കുചേർന്നിട്ടുണ്ട്.

കരകാസിൽനിന്ന് 170 കിലോമീറ്റർ അകലെ കരീബിയൻതീരത്തെ മൊറോണിൽ 16 കിലോമീറ്റർ ആഴത്തിലാണു പ്രഭവകേന്ദ്രം. വടക്കൻ സംസ്ഥാനങ്ങളെയാണു ഭൂകമ്പം ബാധിച്ചത്. തുറമുഖനഗരമായ ലാഗ്വൈറയിലാണ് ഏറ്റവുമധികം നാശം.

ഇവിടെ നൂറിലേറെ കെട്ടിടങ്ങൾ തകർന്നു. കേടുപാടുകൾ സംഭവിച്ചതിനാൽ രാജ്യാന്തര വിമാനത്താവളം അടച്ചു. രാജ്യത്തെ എണ്ണയുൽപാദന കേന്ദ്രങ്ങളിൽ നാശമില്ലെന്നാണു വിവരം.

(ശേഷം 34-ാം പേജിൽ)

## പശ്ചിമേഷ്യയിൽ സംഘർഷത്തിനിടയിലും സമാധാന ചർച്ചകൾ

ടെഹ്റാൻ: പശ്ചിമേഷ്യയിൽ ആശങ്കയായി വീണ്ടും യുഎസ്-ഇറാൻ സംഘർഷം രൂക്ഷമാകുന്നു. യുഎസ് നടത്തിയ ആക്രമണങ്ങൾക്കു തിരിച്ചടിയായി കുവൈത്തിലെയും ബഹ്റൈനിലെയും യുഎസ് സേനാതാവളങ്ങൾക്കുനേരേ ഇറാന്റെ മിസൈൽ, ഡ്രോൺ ആക്രമണം.

കുവൈത്തിലെ യുഎസ് അലി അൽ സലേം വ്യോമതാവളത്തിലും ബഹ്റൈനിലെ സൽമാൻ തുറമുഖത്തുള്ള യുഎസ് അഞ്ചാം നാവിക കപ്പലിലും ആക്രമണം നടത്തിയതായി ഇറാന്റെ റവല്യൂഷണറി ഗാർഡ് കോർ സ്ഥിരീകരിച്ചു. യുഎസ്-ഇറാൻ വെടിനിർത്തലിന്റെ ഭാവി അനിശ്ചിതത്വത്തിലാക്കുന്നതാണ് ഇപ്പോഴത്തെ സംഘർഷം. ബഹ്റൈനിലെ മുഹാറഖിൽ പാർപ്പിട സമുച്ചയത്തിലും ഇറാന്റെ ഡ്രോൺ പതിച്ചു.


ഇറാൻ ഡ്രോൺ ആക്രമണത്തെത്തുടർന്നു ബഹ്റൈൻ തീരത്തുനിന്നു പുക ഉയരുന്നു.

ജൂൺ 27-ന് ശനിയാഴ്ച ഇറാനിലെ സിരിക്, ബന്ദർ-ഇ ലെൻഗെ, ഖേഷം ദ്വീപ് എന്നിവിടങ്ങളിൽ യുഎസ് സൈന്യം ആക്രമണം നടത്തിയിരുന്നു. ഹോർമുസ് കടലിടുക്കിലും സമീപത്തുമുള്ള പത്തിലധികം സ്ഥലങ്ങളിൽ തങ്ങളുടെ നാവിക, വ്യോമ സേനകൾ ആക്രമണം നടത്തിയെന്ന് യുഎസ് സെൻട്രൽ കമാൻഡും അറിയിച്ചു. കിക്കു എണ്ണം ടാങ്കറിനു നേരേ നടന്ന ഇറാനിയൻ ഡ്രോൺ ആക്രമണത്തിനുള്ള മറുപടിയാണിതെന്നും അവർ പറഞ്ഞു. 20 ലക്ഷം ബാരൽ അസംസ്കൃത എണ്ണയുമായി പോകുകയായിരുന്ന, പനാമ പതാകയുള്ള കപ്പലിനുനേരെ 27-ന് പുലർച്ചെയാണ് ആക്രമണമുണ്ടായതെന്നും യുഎസ് സൈന്യം പറഞ്ഞു.

തങ്ങളുടെ പരമാധികാരത്തിനുനേരേയുള്ള കടന്നാക്രമണമെന്നു പറഞ്ഞ് കുവൈത്തും ബഹ്റൈനും ഇറാന്റെ ആക്രമണത്തെ അപലപിച്ചു. മേഖലയിലെ സമാധാനശ്രമങ്ങൾ ദുർബലപ്പെടുത്താനാണ് ആക്രമണമെന്നു ബഹ്റൈൻ പറഞ്ഞു.

(ശേഷം 34-ാം പേജിൽ)

## വീര്യം കുറഞ്ഞ മദ്യം: സർക്കാർ മുന്നോട്ട്

തിരുവനന്തപുരം: ജൂലൈ ഒന്നിനു മുഖ്യമന്ത്രി വി.ഡി. സതീശൻ അവതരിപ്പിക്കാനിരിക്കുന്ന ധനബില്ലിൽ വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതിയിളവ് ഇടം പിടിച്ചു. 0.5 ശതമാനം മുതൽ 10 ശതമാനം വരെ വീര്യമുള്ള മദ്യത്തിന് 120 ശതമാനം വിൽപന നികുതിയും 10 ശതമാനം മുതൽ 20 ശതമാനം വരെ വീര്യമുള്ളതിനു 175 ശതമാനം വിൽപന നികുതിയും നിശ്ചയിച്ച ബജറ്റ് പ്രഖ്യാപനമാണു ബില്ലിന്റെ കരടിൽ ഉൾപ്പെടുത്തിയത്. 'ലോ ആൽക്കഹോളിക് ബവ്റിജസ്' എന്ന വിഭാഗത്തിനു നികുതി നിരക്കു നിശ്ചയിച്ച് കേരള പൊതു വിൽപന നികുതി നിയമം (കെജിഎസ്ടി) 1963 ഭേദഗതി വരുത്താനാണു നിർദേശം. ധനവകുപ്പ് നിയമസഭാ സെക്രട്ടേറിയറ്റിനു കൈമാറിയ കരട് പ്രസിദ്ധീകരിച്ചു.

പ്രധാന ഘടകകക്ഷി നേതാക്കളുമായി ആശയവിനിമയം നടത്തിയശേഷമാണു നീക്കമെന്നാണു വിവരം. യുഡിഎഫിനു വലിയ ഭൂരിപക്ഷമുള്ള സഭയിൽ ധനബിൽ പാസാകുമെന്ന് ഉറപ്പാണ്. വീര്യം കുറഞ്ഞ മദ്യം വിൽക്കണോ എന്നു മദ്യനയത്തിൽ യുഡിഎഫ് തീരുമാനിക്കുമെന്നും വിൽക്കുന്നുണ്ടെങ്കിൽ ബജറ്റിൽ പ്രഖ്യാപിച്ചതു തന്നെയാകും നികുതി ഘടനയെന്നും മുഖ്യമന്ത്രി നിയമസഭയിൽ മറുപടി നൽകിയിരുന്നു. ബജറ്റ് പ്രഖ്യാപനം മദ്യക്കമ്പനികൾക്കു വേണ്ടിയാണെന്ന് ആരോപിച്ച പ്രതിപക്ഷം, നികുതി കുറച്ച നടപടി ധനബില്ലിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. (ശേഷം 34-ാം പേജിൽ)

PLEASE SEND ME AS ONE PDF ON BOTH PAGES KERALA CENTER 2022 AWARD

# രാജ്യത്തെത്തിയത് 22,000 കോടി വിദേശസംഭാവന

കോട്ടയം: വിദേശസംഭാവന നിയന്ത്രണ (എഫ്.സി.ആർ.എ) നിയമപ്രകാരം ഈ വർഷം മാർച്ച് 25 വരെ രാജ്യത്തേക്ക് വന്നത് 22,000 കോടി രൂപയോളമെന്ന് കേന്ദ്രസർക്കാർ രേഖകൾ. 16,000-ത്തോളം സന്നദ്ധ സംഘടനകൾക്കാണ് പണം വന്നത്. എന്നാൽ, ജൂൺ ആയപ്പോഴേയ്ക്കും സംഘടനകളുടെ എണ്ണം 14,000-ത്തിൽ താഴെയായി. രജിസ്ട്രേഷൻ റദ്ദാക്കൽ, പുതുക്കി നല്കാതിരിക്കൽ എന്നിവയാണ് കാരണമെന്നു കരുതുന്നു.

എഫ്.സി.ആർ.ഇക്ക് നേരത്തെ കർശന വ്യവസ്ഥകളുണ്ടെങ്കിലും 2020-ലെ നിയമഭേദഗതിയോടെയാണ് കൂടുതൽ കർശനമായത്. ഇതോടെ ഫണ്ട് വാങ്ങുന്ന എൻ.ജി.ഒ.കളുടെ എണ്ണം കുറഞ്ഞു. മുൻപ് 30,000-ത്തോളം സംഘടനകളുണ്ടായിരുന്നു. കേന്ദ്രസർക്കാർ വരുത്തിയ ചട്ടഭേദഗതി കൂടുതൽ കർശനസ്വഭാവമുള്ളതാണ്. ഇതോടെ വിദേശഫണ്ട് വാങ്ങുന്ന സംഘടനകൾ ഇനിയും കുറയാം. ഇത് ഒട്ടേറെ സാമൂഹിക ക്ഷേമ, വിദ്യാഭ്യാസ, ദുരിതാശ്വാസ പ്രവർത്തനങ്ങളെ ബാധിച്ചേക്കും.

ചട്ടത്തിൽ വന്ന മാറ്റങ്ങൾ മതപശ്ചാത്തലമില്ലാത്ത സന്നദ്ധ സംഘടനകളെയും (എൻ.ജി.ഒ.) ബാധിക്കുമെന്ന് കൊച്ചിയിലെ പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ് ജോണി പള്ളിവാതുക്കൽ പറഞ്ഞു. കാരിത്താസ് ഇന്ത്യ പോലെ ഇന്ത്യയിലൊട്ടുക്കും സാമൂഹികക്ഷേമ പ്രവർത്തനമുള്ള എൻ.ജി.ഒ.കളെ 2020-ലെ നിയമഭേദഗതി തന്നെ ബാധിച്ചിരുന്നതായും അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ ഗ്രാമീണ മേഖലകളിൽ സ്വാധീനമുള്ള എഫ്.സി.ആർ.എ രജിസ്ട്രേഷനുള്ള വിവിധ എൻ.ജി.ഒ.കൾ വഴിയാണ് ഇവർ സന്നദ്ധസേവനങ്ങൾ നടത്തിയിരുന്നത്. സബ്ഗ്രാന്റിംഗ് എന്നാണ് ഇതിനു പറയുന്നത്. ഇതിനിപ്പോൾ അനുമതിയില്ല.

വിദേശഫണ്ട് വാങ്ങുന്ന ഓരോ എൻ.ജി.ഒയും എല്ലാ വർഷവും ഡിസംബർ 30-നു മുമ്പാണ് വാർഷിക റിട്ടേൺ നല്കേണ്ടത്. ഇതിനൊപ്പം ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, വരവ്-ചെലവ് കണക്കുകളുടെ അക്കൗണ്ട്, ഭാരവാഹികളുടെ പട്ടിക, ഭാരവാഹികളുടെ സത്യവാങ്മൂലം, എൻ.ജി.ഒ.യുടെ പ്രവർത്തന റിപ്പോർട്ട്, ഭൂമി-കെട്ടിട വിവരങ്ങൾ, എൻ.ജി.ഒയുടെ സാമൂഹിക മാധ്യമ അക്കൗണ്ട്, പ്രസിദ്ധീകരണ വിവരങ്ങൾ എന്നിവ സമർപ്പിക്കണം.

# ഇന്ത്യയിൽ ആദ്യമായി അപൂർവരോഗങ്ങളെ കേരളം രജിസ്റ്ററിലാക്കുന്നു

തിരുവനന്തപുരം: കേരളത്തിൽ എത്ര അപൂർവരോഗികളുണ്ട്, അവരുടെ രോഗത്തിന്റെ പേരെന്ത് - ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരമില്ലാതിരുന്ന സ്ഥിതി മാറുകയാണ്. ജൂലൈ ഒന്നിന് നിലവിൽവരുന്ന കെയർ (കേരള എഗെൻസ്റ്റ് റെയർ ഡിസീസ്) എന്ന പോർട്ടലിൽ രോഗികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതോടെ ഇത്തരത്തിലൊരു സംവിധാനം ഇന്ത്യയിൽ ആദ്യത്തേതാകും. രോഗികളുടെ വിവരശേഖരണം, നിരീക്ഷണം, തുടർപരിപാലനം എന്നിവയാണു ലക്ഷ്യമിടുന്നത്. സർക്കാർ മെഡിക്കൽകോളജുകൾ, ജില്ലകളിലെ ഏർളി ഇന്റെർവെൻഷൻ സെന്ററുകൾ, തിരഞ്ഞെടുത്ത സ്വകാര്യ ആശുപത്രികൾ എന്നിവയാണ് പോർട്ടൽ ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തുന്നത്.

രജിസ്റ്റർചെയ്യുന്ന രോഗികൾക്ക് കേന്ദ്രസർക്കാർ പദ്ധതിപ്രകാരം 50 ലക്ഷം രൂപയുടെ വരെ ചികിത്സാസഹായത്തിനും അർഹതയുണ്ടാകും.

പോർട്ടൽ യാഥാർത്ഥ്യമാക്കിയതിനു പിന്നിൽ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (നാഷണൽ ഹെൽത്ത് മിഷൻ) സംസ്ഥാന നോഡൽ ഓഫീസാണ്. കെയർ പോർട്ടലിനെ സംസ്ഥാന ആരോഗ്യവകുപ്പിന്റെ പാലിയേറ്റീവ് കെയറിന്റെ പോർട്ടലുമായി ബന്ധിപ്പിക്കുന്നുണ്ട്. ഇതിലൂടെ രോഗികൾക്ക് പ്രാദേശികതലത്തിലുള്ള സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽനിന്നുള്ള സഹായം കിട്ടുന്നതിനും വഴിയൊരുങ്ങുമെന്ന് സംസ്ഥാന നോഡൽ ഓഫീസർ ഡോ. യു.ആർ. രാഹുൽ പറഞ്ഞു.

രജിസ്റ്റർചെയ്യപ്പെടാത്ത രോഗി അപൂർവരോഗം ബാധിച്ചയാളാണെന്നു പറഞ്ഞ് ഇനി പിരിവു നടത്താനാകില്ല. അങ്ങനെ പ്രചരിപ്പിച്ചാൽ നിയമനടപടിയിലേക്കു നീങ്ങാൻ ആരോഗ്യവകുപ്പിന് അധികാരവുമുണ്ടാകും.

അപൂർവരോഗികളുടെ എണ്ണം കുറവായതിനാൽ രോഗനിർണയം വൈകാനും ചികിത്സാസൗകര്യങ്ങൾ പരിമിതമാകാനും സാധ്യതയുണ്ട്. സ്പൈനൽ മസ്കുലർ അട്രോഫി, ഡുഷെൻ മസ്കുലർ ഡിസ്ട്രോഫി, ഗോഷെ രോഗം, പോംപെ രോഗം, മ്യൂകോപോളി സാക്കറിഡോസിസ്, ഫിനൈൽ കീറ്റോണ്യൂറിയ തുടങ്ങിയ രോഗങ്ങളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളവ.

# പബ്ലിക് പ്രോസിക്യൂട്ടർ ഗീനാകുമാരിയെ നീക്കി

തിരുവനന്തപുരം: പ്രതിപക്ഷനേതാവ് പിണറായി വിജയന്റെ വീട്ടിൽ പരിശോധനയ്ക്ക് എത്തിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ പ്രതികൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ച പബ്ലിക് പ്രോസിക്യൂട്ടർ ടി. ഗീനാകുമാരിക്കെതിരെ നടപടി. ഗീനാകുമാരിയെ കേസിന്റെ ചുമതലയിൽനിന്ന് ഒഴിവാക്കി ആഭ്യന്തരവകുപ്പ് ഉത്തരവിറക്കി. കേസിൽ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറായി അഡ്വ. പി. സന്തോഷ്കുമാറിനെ നിയമിച്ചു.



പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനത്തുനിന്ന് ഗീനാകുമാരിയെ നീക്കി അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എ.ആർ. ഷാജിക്കു ചുമതല നൽകി. ഷാജിയും കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടയാളാണ്. ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിലെ പ്രതി ഹരീഷ്കുമാറിനു ജാമ്യം കിട്ടാൻ പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന ഗീനാകുമാരി ഒത്തുകളിച്ചെന്ന ആരോപണമുയർന്നിരുന്നു. ഇവരെ കേസിന്റെ ചുമതലയിൽനിന്ന് ഒഴിവാക്കണമെന്നും സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നും അന്വേഷണസംഘംതന്നെ ശിപാർശ ചെയ്തിരുന്നു. സിപിഎം പ്രതിനിധിയായി നിയമിക്കപ്പെട്ട ഗീനാകുമാരിക്ക് ഈ വർഷം ഒക്ടോബർവരെ കാലാവധിയുണ്ട്. കഴിഞ്ഞ 18-ന് പ്രതികളുടെ ജാമ്യത്തെ എതിർത്ത് പോലീസ് റിപ്പോർട്ട് നൽകിയിരുന്നു. ജാമ്യം നൽകാതിരിക്കാൻ 13 കാരണങ്ങളും റിപ്പോർട്ടിലുണ്ടായിരുന്നു. റിപ്പോർട്ട് ഗീനാകുമാരി കോടതിക്ക് കൈമാറിയെങ്കിലും ജാമ്യത്തെ എതിർത്തില്ല. 24-നാണു കേസിൽ വാദംകേട്ടത്. കേസ് ഡയറിയടക്കമുള്ള രേഖ പ്രോസിക്യൂട്ടർ ആവശ്യപ്പെട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥനുമായി ചർച്ച നടത്തിയില്ല. പോലീസ് റിപ്പോർട്ടിന് വിരുദ്ധമായി ജാമ്യം നൽകുന്നത് അന്വേഷണത്തെ ബാധിക്കില്ലെന്നും കസ്റ്റഡി ആവശ്യമില്ലെന്നും നിലപാടെടുത്തതായുമാണ് പരാതി. തുടർന്നാണ് പ്രിൻസിപ്പൽ സെഷൻസ് കോടതി ജാമ്യം അനുവദിച്ചത്. ഇതിന്റെ മറവിൽ മറ്റു പ്രതികൾക്കും ജാമ്യം ലഭിക്കും.

# ബിനോയ് ജോർജ് ഉറുഗ്വേയിലെ അംബാസഡർ

ന്യൂഡൽഹി: തിരുവല്ല സ്വദേശി ഡോ. ബിനോയ് ജോർജിനെ ഉറുഗ്വേയിലെ ഇന്ത്യൻ അംബാസഡറായി നിയമിച്ചു. 2006 ബാച്ച് ഐഎഫ്എസ് ഉദ്യോഗസ്ഥനാണ്. നിലവിൽ ഡൽഹയിലെ വിദേശകാര്യ മന്ത്രാലയം ആസ്ഥാനത്ത് കോൺസുലർ പാസ്പോർട്ട്, വിസ ഡിവിഷനിൽ ജോയിന്റ് സെക്രട്ടറിയാണ്. ഇന്ത്യൻ അഗ്രിക്കൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (ഐഎആർഐ) നിന്നു പ്ലാന്റ് സയൻസിൽ പിഎച്ച്.ഡി പൂർത്തിയാക്കിയ ബിനോയ് ബംഗ്ലാദേശിൽ ഡെപ്യൂട്ടി അംബാസഡറായും ഇറ്റലിയിൽ കോൺസുലർ ജനറലായും സേവനം ചെയ്തിട്ടുണ്ട്. ഡോ. ദീപ ജോർജാണ് ഭാര്യ.

# മോദിക്ക് സെയ്ഷെൽസ് പ്രസിഡന്റിന്റെ ബഹുമതി

വിക്ടോറിയ: സമുദ്രസഹകരണത്തിന്റെ കാതൽ രാജ്യവലിപ്പമല്ല, പരസ്പര ബഹുമാനവും വിശ്വാസവുമാണെന്ന് സെയ്ഷെൽസുമായുള്ള ആഴമേറിയ ബന്ധം അടിവരയിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യൻ മഹാസമുദ്രത്തെ അവസരങ്ങളുടെ മഹാസമുദ്രമാക്കി മാറ്റുകയാണ് ഇന്ത്യയുടെ ലക്ഷ്യമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ത്യൻ മഹാസമുദ്രം നമ്മുടെയെല്ലാവരുടെയും വീടാണ്. അതിന്റെ സുരക്ഷയും സുസ്ഥിരതയും ക്ഷേമവും നമ്മുടെയെല്ലാം കൂട്ട ഉത്തരവാദിത്തമാണ്. ഇന്ത്യയുടെയും സെയ്ഷെൽസിന്റെയും പ്രതിരോധവും സുരക്ഷയും ഇരുവർക്കും ഒരുപോലെ പ്രധാനപ്പെട്ടതാണ്' - അദ്ദേഹം ചൂണ്ടിക്കാട്ടി. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി, വിദേശകാര്യ മന്ത്രാലയം വക്താവ് രൺധീർ ജയ്സ്വാൾ എന്നിവരും മൂന്നുദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രിക്കൊപ്പമുണ്ട്.

മോദിയും സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയും തമ്മിൽ വിവിധ വിഷയങ്ങളിൽ നടത്തിയ വിപുലമായ ചർച്ചകൾക്കു ശേഷം ഇരുപതോളം കരാറുകളിൽ ഒപ്പുവെച്ചു. കുറ്റവാളികളെ നാടുകടത്തി വിചാരണയ്ക്കായി കൈമാറാനുള്ള സഹകരണധാരണ ഉൾപ്പെടെയാണിത്.

സെയ്ഷെൽസ് പ്രസിഡന്റ് നൽകുന്ന പ്രത്യേക ബഹുമതിയായ 'ഗാർഡിയൻ ഓഫ് ദ് ബ്ലൂ ഹൊറൈസൺ' മോദിക്കു സമ്മാനിച്ചു. പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ചാണിത്. മോദിക്ക് ലഭിക്കുന്ന 34-ാമത്തെ വിദേശബഹുമതിയാണിത്.



**പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് 'ഗാർഡിയൻ ഓഫ് ദ് ബ്ലൂ ഹൊറൈസൺ' ബഹുമതി സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനി സമ്മാനിക്കുന്നു.**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 26
June 29, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം


അനീതിയെ നശിപ്പിക്കുക. എന്നാൽ അതിനായി സ്വയം നശിക്കരുത്.

**പ്രേംചന്ദ്**

തേനീച്ചക്കൂട്ടത്തിനു ഗുണകരമല്ലാത്ത ഒന്നും തേനീച്ചയ്ക്കും ഗുണകരമല്ല.

**മാർക്കസ് ഔറേലിയോസ്**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE
PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago


# അധികാരത്തിന്റെ വഴിവിട്ട വൈകൃതങ്ങൾ

കേരളീയ പൊതുസമൂഹം കനത്തുപെയ്യുന്ന കാലവർഷത്തോടൊപ്പം മറ്റൊരു രാഷ്ട്രീയ പെരുമഴയ്ക്കുകൂടി സാക്ഷ്യം വഹിക്കുകയാണ്. ഭരണമാറ്റങ്ങൾ വെറും പേരുകളിൽ മാത്ര മൊതുങ്ങുകയും നടപ്പുരീതികൾ പഴയപടി തുടരുകയും ചെയ്യുന്ന കാഴ്ചയാണ് തിരുവനന്തപുരത്തെ അധികാര ഇടനാഴികളിൽനിന്ന് ഇപ്പോൾ പുറത്തുവരുന്നത്. യുഡിഎഫ് സർക്കാർ അധികാരത്തിലേറി വെറും ഒരു മാസം തികയുന്നതിനിടയിൽതന്നെ ആദ്യത്തെ വലിയ 'മദ്യക്കൊടുങ്കാറ്റ്' വീശിയടിച്ചിരിക്കുന്നു. മുഖ്യമന്ത്രി വി.ഡി. സതീശൻ അവതരിപ്പിച്ച കന്നി ബജറ്റിലെ ഒരു നിർദേശം കേരളത്തെയാകെ ഉലച്ചിരിക്കുകയാണ്. 'വീര്യം കുറഞ്ഞ പുതിയ മദ്യവിഭാഗങ്ങൾക്കായി' നികുതി നിരക്കുകളിൽ വലിയ ഇളവുകൾ പ്രഖ്യാപിച്ച ധനവകുപ്പിന്റെ നടപടി കേവലം ഒരു സാമ്പത്തിക പരിഷ്കരണമല്ല, മറിച്ച് അണിയറയിലെ വൻ അവിശുദ്ധ കൂട്ടുകെട്ടുകളുടെ തെളിവാണ്. മദ്യനയം എന്തായിരിക്കണം എന്ന് യുഡിഎഫ് മുന്നണിയിലോ സ്വന്തം പാർട്ടിയിലോ ഒരു വരി ചർച്ച പോലും നടത്താതെ, എക്സൈസ് മന്ത്രിയെ ഇരുട്ടിൽ നിർത്തിക്കൊണ്ട് ധനവകുപ്പ് എടുത്ത ഈ നികുതി തീരുമാനം ആരെ പ്രീണിപ്പിക്കാനായിരുന്നു?

വിമർശനങ്ങൾ കടുത്തപ്പോൾ 'ഇത് മുൻ എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന നിയമഭേദഗതിക്ക് നികുതി നിശ്ചയിക്കുക മാത്രമാണ് ചെയ്തത്' എന്ന ന്യായീകരണവുമായി മുഖ്യമന്ത്രിയുടെ കേന്ദ്രങ്ങൾ രംഗത്തെത്തുന്നുണ്ട്. എന്നാൽ, അന്ന് പ്രതിപക്ഷ നേതാവായിരുന്നുകൊണ്ട് ഇതേ നീക്കത്തെ കോർപ്പറേറ്റ് പ്രീണനമെന്ന് വിളിച്ച് ആക്ഷേപിച്ച സതീശൻ, ഇന്ന് അധികാരക്കസേരയിൽ ഇരുന്നപ്പോൾ ആ മദ്യമുതലാളിമാരുടെ താല്പര്യങ്ങൾക്ക് ചുവപ്പുനാടയഴിച്ചു നൽകുന്നത് എന്ത് രാഷ്ട്രീയ ധാർമ്മികതയുടെ അടിസ്ഥാനത്തിലാണ്? ഘടകകക്ഷിയായ ലീഗും സ്വന്തം പാർട്ടിയിലെ വി.എം. സുധീരനെപ്പോലുള്ള മുതിർന്ന നേതാക്കളും പരസ്യമായി രംഗത്തുവന്നതോടെ ഒടുവിൽ ഈ നികുതിക്കൊള്ളയിൽനിന്ന് സർക്കാരിന് 'യൂ-ടേൺ' അടിക്കേണ്ടി വന്നിരിക്കുന്നു. ഇത് മുന്നണിയുടെ കെട്ടുറപ്പില്ലായ്മയെയും അധികാര കേന്ദ്രീകരണത്തെയുമാണ് വിരൽചൂണ്ടുന്നത്. മദ്യവിമുക്ത കേരളമെന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്ന് യുഡിഎഫ് വഴുതിപ്പോകുന്നുവോ എന്ന ആശങ്ക ജനങ്ങളിൽ ശക്തമാണ്.

അതേസമയം, കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പിടിച്ചുലച്ച വൻ അഴിമതിക്കഥകളിൽ കേന്ദ്ര ഏജൻസികളുടെ പിടിമുറുക്കലും ജനങ്ങൾ കാണുകയുണ്ടായി. സിഎംആർഎൽ-എക്സാലോജിക് പ്രതിമാസപ്പടി കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ ടി. വീണയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കൊച്ചിയിൽ പത്തു മണിക്കൂറിലധികം ചോദ്യംചെയ്തത് രാഷ്ട്രീയ കേരളം ഉറ്റുനോക്കിയ സംഭവമാണ്. എസ്എഫ്ഐഒ ശേഖരിച്ച 134-ലധികം നിർണ്ണായക രേഖകൾ കോടതി അനുമതിയോടെ കൈപ്പറ്റിയ ശേഷമാണ് ഇഡി വീണയെ വിശദമായി ചോദ്യം ചെയ്തത്. ഒരു സേവനവും നൽകാതെ സിഎംആർഎല്ലിൽ നിന്നും എക്സാലോജിക് കൈപ്പറ്റിയ 2.78 കോടി രൂപ വെറും 'കൺസൾട്ടൻസി ഫീ' ആണെന്ന വാദം അന്വേഷണ ഏജൻസികൾ തള്ളിക്കളയുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കരിമണൽ കമ്പനിക്ക് വഴിവിട്ട് നൽകിയ സഹായങ്ങൾക്കുള്ള പ്രത്യുപകാരമായിരുന്നു ഈ കോടികളെന്നാണ് ഇഡിയുടെ സംശയം. ബാങ്ക് ലോക്കറുകൾ പരിശോധിച്ചും ഡിജിറ്റൽ തെളിവുകൾ നിരത്തിയും നടത്തുന്ന ഈ അന്വേഷണം മുൻ മുഖ്യമന്ത്രിയുടെ കുടുംബത്തിലേക്കും പഴയ ഭരണനേതൃത്വത്തിലേക്കും വിരൽ ചൂണ്ടുമ്പോൾ, ഇടതുപക്ഷത്തിന് തങ്ങളുടെ 'ശുദ്ധ കൈകൾ' എന്ന വാദമുഖം ഇനി ജനങ്ങളോട് പറയാനാവില്ല.

കേരളത്തിലെ ഈ രാഷ്ട്രീയ ചെളിവാരിയെറിയലുകൾക്ക് അപ്പുറം ദേശീയതലത്തിൽ ഭക്തിയുടെയും വിശ്വാസത്തിന്റെയും പേരിൽ നടക്കുന്ന വൻ പകൽക്കൊള്ളയും നാം കാണാതിരുന്നുകൂടാ. അയോധ്യയിലെ രാമക്ഷേത്രവുമായി ബന്ധപ്പെട്ട് ഈയിടെ പുറത്തുവന്ന അഴിമതിക്കഥകൾ ഏതൊരു വിശ്വാസിയുടെയും മനസ്സാക്ഷിയെ ഞെട്ടിക്കുന്നതാണ്. കോടിക്കണക്കിന് ഭക്തർ തങ്ങളുടെ അധ്വാനത്തിൽനിന്നും നൽകിയ കാണിക്ക പണവും സംഭാവനകളും ക്ഷേത്ര ട്രസ്റ്റിന്റെ മറവിൽ കോടികളുടെ അഴിമതിക്കായി വകമാറ്റപ്പെട്ടു എന്ന വാർത്തകൾ പുറത്തുവരുന്നു. സിസിടിവി ക്യാമറകൾ മറച്ചുവെച്ചും കൗണ്ടിങ് സ്റ്റാഫുകൾ പണം ടോയ്‌ലറ്റുകളിൽ ഒളിപ്പിച്ചും കോടിക്കണക്കിന് രൂപ കവർന്ന വിവരമാണ് പുറത്തുവന്നിരിക്കുന്നത്. കേസിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രാഥമിക റിപ്പോർട്ടിന് പിന്നാലെ എട്ടുപേർ അറസ്റ്റിലാവുകയും ഭീമമായ തുക ഇവരുടെ വീടുകളിൽനിന്ന് പിടിച്ചെടുക്കുകയും ചെയ്തു. ഇതിനുപുറമേ ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായ് ഉൾപ്പെടെയുള്ള പ്രമുഖർക്ക് രാജിവേക്കേണ്ടി വന്നു. കേവലം കുറഞ്ഞ മിനിറ്റുകൾക്കുള്ളിൽ രണ്ട് കോടിയുടെ ഭൂമി 18.5 കോടിക്ക് ട്രസ്റ്റിന് മറിച്ചുവിറ്റ ഭൂമി അഴിമതിയുടെ കഥകൾക്ക് പിന്നാലെയാണ് ഇപ്പോൾ ഭണ്ഡാരത്തിൽനിന്നുള്ള ഈ പണം കവർച്ച. ഭഗവാൻ രാമന്റെ പേരിൽ വോട്ട് പിടിക്കുകയും നോട്ടടിക്കുകയും ചെയ്യുന്ന കോമാളികളുടെ തനിനിറമാണ് അയോധ്യയിൽ തെളിയുന്നത്. ആദ്യ മഴയിൽതന്നെ കോടികൾ മുടക്കി പണിത ഗർഭഗൃഹത്തിന്റെ മേൽക്കൂര ചോർന്നൊലിച്ച വാർത്ത നിർമ്മാണത്തിലെ അഴിമതിയുടെ ആഴം വ്യക്തമാക്കുന്നതായിരുന്നു.

അധികാരത്തിന്റെ ഇടനാഴികളിൽ മദ്യലോബികൾക്ക് ചുവപ്പ് പരവതാനി വിരിക്കുന്ന യുഡിഎഫ് ഭരണവും പഴയ മാസപ്പടി കേസുകളിൽ ഇഡിയുടെ ചോദ്യംചെയ്യലിൽ വിയർക്കുന്ന എൽഡിഎഫ് നേതൃത്വവും പുണ്യഭൂമിയിലെ ഭണ്ഡാരപ്പണത്തിൽപോലും കയ്യിട്ടുവാരുന്ന ദേശീയ ഭരണാധികാരികളും വിരൽചൂണ്ടുന്നത് ഒരേയൊരു സത്യത്തിലേക്കാണ് - 'അധികാരവും പണവും കയ്യിലെത്തുമ്പോൾ ജനവിശ്വാസത്തിന് പുല്ലുവില കൽപ്പിക്കുന്ന രാഷ്ട്രീയ വൈകൃതം'. ഈ കൊടിയ വഞ്ചനകൾക്കെതിരെ ജനകീയ വിചാരണയും ജാഗ്രതയും ശക്തമാക്കേണ്ടതുണ്ട്.

# എൽഡിഎഫ് സർക്കാരിന്റെ അവസാന നാളുകളിൽ അനുവദിച്ചു കൊടുത്തത് 22 മദ്യശാലകളെന്ന് രേഖകൾ

തിരുവനന്തപുരം: രണ്ടാം പിണറായി സർക്കാരിന്റെ അവസാന നാളുകളിലും ബാർ ലൈസൻസുകൾ വാരിക്കോരി നൽകിയതായി രേഖകൾ. അവസാന 72 ദിവസം മാത്രം 22 മദ്യശാലകൾക്കാണ് അന്നത്തെ എക്സൈസ് വകുപ്പ് അനുമതി നൽകിയത്. നിയമസഭാ തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലവിൽ വന്ന മാർച്ച് 15-നു തൊട്ടു മുൻപുള്ള ദിവസങ്ങളിൽ 10 മദ്യശാലകളുടെ ലൈസൻസാണ് കൂട്ടത്തോടെ വിതരണം ചെയ്തതെന്നു രേഖകൾ വ്യക്തമാക്കുന്നു.

ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 21 ബാറുകൾക്കും ഒരു ബിയർ-വൈൻ പാർലറിനുമാണ് ലൈസൻസ് നൽകിയത്. ആലപ്പുഴ, കോട്ടയം, പാലക്കാട്, എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട് ജില്ലകളിലായാണു തെരഞ്ഞെടുപ്പിനു തൊട്ടു മുൻപ് പുതിയ മദ്യവിൽപന ശാലകൾ എത്തിയത്. മാർച്ച് അഞ്ചു മുതൽ 15 വരെയുള്ള തീയതികളിലായിരുന്നു ഇതിൽ ഭൂരിഭാഗം ബാറുകളുടെയും ലൈസൻസ് വിതരണം ചെയ്തത്. പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെത്തുടർന്ന് മൂന്നു മദ്യശാലകളുടെ ലൈസൻസ് വിതരണം നടത്തുന്നതു നിർത്തിവെച്ചിരുന്നു. ജനുവരിയിൽ ഒൻപത് ബാർ ലൈസൻസുകളും ഫെബ്രുവരിയിൽ മൂന്നു ബാറുകളുടെ ലൈസൻസുകളും വിതരണം നടത്തിയതായാണ് രേഖകൾ.

കേരളത്തിലാകെ ഇപ്പോൾ 903 ബാറുകളാണ് നിലവിലുള്ളത്. കൂടാതെ 222 ബിയർ-വൈൻ പാർലറുകളുമുണ്ട്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ പഞ്ചനക്ഷത്ര പദവിക്കു മുകളിലുള്ള 29 ബാറുകൾ മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. നിലവാരമില്ലാത്ത ബാറുകൾ അടച്ചുപൂട്ടാൻ ഉമ്മൻ ചാണ്ടി സർക്കാർ തീരുമാനിച്ചതിനു പിന്നാലെ കോൺഗ്രസിലുണ്ടായ തർക്കങ്ങളാണ് പഞ്ചനക്ഷത്ര പദവിക്കു താഴെയുള്ള ബാറുകളുടെ അടച്ചുപൂട്ടലിൽ കലാശിച്ചത്. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ബാറുകൾ നിലവിലുള്ളത്- 211 എണ്ണം. തൃശൂരിൽ 116 ബാറുകളുണ്ട്. കാസർഗോഡ് ജില്ലയിലാണ് കുറവ് ബാറുകളുള്ളത്- 11 എണ്ണം മാത്രം. 512 ത്രീസ്റ്റാറും 308 ഫോർ സ്റ്റാറും 57 ഫൈവ് സ്റ്റാറും 26 ഹെറിറ്റേജ് ഹോട്ടലുകളുമുണ്ട്. യുഡിഎഫ് സർക്കാരിന്റെ പുതിയ മദ്യനയം വരാൻ ഇരിക്കുന്നതേയുള്ളൂ.

മദ്യശാലകളുടെ എണ്ണം കുറയ്ക്കാൻ ഇടയാക്കുന്നത് അടക്കമുള്ള നിർദേശങ്ങളുണ്ടാകുമോ എന്നത് കാത്തിരുന്നു കാണേണ്ടിവരും.

# അക്കാദമിക് സിൻഡിക്കേറ്റിന് സർക്കാർ തുടക്കമിടുന്നു

തിരുവനന്തപുരം: ക്രെഡിറ്റ് ട്രാൻസ്ഫർ ഉൾപ്പെടെയുള്ള ബജറ്റ് പ്രഖ്യാപനങ്ങളിലൂടെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ പരീക്ഷണങ്ങൾക്കൊരുങ്ങി സർക്കാർ. വിദേശത്തേത് ഉൾപ്പെടെ വ്യത്യസ്ത സർവകലാശാലകളിലെ സെമസ്റ്റർ പഠനത്തിലൂടെ പ്രോഗ്രാം പൂർത്തിയാക്കാൻ അവസരമൊരുക്കുന്ന ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിരുന്നു. ഇതു പുനരുജ്ജീവിപ്പിച്ചാണ് ബജറ്റിൽ സെമസ്റ്റർ കേരള പദ്ധതി പ്രഖ്യാപിച്ചത്.

കൂടുതൽ വിദേശ സർവകലാശാലകളിൽനിന്ന് വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുകയും ഇവിടെ നിന്നുള്ള വിദ്യാർത്ഥികളെ വിദേശത്തേക്ക് പഠനത്തിന് അയയ്ക്കാൻ അവസരമൊരുക്കുകയുമാണ് സെമസ്റ്റർ കേരളയുടെ ലക്ഷ്യം.

വിദേശ വിദ്യാർത്ഥികളുടെ വരവ് ക്യാംപസുകളുടെ വൈവിധ്യത്തിനും കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും സഹായകമാകുമെന്നാണ് വിലയിരുത്തൽ. കേരളത്തിലെ സർവകലാശാലകൾ തമ്മിലും പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്കു സെമസ്റ്റർ പഠനമാറ്റം സാധ്യമാകും. എന്നാൽ മാതൃസർവകലാശാലയിൽ തന്നെ പൂർത്തിയാക്കേണ്ട പഠനത്തിന് പരിധി നിശ്ചയിച്ചാകും പദ്ധതി നടപ്പാക്കുക.

സർവകലാശാലാ ഭരണരംഗത്ത് വലിയ മാറ്റത്തിന് വഴിയൊരുക്കുന്ന അക്കാദമിക് സിൻഡിക്കറ്റ് എന്ന ആശയവും പ്രഖ്യാപിച്ചിട്ടുണ്ട്. സിൻഡിക്കറ്റിനു പുറമേ അക്കാദമിക് പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കാൻ മറ്റൊരു സമിതി വേണമെന്നാണ് നിർദേശം.

അക്കാദമിക് കൗൺസിലിന്റെ ഒരു ഉപസമിതിയായി ഇതു മാറും. പിഎച്ച്ഡി രജിസ്ട്രേഷൻ, അദ്ധ്യാപകരുടെ സിലക്ഷൻ, അദ്ധ്യാപക പ്രമോഷൻ, കോഴ്സ് സിലക്ഷൻ എന്നിവയെല്ലാം അക്കാദമിക് സിൻഡിക്കറ്റിന്റെ കീഴിലാക്കാനാണ് തീരുമാനം.

# ഓട്ടൻതുള്ളലിലൂടെ ബോധവൽക്കരണം പകർന്ന് എക്സൈസ് ഉദ്യോഗസ്ഥൻ



കൊച്ചി: ഓട്ടൻതുള്ളലിലൂടെ ആയിരങ്ങളിലേക്ക് ലഹരിവിരുദ്ധ സന്ദേശം പകർന്ന് കൈയടി നേടുകയാണ് മട്ടാഞ്ചേരി എക്സൈസ് റേഞ്ച് ഓഫീസിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വി. ജയരാജ്. ജീവിതത്തിന്റെ സുവർണകാലം മദ്യത്തിനും മയക്കുമരുന്നിനുമായി ഹോമിക്കുന്ന യുവതലമുറയ്ക്കു മുന്നിൽ ജീവിതമാണ് യഥാർത്ഥ ലഹരിയെന്ന് ഓട്ടൻതുള്ളലിലൂടെ ബോധവത്കരിക്കുകയാണ് ഇദ്ദേഹം. കേരളത്തിലുടനീളം 725 വേദികളിൽ ഇതിനകം ഓട്ടൻതുള്ളൽ അവതരിപ്പിച്ചു. തുള്ളലിന്റെ രചനയും ജയരാജ് തന്നെയാണു നിർവഹിക്കുന്നത്.


ലഹരിവിരുദ്ധ ബോധവത്കരണത്തിനായി 2018-ലാണ് ജയരാജ് തുള്ളൽ പഠിച്ചത്. സുഹൃത്തും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടറുമായ കെ.കെ. രമേശന്റെ ഉപദേശത്തെത്തുടർന്ന് വൈകുന്നേരങ്ങളിൽ വയലാർ സന്തോഷിന്റെ ശിക്ഷണത്തിൽ 11 ദിവസംകൊണ്ടാണു ഓട്ടൻതുള്ളൽ പഠിച്ചത്.

എക്സൈസ് വകുപ്പും സംസ്ഥാന വിമുക്തി മിഷനും സംയുക്തമായി 2018 ജൂലൈ 16-ന് ഇടപ്പള്ളി ലുലുമാളിൽ നടത്തിയ ലഹരിവിരുദ്ധ പരിപാടിയിൽ ആദ്യ അരങ്ങേറ്റം. 20 മിനിറ്റ് ഓട്ടൻതുള്ളലും 40 മിനിറ്റ് ലഹരി ബോധവത്കരണ ക്ലാസും അന്നു നടത്തി.

ആദ്യ പരിപാടിയുടെ വൻവിജയം ആത്മവിശ്വാസമേകി. രണ്ടാമത്തെ വേദിയിൽവെച്ച് അന്നത്തെ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് നേരിട്ടെത്തി അഭിനന്ദിക്കുകയുണ്ടായി. 24 വർഷമായി സർവീസിലുള്ള ഇദ്ദേഹം ലഹരി ഉപയോഗത്തെ നർമത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്നതിനൊപ്പം ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസും നടത്തുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബുകൾ എന്നിവിടങ്ങളിലൊക്കെയാണ് തുള്ളൽ അവതരിപ്പിക്കുന്നത്. മേക്കപ്പിനും വസ്ത്രം ധരിപ്പിക്കാനുമൊക്കെയായി സിവിൽ എക്സൈസ് ഓഫീസർമാരായ ജി. ജ്യോതിഷ്, ശരത്മോൻ എന്നിവരും ഒപ്പമുണ്ടാകും. ഇവരുടെ അഭാവത്തിൽ ഭാര്യയും മകനും സഹോദരനും സഹായികളാകും. തികച്ചും സൗജന്യമായിട്ടാണു പരിപാടി അവതരിപ്പിക്കുന്നത്.

കോവിഡ് കാലത്ത് ആരോഗ്യവകുപ്പിനുവേണ്ടി കോവിഡ് 19 എന്നൊരു ഓട്ടൻതുള്ളൽ വീഡിയോ ചെയ്തു. ഒരു ഭക്തിഗാനവും രണ്ട് കവിതകളും എക്സൈസ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതഗാനവും ജയരാജിന്റെ രചനയിൽ പുറത്തിറങ്ങി. ചേർത്തല കഞ്ഞിക്കുഴി നികർത്ത് വെളിയിൽ ജയരാജിന് പിന്തുണയായി ഭാര്യ വിദ്യയും മക്കളായ ഗോകുൽ രാജും ജാനകിയും എപ്പോഴും കൂടെയുണ്ട്.





# IPC SOUTH FLORIDA, INC.

## WE ARE SEEKING A FULL-TIME LEAD PASTOR POSITION AVAILABLE AS SOON AS POSSIBLE

### QUALIFICATIONS

Ordained minister in good standing in a recognized Pentecostal body.

Deep commitment to preach and teach sound Pentecostal doctrines and offer pastoral care with a desire for church growth.

At least 10 years of verifiable experience as a minister, preferably 5 years in North America.

Recognized Bachelor's degree in Bible/Theology/Ministry. Advanced theological degree/s and/or ministerial experience assisting reputable senior pastors will count partially to fulfill the required years of experience.

Prefer a person around 45 years of age.

Able to communicate and preach proficiently in English and Malayalam

Must be a citizen or legal permanent resident of the United States.

**Send inquiries and letter of interest with resume including references and photo no later than June 30, 2026 to:**

**ipcsflsearch@gmail.com**




# രാഷ്ട്രീയം, മാധ്യമപ്രവർത്തനം എന്നിവയ്ക്ക് കേന്ദ്രത്തിന്റെ കടിഞ്ഞാൺ

ന്യൂഡൽഹി: മതപരിവർത്തനം മാത്രമല്ല, രാഷ്ട്രീയ ആവിഷ്കാരങ്ങൾ, മാധ്യമ പ്രവർത്തനം, സമൂഹമാധ്യമങ്ങൾ എന്നിവയ്ക്കുകൂടി കർശന നിയന്ത്രണവും നടപടികളും എഫ്സിആർ നിയമ ഭേദഗതിയിൽ. 2011-ലെ വിദേശ സംഭാവന നിയന്ത്രണ നിയമങ്ങൾ ഭേദഗതി ചെയ്തു കേന്ദ്ര ആഭ്യന്തരമന്ത്രാലയം പുറത്തിറക്കിയ പുതിയ ഗസറ്റ് വിജ്ഞാപനത്തിലെ നിയന്ത്രണങ്ങളിൽ ചിലതെങ്കിലും ഭരണഘടനയുടെ മൗലികാവകാശങ്ങളിലേക്കുള്ള കടന്നുകയറ്റമാകും.

രാഷ്ട്രീയ ഉള്ളടക്കത്തിനും പ്രവർത്തനങ്ങൾക്കുമുള്ള വിലക്ക്, സമൂഹമാധ്യമ അക്കൗണ്ടുകളുടെ നിർബന്ധിത പ്രഖ്യാപനം, വാർത്തകൾ അല്ലെങ്കിൽ കറന്റ് അഫയേഴ്സ് ഉള്ളടക്കം നിർമിക്കുന്നതിനോ പ്രക്ഷേപണം ചെയ്യുന്നതിനോ പ്രസിദ്ധീകരിക്കുന്നതിനോ ഉള്ള വിലക്ക്, നിർദിഷ്ട പ്രവർത്തനങ്ങൾക്കും ഭൂമിശാസ്ത്ര മേഖലകൾക്കുമുള്ള നിയന്ത്രണം, വർധിച്ച പിഴത്തുകകൾ തുടങ്ങിയവയാണു പുതിയ ഭേദഗതിയിലെ ശ്രദ്ധേയ മാറ്റങ്ങൾ.

വിദേശ പൗരന്മാരുടെ വിലക്കും വർധിച്ച പിഴശിക്ഷകളും മുതൽ വിദേശത്തുനിന്നുള്ള പണദാതാക്കളുടെ സുതാര്യതയും ഫണ്ട് അയയ്ക്കുന്ന സംവിധാനങ്ങൾ വരെയുള്ള പലതും വേറെയുമുണ്ട്. 2010-ലെ എഫ്സിആർഎ നിയമങ്ങളിലെ പത്താമത്തെ ഭേദഗതിയാണിത്. വിദേശ സംഭാവനകൾ സ്വീകരിക്കുന്ന എൻജിഒകൾക്കു കർശനമായ സുതാര്യത, ഉത്തരവാദിത്വം, പ്രവർത്തന നിയന്ത്രണങ്ങൾ എന്നിവയാണു പുതിയ ഭേദഗതിയിലെ പ്രത്യേകതകൾ.

എഫ്സിആർഎ രജിസ്ട്രേഷനോ നിലവിലുള്ളത് പുതുക്കാനോ ശ്രമിക്കുന്ന എൻജിഒകൾ അവരുടെ സമൂഹമാധ്യമ അക്കൗണ്ടുകളുടെയും വെബ്സൈറ്റുകളുടെയും വിശദാംശങ്ങൾ അപേക്ഷയിൽ വെളിപ്പെടുത്തണം. അസോസിയേഷനോ അതിന്റെ പ്രധാന പ്രവർത്തകരോ ആ വർഷത്തിൽ ഏതെങ്കിലും പുസ്തകങ്ങൾ, മാസികകൾ അല്ലെങ്കിൽ പത്രലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും പ്രഖ്യാപിക്കണം.


വിദേശ സംഭാവനകൾ സ്വീകരിക്കുന്ന എൻജിഒകൾക്കു വാർത്തകൾ അല്ലെങ്കിൽ കറന്റ് അഫയേഴ്സ് ഉള്ളടക്കം നിർമിക്കുന്നതിനോ പ്രക്ഷേപണം ചെയ്യുന്നതിനോ പ്രസിദ്ധീകരിക്കുന്നതിനോ വിലക്കുണ്ട്.

എൻജിഒകൾക്ക് പൊതുവായ അനുമതി ഇനി ലഭിക്കില്ല. നിയമങ്ങളിലെ മുൻനിശ്ചയിച്ച ഷെഡ്യൂളിൽനിന്ന് അവർ ഇപ്പോൾ അവരുടെ ലക്ഷ്യങ്ങളും പ്രവർത്തനസംസ്ഥാനങ്ങളും തെരഞ്ഞെടുക്കണം. ഈ വിശദാംശങ്ങൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ അച്ചടിക്കും. 2026-ന് മുമ്പ് രജിസ്റ്റർ ചെയ്ത നിലവിലുള്ള എൻജിഒകൾക്ക് അവരുടെ ഉദ്ദേശ്യങ്ങളും സംസ്ഥാനങ്ങളും ഒരു വർഷത്തിനകം അപ്ഡേറ്റ് ചെയ്ത് കേന്ദ്രസർക്കാരിനെ അറിയിക്കണം. ഏതെങ്കിലും സംസ്ഥാനങ്ങളിലേക്കോ ഉദ്ദേശ്യങ്ങളിലേക്കോ പ്രവർത്തനം വ്യാപിപ്പിക്കണമെങ്കിലും ഓരോന്നിനും 300 രൂപ വീതം അധികഫീസ് ഈടാക്കും.

വിദേശഫണ്ട് സ്വീകരിക്കുന്ന സന്നദ്ധ സംഘടനകളുടെയും അസോസിയേഷനുകളുടെയും രാഷ്ട്രീയപ്രവർത്തനങ്ങളെ പുതിയ നിയമങ്ങൾ വ്യക്തമായി ഒഴിവാക്കുന്നു.

വിദ്യാഭ്യാസമേഖലയിൽ 22 പ്രവർത്തനങ്ങളെ പട്ടികപ്പെടുത്തുന്നുണ്ടെങ്കിലും കർശനമായി രാഷ്ട്രീയേതര സ്വഭാവം എന്ന വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്.

## അഡ്വ. ജോസഫ് ഐക്കരേത്ത് ഹൂസ്റ്റണിൽ അന്തരിച്ചു



ഹൂസ്റ്റൺ: കീഴൂർ ഐക്കരേത്ത് പരേതരായ ചാണ്ടിയുടെയും അച്ചാമ്മയുടെയും മകൻ അഡ്വ. ജോസഫ് ഐക്കരേത്ത് (82) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ ലീലാമ്മ കുറുപ്പന്തറ കച്ചോലകാലായിൽ കുടുംബാംഗമാണ്. **മക്കൾ:** അലക്സ് & ക്രിസ്റ്റി (ഹൂസ്റ്റൺ), ആൽബി & അനിറ്റ കൊച്ചുവേലിക്കകം (ഹൂസ്റ്റൺ). **കൊച്ചുമക്കൾ:** ജോസഫ്, എസക്കിയേൽ, ഹേസൽ. **സഹോദരങ്ങൾ:** ജൂലിയ ഐക്കരേത്ത്, കുര്യൻ ഐക്കരേത്ത്, ലീലാമ്മ തയ്യിൽ, ത്രേസ്യാമ്മ കണ്ണാശ്ശേരിൽ, മേരി വെട്ടംതടത്തിൽ, സെലിൻ പുന്നച്ചാലിൽ, ചിന്നമ്മ ഐക്കരേത്ത്, ഫിലോമിന തെക്കേക്കര, തോമസ് ഐക്കരേത്ത് (എല്ലാവരും ഹൂസ്റ്റണിൽ). പരേതരായ കോര ഐക്കരേത്ത്, പെണ്ണമ്മ കൂന്നാംപടവിൽ.

സംസ്കാര ശുശ്രൂഷകൾ ജൂലൈ 5, 6 (ഞായർ, തിങ്കൾ) തീയതികളിൽ മിസ്സൂറി സിറ്റിയിലുള്ള സെന്റ് ജോസഫ്സ് സീറോമലബാർ കാത്തലിക് പളളിയിൽ വെച്ച് (211 Present St. Missouri City, TX 77489) നടത്തപ്പെടും, ജൂലൈ 5-ന് ഞായറാഴ്ച വൈകുന്നേരം 6 മണി മുതൽ 9 മണി വരെ പൊതുദർശനം. ജൂലൈ 6-ന് തിങ്കളാഴ്ച രാവിലെ 9.30-ന് ദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷകളും. 12 മണിക്ക് സൗത്ത് പാർക്ക് സെമിത്തേരിയിൽ (1310 North Main St. Pearland, TX 77581) സംസ്കാരം നടക്കും.

ചിക്കാഗോയിലെ ആദ്യകാല മലയാളികളിൽ വക്കീൽ ജോസ് എന്നാണ് പരേതൻ അറിയപ്പെട്ടിരുന്നത്. 1978-1982 കാലയളവിൽ ചിക്കാഗോ മലയാളി അസോസിയേഷന്റെ സജീവ പ്രവർത്തകനായിരുന്നു. പിന്നീട് ഹൂസ്റ്റണിലേക്ക് താമസം മാറ്റി. 1986-ൽ നാട്ടിലേക്ക് മടങ്ങി 2012-ൽ ഹൂസ്റ്റണിൽ മടങ്ങിയെത്തി വിശ്രമജീവിതം നയിച്ചുവരികയായിരുന്നു അഡ്വ. ജോസഫ് ഐക്കരേത്ത്.

## സൗദിയിൽ ഇനി വിദേശികൾക്കും സ്വത്ത് വാങ്ങാം

റിയാദ്: പ്രവാസികൾക്ക് രാജ്യത്ത് സ്വത്തു വാങ്ങാൻ അനുവദിക്കുന്ന നിയമത്തിനു സൗദി മന്ത്രിസഭ അംഗീകാരം നൽകി. വിദേശികളായ വ്യക്തികൾക്കും കമ്പനികൾക്കും സൗദി അറേബ്യയിൽ സ്വത്തുടമകളാകാൻ ഇതു വഴി അവസരമൊരുങ്ങും.

പുതിയ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴിയാണ് ഇതിന് അപേക്ഷിക്കേണ്ടത്. നിക്ഷേപം വർധിപ്പിക്കാനും റിയൽ എസ്റ്റേറ്റ് വിപണിയുടെ കാര്യക്ഷമത ഉയർത്താനും ലക്ഷ്യമിട്ടുള്ള പുതിയ റിയൽ എസ്റ്റേറ്റ് ഉടമസ്ഥതാ സംവിധാനത്തിന്റെ ഭാഗമായാണ് നിയമം നിർമിച്ചത്.

രാജ്യത്തിന്റെ റിയൽ എസ്റ്റേറ്റ് മേഖലയെ കൂടുതൽ അന്താരാഷ്ട്ര പങ്കാളിത്തത്തിനായി തുറന്നുകൊടുക്കാനുള്ള സൗദിയുടെ സുപ്രധാന ചുവടുവെപ്പായാണ് നിയമത്തെ വിലയിരുത്തുന്നത്. നിശ്ചിത മാനദണ്ഡങ്ങളും ഭൂമിശാസ്ത്രപരമായ പരിധികളും അനുസരിച്ചായിരിക്കും വിദേശികൾക്ക് സൗദിയിൽ സ്വത്ത് സ്വന്തമാക്കാനാകുക. മക്കയിലും മദീനയിലും സ്വത്തവകാശം പ്രത്യേക ചട്ടങ്ങൾക്കു കീഴിലായിരിക്കും. ഈ രണ്ടു നഗരങ്ങളിലെ റിയൽ എസ്റ്റേറ്റ് ഉടമസ്ഥാവകാശം എല്ലാവർക്കും ലഭ്യമാകില്ല. ഇവിടങ്ങളിൽ പ്രത്യേക മാനദണ്ഡങ്ങളുണ്ടാകും.

ജനുവരിയിൽ നിലവിൽവന്ന 'സൗദി പ്രോപ്പർട്ടീസ് പോർട്ടൽ' വഴി പ്രവാസികളുടെ റിയൽ എസ്റ്റേറ്റ് ഉടമസ്ഥാവകാശ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയതായി സൗദി റിയൽ എസ്റ്റേറ്റ് ജനറൽ അതോറിറ്റി അറിയിച്ചു. ഈ പോർട്ടൽ വഴി സൗദി അറേബ്യയ്ക്കകത്തും പുറത്തുമുള്ള വിദേശികൾക്ക് എല്ലാ നിയമനടപടികളു ഓൺലൈനായി പൂർത്തിയാക്കാനും സാധിക്കും. ഇഖാമ നമ്പർ ഉപയോഗിച്ചാണ് അപേക്ഷിക്കേണ്ടത്. അർഹതാ പരിശോധനയും മറ്റ് നടപടിക്രമങ്ങളും ഡിജിറ്റൽ സംവിധാനത്തിലൂടെയാണ് പൂർത്തിയാക്കുക. വിദേശത്തുള്ള സൗദി നയതന്ത്ര ദൗത്യങ്ങൾ മുഖേന ഡിജിറ്റൽ ഐഡന്റിറ്റി കാർഡ് ലഭിച്ച ശേഷമായിരിക്കണം രാജ്യത്തിന് പുറത്തുള്ള അപേക്ഷകർ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടത്. സൗദി അറേബ്യയിൽ നിലവിൽ സാന്നിധ്യമില്ലാത്ത വിദേശ കമ്പനികളും സ്ഥാപനങ്ങളും ആദ്യം നിക്ഷേപ മന്ത്രാലയത്തിൽ 'ഇൻവെസ്റ്റ് സൗദി' പ്ലാറ്റ്ഫോം വഴി രജിസ്റ്റർ ചെയ്യണം. തുടർന്നു ലഭിക്കുന്ന നാഷണൽ യൂണിഫൈഡ് നമ്പർ വഴിയാണ് സ്വത്ത് ഉടമസ്ഥാവകാശ നടപടികൾ പൂർത്തിയാക്കേണ്ടത്. നിയമം പ്രാബല്യത്തിൽവരുന്ന തീയതി മുതൽ 180 ദിവസത്തിനകം എക്സിക്യൂട്ടീവ് ചട്ടങ്ങളും ഭൂമിശാസ്ത്ര മേഖലകളുടെ ഔദ്യോഗിക രേഖയും പുറത്തിറക്കാനാണ് തീരുമാനം.

## ബിശ്വനാഥ് സിൻഹ ചീഫ് സെക്രട്ടറി

തിരുവനന്തപുരം: കേരളത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹയെ നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

നിലവിലെ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് 30-ന് വിരമിക്കുന്ന ഒഴിവിലാണ് നിയമനം. 1991 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനാണ് സിൻഹ.

നിലവിൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ് സിൻഹ. ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ ഉൾപ്പെടെയുള്ളവരുടെ പേരുകൾ പരിഗണിക്കപ്പെട്ടെങ്കിലും, ഒടുവിൽ ബിശ്വനാഥ് സിൻഹയിലേക്ക് സർക്കാർ എത്തുകയായിരുന്നു.

ബിഹാർ സ്വദേശിയായ സിൻഹയ്ക്ക് 2028 വരെ സർവീസ് കാലാവധിയുണ്ട്. ആഭ്യന്തരവകുപ്പിനു പറമെ ഐ.ടി, ധനകാര്യം, നികുതി, സൈനികക്ഷേമം, തദ്ദേശഭരണം തുടങ്ങി വിവിധ വകുപ്പുകളിൽ നിർണായക ചുമതലകൾ വഹിച്ചിട്ടുണ്ട്. എം. ശിവശങ്കറിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഐടി വകുപ്പിൽ നിയമിച്ചത് സിൻഹയെ ആണ്. ഭരണപരിഷ്കാരങ്ങളിലും അച്ചടക്ക നടപടികളിലും കടുത്ത നിലപാടുകൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥനായാണ് സിൻഹ അറിയപ്പെടുന്നത്.







ST.THOMAS SYRO-MALABAR
CATHOLIC EPARCHY OF CHICAGO
SYRO-MALABAR
Jubilee Convention
JULY 09 -12
2026
MCCORMIC PLACE
CHICAGO
WWW.SYROCONVENTION.ORG

# പദ്മ അവാർഡുകൾ സമ്മാനിച്ചു

ന്യൂഡൽഹി: മലയാളത്തിന് അഭിമാനമായി മെഗാസ്റ്റാർ മമ്മൂട്ടി അടക്കമുള്ളവർ രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് പദ്മ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. സുപ്രീംകോടതി മുൻ ജസ്റ്റിസ് കെ.ടി. തോമസ്, ജന്മഭൂമി പത്രത്തിന്റെ സഹസ്ഥാപകനും മുഖ്യപത്രാധിപരുമായിരുന്ന പി. നാരായണൻ എന്നിവർ പദ്മവിഭൂഷണും നടൻ മമ്മൂട്ടിയും എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും പദ്മഭൂഷണും സ്വീകരിച്ചു.

മോഹിനിയാട്ടം കലാകാരി കലാമണ്ഡലം വിമല മേനോൻ, ബഹിരാകാശ ശാസ്ത്രജ്ഞൻ ഡോ. എ.ഇ. മുത്തുനായകം, പരിസ്ഥിതി സംരക്ഷണത്തിനായി യത്നിച്ച കായംകുളം കണ്ടല്ലൂർ കൊല്ലകർ ദേവകിയമ്മ എന്നിവരും കേരളത്തിൽ ജനിച്ച ബനാറസ് ഹിന്ദു സർവകലാശാലയിലെ മുൻ ഡീനും എമെരിറ്റസ് പ്രഫസറുമായ എൻ. രാജം എന്നിവരും പത്മശ്രീ പുരസ്കാരം ഏറ്റുവാങ്ങി. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി. നാരായണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, അമിത് ഷാ അടക്കമുള്ള കേന്ദ്രമന്ത്രിമാർ, സ്പീക്കർ ഓം ബിർള തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്തു.

മമ്മൂട്ടി പുരസ്കാരം ഏറ്റുവാങ്ങിയപ്പോൾ മകനും നടനുമായ ദുൽഖർ സൽമാൻ സദസിലിരുന്ന് നിറചിരിയോടെ കൈയടിച്ചു. മമ്മൂട്ടിയുടെ സുഹൃത്തുക്കളും നിർമ്മാതാക്കളായ ആന്റോ ജോസഫ്, എസ്. ജോർജ് എന്നിവരും ചടങ്ങിനു സാക്ഷികളായി. 1998-ൽ പദ്മശ്രീ നല്കി ആദരിച്ച മമ്മൂട്ടിക്ക് 28 വർഷങ്ങൾക്കു ശേഷമാണ് പദ്മഭൂഷൺ ലഭിച്ചത്. മികച്ച നടനുള്ള മൂന്ന് ദേശീയ പുരസ്കാരങ്ങളും പത്ത് സംസ്ഥാന അവാർഡുകളും ഇതിനിടെ മമ്മൂട്ടി നേടി.

ഝാർഖണ്ഡ് മുൻമുഖ്യമന്ത്രി ഷിബു സോറൺ, ഉത്തരഖാണ്ഡ് മുൻ മുഖ്യമന്ത്രി ഭഗത് സിംഗ് കോഷിയാരി, ഡൽഹിയിലെ മുതിർന്ന ബിജെപി നേതാവ് വി.കെ. മൽഹോത്ര എന്നിവർക്ക് മരണാനന്തര ബഹുമതിയായാണ് പദ്മഭൂഷൺ സമ്മാനിച്ചത്. കോട്ടക് മഹീന്ദ്ര ബാങ്ക് സ്ഥാപകൻ ഉദയ് കോട്ടക്, ഗായിക അൽക യാഗ്നിക്, പരസ്യ മേഖലയിലെ ഇതിഹാസമായിരുന്ന പീയൂഷ് പാണ്ഡെ തുടങ്ങി 18 പേർക്കും പദ്മഭൂഷൺ നല്കി. ക്രിക്കറ്റ് താരങ്ങളായ രോഹിത് ശർമ, ഹർമൻപ്രീത് കൗർ, ടെന്നീസ് താരം വിജയ് അമൃത് രാജ്, ഹോക്കി താരം സവിത പുനിയ, പാരാലിംപിക്സ് സ്വർണമെഡൽ ജേതാവ് പ്രവീൺ കുമാർ, കർണാടക സംഗീതജ്ഞരായ ഗായത്രി ബാലസുബ്രഹ്മണ്യം, രഞ്ജിനി ബാലസുബ്രഹ്മണ്യം, മുൻ കേന്ദ്ര ആഭ്യന്തര അണ്ടർ സെക്രട്ടറി ആർ.വി.എസ്. മണി തുടങ്ങി 13 പേർ പദ്മശ്രീ പുരസ്കാരങ്ങൾ രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങി.





പദ്മവിഭൂഷൺ പുരസ്കാരം മുൻ ജസ്റ്റിസ് കെ.ടി. തോമസും പദ്മഭൂഷൺ പുരസ്കാരം എസ്എൻഡിപി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് സ്വീകരിക്കുന്നു.



പദ്മഭൂഷൺ പുരസ്കാരം സ്വീകരിച്ചശേഷം നടൻ മമ്മൂട്ടിയും മകൻ ദുൽഖർ സൽമാനും പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചപ്പോൾ.

## മെഡിസെപ്: 13 അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ

കോട്ടയം: വാഹനാപകടം, ഹൃദയാഘാതം, വീഴ്ച, പാമ്പുകടി തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ മെഡിസെപ് ഇൻഷ്വറൻസ് ഉള്ളവർക്ക് എംപാനൽ പട്ടികയിൽ ഇല്ലാത്ത ആശുപത്രികളിലും ചികിത്സ തേടാമെന്ന് സർക്കാർ ഉത്തരവ്. 13 അടിയന്തര സാഹചര്യങ്ങളിൽ ഇത്തരം ക്ലെയിം ഇനി അനുവദിക്കും.പക്ഷാഘാതം, ആക്രമണം അല്ലെങ്കിൽ മൂർച്ചയില്ലാത്ത വസ്തുക്കൾ കൊണ്ടുള്ള ആഘാതം, മൃഗങ്ങളുടെ ആക്രമണം, വെള്ളത്തിൽ മുങ്ങൽ, തൂങ്ങൽ, വിഷബാധ, വൈദ്യുതാഘാതം, സൂര്യാഘാതം, പൊള്ളൽ, അജ്ഞാത ജീവികളുടെ കടി എന്നിവയാണ് മറ്റ് അടിയന്തര സാഹചര്യങ്ങൾ. എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ ഫെബ്രുവരി ഒന്നിനുശേഷം മേൽസാഹചര്യങ്ങളിൽ ചികിത്സ തേടിയവർക്ക് ക്ലെയിം ലഭ്യമാകും. ഡിസ്ചാർജ് തീയതി മുതൽ 30 ദിവസത്തിനുള്ളിൽ മെഡിസെപ് പോർട്ടൽ വഴി അപേക്ഷ നല്കണം. തുക തിരികെ ലഭിക്കാൻ അർഹതയുണ്ടെങ്കിൽ സമർപ്പിക്കേണ്ട മറ്റു രേഖകളുടെ വിവരങ്ങളും അവ നല്കേണ്ട വിലാസവും ഇ-മെയിൽ വഴി ലഭിക്കും. രേഖകൾ അംഗീകരിച്ചാൽ ക്ലെയിം തുക ഇൻഷ്വറൻസ് കമ്പനി അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കും. അപേക്ഷ നിരസിച്ചാൽ ആ വിവരവും ഇ-മെയിൽ വഴി അറിയിക്കുമെന്നും ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ് വകുപ്പ്) അഡീഷണൽ സെക്രട്ടറി വി. അജയകുമാറിന്റെ ഉത്തരവിലുണ്ട്.

## നഗരങ്ങളിൽ ഭക്ഷ്യവിള കൃഷിക്ക് പുതിയ മാതൃകയുമായി സർക്കാർ

തിരുവനന്തപുരം: നഗരവൽക്കരണം അതിവേഗം മുന്നേറുകയും കൃഷിഭൂമി ചുരുങ്ങുകയും ചെയ്യുന്ന സാഹചര്യത്തിൽ നഗരങ്ങളിൽ ഭക്ഷ്യവിള കൃഷി വ്യാപിപ്പിക്കാൻ പുതിയ മാതൃകയുമായി സർക്കാർ. സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ കൃഷിക്കായി പ്രയോജനപ്പെടുത്തുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഫാമിങ് (സ്ഥാപനാധിഷ്ഠിത കൃഷി) പദ്ധതിയുടെ സാധ്യതകൾ പഠിക്കാൻ വിദഗ്ധ സമിതിയെ കൃഷി വകുപ്പ് നിയോഗിച്ചു. മൂന്ന് മാസത്തിനകം റിപ്പോർട്ട് നൽകും. ഇതിനുശേഷം തുടർനടപടി സ്വീകരിക്കുമെന്ന് മന്ത്രി ടി. സിദ്ദിഖ് പറഞ്ഞു.

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ നഗരജനസംഖ്യ 47.7 ശതമാനമാണ്. എന്നാൽ, 20-21 ലക്ഷം ഹെക്ടർ കൃഷിഭൂമിയിൽ 90 ശതമാനത്തിലധികവും ഗ്രാമപ്രദേശങ്ങളിലാണ്. ഈ സാഹചര്യത്തിലാണ് നഗരങ്ങളിൽ ലഭ്യമായ പരിമിതമായ ഭൂമി കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി പച്ചക്കറി, പഴവർഗങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ ഉൽപാദനം വർധിപ്പിക്കാൻ സർക്കാർ പദ്ധതി തയാറാക്കുന്നത്. ടെറസ് ഫാമിങ്, വെർട്ടിക്കൽ ഫാമിങ്, ഹൈഡ്രോപോണിക്സ്, ഗ്രോ ബാഗ് കൃഷി തുടങ്ങിയ ആധുനിക നഗര കൃഷി രീതികൾ വ്യാപകമാക്കാനുള്ള സാധ്യതകളും വിദഗ്ധസമിതി പരിശോധിക്കും.

## ജോർജ് കുര്യൻ മന്ത്രിസ്ഥാനം രാജിവെച്ചു

ന്യൂഡൽഹി: കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ മന്ത്രിസ്ഥാനം രാജിവെച്ചു. രാജ്യസഭാ കാലാവധി പൂർത്തിയായതിനു പിന്നാലെയാണ് രാജി. മധ്യപ്രദേശിൽ നിന്നു രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജോർജ് കുര്യനെ ഇക്കഴിഞ്ഞ രാജ്യസഭാ തെരഞ്ഞെടുപ്പിൽ ബിജെപി നാമനിർദ്ദേശം ചെയ്തിരുന്നില്ല. ഇതോടെയാണ് മൂന്നാം മോദി സർക്കാരിൽ ന്യൂനപക്ഷം, ഫിഷറീസ്, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ സഹമന്ത്രിയായിരുന്ന ജോർജ് കുര്യൻ രാഷ്ട്രപതി ദ്രൗപതി മുർമുവിന് രാജി സമർപ്പിച്ചത്.







# സമുദായ ശാക്തീകരണത്തിന് എസ്.എം.സി.സി. നേതൃത്വം നല്കണം: മാർ ജോയ് ആലപ്പാട്ട്






ഫിലാഡൽഫിയ: അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ ശാക്തീകരണത്തിന് സീറോമലബാർ കത്തോലിക്കാ കോൺഗ്രസ് (എസ്എംസിസി) നേതൃത്വം നല്കണമെന്ന് രൂപത ബിഷപ് മാർ ജോയ് ആലപ്പാട്ട് ആഹ്വാനം ചെയ്തു. എസ്എംസിസിയുടെ പുതിയ ദേശീയ സമിതിയുടെ പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മാർ ആലപ്പാട്ട്. എസ്എംസിസിയുടെ പ്രവർത്തനങ്ങൾ രൂപതാതലത്തിൽ കൂടുതൽ വ്യാപിപ്പിക്കണമെന്നും മാർ ജോയ് ആലപ്പാട്ട് ആർട്ടിഫിഷ്യൻ ഇന്റലിജൻസിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന ഈ

**ഷോളി കുമ്പിളുവേലി**

കാലഘട്ടത്തിൽ മനുഷ്യന്റെ തൊഴിൽ, ധാർമ്മികത, അന്തസ് എന്നിവയിൽ ഇവ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി വിശ്വാസികളെ പ്രബുദ്ധരാക്കണമെന്നും അതിനായി ലിയോ പതിനാലാമൻ മാർ പാപ്പയുടെ ആദ്യചാക്രിക ലേഖനമായ 'മാഗ്നിഫിക്ക ഹ്യൂമാനിറ്റീസ്' വിശ്വാസികൾക്കിടയിൽ പഠനവിഷയമാക്കണമെന്നും മാർ ആലപ്പാട്ട് ഉദ്ബോധിപ്പിച്ചു. പുതിയ ഭാരവാഹികൾ രൂപതാദ്ധ്യക്ഷൻ ബിഷപ് ജോയ് ആലപ്പാട്ടിനു മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്വം ഏറ്റെടുത്തു.

ഫിലാഡൽഫിയ സെയിന്റ് തോമസ് സീറോമലബാർ ഫൊറോന ദേവാലയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ എസ്എംസിസി പ്രസിഡണ്ട് ജോർജ് വി. ജോർജ് അദ്ധ്യക്ഷത വഹിച്ചു. ഫിലാഡൽഫിയ ഫൊറോന ഇടവക വികാരി റവ.ഫാ. ജോർജ് ദാനവേലിൽ, സ്ഥാപകനേതാക്കളും മുൻ പ്രസിഡണ്ടുമാരുമായ ഡോ. ജെയിംസ് കുറിച്ചി, ജോർജ് മാത്യു സിപിഎ, എസ്എംസിസി ജനറൽ സെക്രട്ടറി ഷോളി കുമ്പിളുവേലി, ജോയിന്റ് സെക്രട്ടറി ജോജോ കോട്ടൂർ, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോസ് തോമസ്, ഷൈജു കളത്തിൽ, റ്റീനോ തോമസ്, റീജണൽ കോ-ഓർഡിനേറ്റർ റോഷിൻ പ്ലാമൂട്ടിൽ, ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ തുടങ്ങിയവർ സംസാരിച്ചു.

തദവസരത്തിൽ നവീകരിച്ച എസ്എംസിസി വെബ്സൈറ്റിന്റെ ഉദ്ഘാടനവും മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു.

# പാസ്പോർട്ട് പൗരത്വ രേഖയല്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: പൗരത്വം തെളിയിക്കാനുള്ള രേഖയല്ല പാസ്പോർട്ടെന്നും അത് യാത്രാരേഖ മാത്രമാണെന്നും വിദേശകാര്യ മന്ത്രാലയം. സമഗ്ര വോട്ടർപട്ടിക പരിഷ്കരണവും പൗരത്വം തെളിയിക്കുന്ന രേഖകളും സംബന്ധിച്ച ചർച്ചകൾ തുടരുന്നതിനിടെയാണ് വിശദീകരണം. ബയോമെട്രിക് ഡേറ്റയുള്ള ഇ-ചിപ്പ് ഘടിപ്പിച്ചതോടെ ഇന്ത്യൻ പാസ്പോർട്ടിന് രാജ്യാന്തര തലത്തിൽ കൂടുതൽ സ്വീകാര്യതയുണ്ടെന്നും തട്ടിപ്പിനുള്ള സാദ്ധ്യത കുറഞ്ഞെന്നും അധികൃതർ വ്യക്തമാക്കി.

2025 മേയിലാണ് പുതിയ ഇ-പാസ്പോർട്ട് ലഭ്യമാക്കി തുടങ്ങിയത്. 1.47 കോടി ഇ-പാസ്പോർട്ടുകൾ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി. ഇന്ത്യൻ പാസ്പോർട്ട് ഉപയോഗിച്ച് 27 രാജ്യങ്ങളിൽ വിസയില്ലാതെ യാത്ര ചെയ്യാം. 66 രാജ്യങ്ങൾ ഇന്ത്യക്കാർക്ക് ഇ-വിസയും 47 രാജ്യങ്ങൾ വിസ ഓൺ അറൈവലും ലഭ്യമാക്കുന്നുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

# പിസിനാക് തീം പ്രസന്റേഷൻ ജൂലൈ 4-ന് ശനിയാഴ്ച, പാസ്റ്റർ റോയി വാകത്താനം മോഡറേറ്റർ

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: നാല്പതാമത് പിസിനാകിന്റെ പ്രധാന ചിന്താവിഷയമായ 'തലമുറയിൽ നിന്ന് തലമുറയിലേക്ക്' എന്ന വിഷയത്തെക്കുറിച്ചുള്ള വിശദമായ ചർച്ച ജൂലൈ 4-ന് ശനിയാഴ്ച രാവിലെ എട്ടരയ്ക്ക് പ്രധാന കോൺഫറൻസ് ഹാളിൽ ആരംഭിക്കും.

പാസ്റ്റർ റോയി വാകത്താനമാണ് മോഡറേറ്റർ. പാസ്റ്റർമാരായ സേവിയർ ജെയിംസ്, ജോൺ ടി. കുര്യൻ, തോമസ് മാമ്മൻ, മാത്യൂസ് വർഗീസ്, സണ്ണി താഴമ്പളം എന്നിവർ വിഷയത്തിന്റെ വിവിധ ഭാഗങ്ങൾ ചർച്ചയിൽ അവതരിപ്പിക്കും.

പെന്തെക്കോസ്ത് വിശ്വാസ സമൂഹത്തിന്റെ ആരാധനയുടെയും സുവിശേഷീകരണത്തിന്റെയും വിശുദ്ധ ജീവിതത്തിന്റെയും പ്രത്യാശയുടെയും പരിശുദ്ധാത്മ നിറവിന്റെയും ജീവിതാനുഭവങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറുന്നതിനെക്കുറിച്ചുള്ള ആഴമായ ചർച്ചകൾ സമ്മേളനത്തിൽ നടക്കും.


പാസ്റ്റർ റോയി വാകത്താനം


പാസ്റ്റർ സേവിയർ ജെയിംസ്


പാസ്റ്റർ ജോൺ ടി. കുര്യൻ


പാസ്റ്റർ സണ്ണി താഴമ്പളം


പാസ്റ്റർ തോമസ് മാമ്മൻ


ഡോ. മാത്യൂസ് വർഗീസ്

അടുത്ത ഐപിസി ഫാമിലി കോൺഫറൻസ് നാഷണൽ കൺവീനറാണ് മോഡറേറ്റർ പാസ്റ്റർ റോയി വാകത്താനം.



# ഫോമാ കൺവൻഷൻ:

# പ്രാദേശിക കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് തുടക്കമായി





ഹൂസ്റ്റൺ: അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പ്രവാസി സംഘടനയായ ഫോമായുടെ അന്താരാഷ്ട്ര കൺവൻഷന് ഇനി ആഴ്ചകൾ മാത്രം ബാക്കി നില്ക്കെ സംഘടനയ്ക്ക് ജന്മം നല്കിയ ഹൂസ്റ്റണിൽ നടക്കുന്ന ഈ മഹാസമ്മേളനം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സതേൺ റീജിയൻ പ്രവർത്തകർ ഒരുമിച്ച് പ്രവർത്തനം ആരംഭിച്ചു.

കൺവൻഷനായി ഇതിനോടകംതന്നെ ആയിരത്തിലധികം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമ്മേളനം നടക്കുന്ന ഹോട്ടലിലെ ഭൂരിഭാഗം മുറികളും ബുക്ക് ചെയ്യപ്പെട്ടതായും അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഇപ്പോഴും ആവേശകരമായ രജിസ്ട്രേഷൻ തുടരുകയാണെന്നും അവർ അറിയിച്ചു.

**ജീമോൻ റാന്നി**

ജൂൺ 23-ന് അപ്നാ ബസാറിൽ ചേർന്ന സതേൺ റീജിയൻ പ്രവർത്തകയോഗത്തിൽ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക തുടക്കമായി. ഫോമായുടെ പ്രസിഡണ്ട് ബേബി മണക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റീജിയണൽ ചെയർമാൻ വർഗീസ് രാജേഷ് മാത്യു സ്വാഗതമാശംസിച്ചു.

വരുന്ന ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ വിൻധം ഹൂസ്റ്റണിൽ അരങ്ങേറുന്ന ഫോമാ ഫാമിലി കൺവൻഷനോട് അനുബന്ധിച്ചുള്ള ഹോട്ടലുകളിലെ റൂമുകളെല്ലാം നിറഞ്ഞുവെന്ന് ബേബി മണക്കുന്നേൽ വ്യക്തമാക്കി. രജിസ്ട്രേഷൻ പുരോഗമിക്കുന്ന പശ്ചാത്തലത്തിൽ കൂടുതൽ പേർക്ക് തൊട്ടടുത്തു തന്നെ മുറികൾ ലഭ്യമാക്കുന്നുണ്ട്.

തുടർന്ന് ഹൂസ്റ്റൺ കൺവൻഷൻ ജനറൽ കൺവീനർ ജിജു കുളങ്ങര, ഫോമായുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ കൺവൻഷനുകളിലൊന്നായി ഈ സമ്മേളനത്തെ മാറ്റുന്നതിനായി എല്ലാവരും ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്തു.

കൺവൻഷൻ ചെയർമാൻ സുബിൻ കുമാരൻ ഒരുക്കങ്ങളുടെയും പ്രവർത്തനങ്ങളുടെയും പുരോഗതി സംബന്ധിച്ച് വിശദീകരണം നല്കി. കൺവൻഷൻ സ്പെഷ്യൽ സപ്ലിമെന്റിന്റെ പ്രസിദ്ധീകരണത്തിലേക്ക് ഏവരുടെയും പിന്തുണ മീഡിയ ചെയർ സൈമൺ വളാച്ചേരി അഭ്യർത്ഥിച്ചു. യോഗത്തിൽ സതേൺ റീജിയനെ പ്രതിനിധീകരിച്ച് വിവിധ കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെ തെരഞ്ഞെടുത്തു.

സെക്യൂരിറ്റി കമ്മിറ്റി-രാജൻ പത്തനാപുരം, ഓൺലൈൻ മീഡിയ കമ്മിറ്റി-ജീമോൻ റാന്നി, ഉദ്ഘാടന ഘോഷയാത്ര കമ്മിറ്റി-പൊടിയമ്മ പിള്ള, സ്വീകരണ-അതിഥി സൽക്കാര കമ്മിറ്റി-ജോയ് എൻ. സാമുവൽ, ബിസിനസ് മീറ്റ് കമ്മിറ്റി- ജോൺ ഉമ്മൻ (പ്രസാദ്).



വിഐപി സ്വീകരണ കമ്മിറ്റി ചെയർപേഴ്സണായി എം.ജി. മാത്യുവിനെ പ്രസിഡണ്ട് നോമിനേറ്റ് ചെയ്തു. മറ്റ് റീജിയനുകളിൽ നിന്നുള്ള കമ്മിറ്റി ചെയർപേഴ്സൺമാരെയും ഉടൻതന്നെ വിവിധ പ്രവർത്തക സംഘങ്ങളിലേക്ക് ഉൾപ്പെടുത്തുമെന്ന് സംഘാടകർ അറിയിച്ചു. വരും ദിവസങ്ങളിൽ കൂടുതൽ കമ്മിറ്റികൾ പ്രവർത്തനം ആരംഭിക്കുകയും കൺവൻഷൻ ഒരുക്കങ്ങൾ കൂടുതൽ സജീവമാകുകയും ചെയ്യും.

ഫോമാ ദേശീയ റീജിയൻ നേതാക്കളായ തോമസ് ഓലിയാംകുന്നേൽ, ജോയി എൻ. ശാമുവൽ, എസ്.കെ. ചെറിയാൻ, ഷാജി എഡ്വേർഡ്, മിഖായേൽ ജോയ്, തോമസ് ജോർജ് (സഞ്ജു), ക്രിസ്റ്റഫർ ജോർജ്, മെർലിൻ സാജൻ, സാജൻ ജോൺ, ആൻസി ശാമുവേൽ, ശശി പിള്ള, ഡെന്നിസ് മാത്യു, സുരേഷ് രാമകൃഷ്ണൻ തുടങ്ങിയവർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

ഫോമാ ഇന്റർനാഷണൽ കൺവൻഷനെ അമേരിക്കൻ മലയാളി സമൂഹത്തിന്റെ അഭിമാന സമ്മേളനമാക്കി മാറ്റാനുള്ള ഒരുക്കങ്ങളാണ് ഹൂസ്റ്റണിൽ ഇപ്പോൾ പുരോഗമിക്കുന്നത്.






# കെ.സി.എസ് ചിക്കാഗോ ഒളിമ്പിക്സും കുടുംബ പിക്നിക്കും 2026




ചിക്കാഗോ: ജൂൺ 27-ന് ഡെസ്പ്ലെയിൻസ് ക്യാമ്പ് ഗ്രൗണ്ട് റോഡ് വുഡ്സിൽ സംഘടിപ്പിച്ച കെ.സി.എസ് ചിക്കാഗോ ഒളിമ്പിക്സും കുടുംബ പിക്നിക്കും 2026 ആവേശവും പങ്കാളിത്തവും കൊണ്ട് മറ്റൊരു ചരിത്രവിജയമായി മാറി. ഉച്ചയ്ക്ക് 12 മണിക്ക് കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല പരിപാടി ഉദ്ഘാടനം ചെയ്തതോടെ, നൂറുകണക്കിന് കുടുംബങ്ങളെ ഒന്നിച്ചുകൂട്ടിയ ഈ മഹാസംഗമത്തിന് തുടക്കമായി.

അഞ്ഞൂറിലധികം കെ.സി.എസ് അംഗങ്ങൾ പങ്കെടുത്ത ഈ പരിപാടി ചിക്കാഗോയിലെ ക്നാനായ സമൂഹത്തിന്റെ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ശക്തമായ പ്രതീകമായി മാറി. പ്രായഭേദമെന്യേ കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി സന്തോഷവും സൗഹൃദവും പങ്കുവെച്ച ഈ ദിനം ക്നാനായ സമൂഹത്തിന്റെ അഭിമാനകരമായ കൂട്ടായ്മയുടെ മറ്റൊരു മനോഹരമായ ഉദാഹരണമായി.




പരിപാടിയുടെ പ്രധാന ആകർഷണം എല്ലാ പ്രായക്കാർക്കും അനുയോജ്യമായ വിവിധ കായികമത്സരങ്ങളും വിനോദ പരിപാടികളുമായിരുന്നു. പിക്കിൾബോൾ, ബാസ്കറ്റ്ബോൾ, ത്രീ-പോയിന്റ് ഷൂട്ടൗട്ട്, വാട്ടർബലൂൺ ടോസ്, മ്യൂസിക്കൽ ചെയർ തുടങ്ങിയ മത്സരങ്ങൾ വലിയ ആവേശത്തോടെയാണ് നടന്നത്. മത്സരാർത്ഥികൾ മികച്ച കായികമികവും സ്പോർട്സ്മാൻഷിപ്പും പ്രകടിപ്പിച്ചപ്പോൾ, കാണികൾ ആവേശത്തോടെ അവരെ പ്രോത്സാഹിപ്പിച്ചു. വിജയികളായവർക്ക് ട്രോഫികൾ നല്കി ആദരിക്കുകയും ചെയ്തു.

മത്സരങ്ങളുടെ ആവേശത്തോടൊപ്പം കെ.സി.എസ്. ചിക്കാഗോ ഒരുക്കിയ മുഴുവൻ ദിവസവും നീണ്ടുനിന്ന ബാർബിക്യൂവും വിവിധഭക്ഷണപാനീയങ്ങളും കുടുംബങ്ങൾക്കിടയിൽ സൗഹൃദവും സന്തോഷവും പങ്കിടാനുള്ള മനോഹരമായ അന്തരീക്ഷം സൃഷ്ടിച്ചു. ഒരുമിച്ചു ഭക്ഷണം കഴിക്കുകയും പഴയ സൗഹൃദങ്ങൾ പുതുക്കുകയും പുതിയ ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്ത നിമിഷങ്ങൾ ഈ പിക്നിക്കിന്റെ ഏറ്റവും വിലപ്പെട്ട ഓർമ്മകളായി മാറി.

ഈ മഹാപരിപാടിയുടെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച കെ.സി.എസ് എക്സിക്യൂട്ടീവ് ബോർഡ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ, വിവിധ കമ്മിറ്റി ഭാരവാഹികൾ, കായിക പരിപാടികളുടെ സംഘാടകർ, അനേകം സന്നദ്ധപ്രവർത്തകർ എന്നിവരുടെ അക്ഷീണപരിശ്രമം പ്രത്യേകം അഭിനന്ദനാർഹമാണ്. പരിപാടിയുടെ ആസൂത്രണം മുതൽ അവസാനഘട്ടം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും മികച്ച ഏകോപനത്തോടെയും സംഘാടനപാടവത്തോടെയും നിർവഹിക്കപ്പെട്ടു.

പരിപാടിയുടെ മുഴുവൻ സമയവും പ്രസിഡണ്ട് ജോസ് ആനമല, വൈസ് പ്രസിഡണ്ട് മാറ്റ് വിളങ്ങാട്ടുശ്ശേരിൽ, ട്രഷറർ ടീന നെടുവാമ്പുഴ, ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം, ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ സിജോ പുള്ളോർക്കുന്നേൽ എന്നിവർ സജീവമായി നേതൃത്വം നല്കി. മത്സരങ്ങൾ ഏകോപിപ്പിക്കുന്നതിലും പങ്കെടുത്തവരെ പ്രോത്സാഹിപ്പിക്കുന്നതിലും എല്ലാവർക്കും ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കുന്നതിലും ഇവരുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു.

സമാപനസമ്മേളനത്തിൽ പ്രസിഡണ്ട് ജോസ് ആനമല പരിപാടിയുടെ വിജയത്തിനായി അശ്രാന്തായി പരിശ്രമിച്ച എല്ലാ സന്നദ്ധപ്രവർത്തകർക്കും

**ഷാജി പള്ളിവീട്ടിൽ**

ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തി. കെ.സി.എസ് ചിക്കാഗോ ഒളിമ്പിക്സും കുടുംബപിക്നിക്കും 2026 വെറും ഒരു കായികമേള മാത്രമായിരുന്നില്ല. അത് കുടുംബങ്ങളുടെ സംഗമവും സൗഹൃദത്തിന്റെ ആഘോഷവും ക്നാനായ പാരമ്പര്യത്തിന്റെ അഭിമാനപ്രകടനവും സമൂഹ ഐക്യത്തിന്റെ ശക്തമായ സന്ദേശവുമായിരുന്നു.

## ഐഎസ്ആർഒ കേന്ദ്രങ്ങൾക്ക് പുതിയ ഡയറക്ടർമാർ

തിരുവനന്തപുരം: ഐഎസ്ആർഒയിലെ നാല് പ്രധാന കേന്ദ്രങ്ങൾക്കു പുതിയ ഡയറക്ടർമാരെ നിയമിച്ചു. ജൂലൈ ഒന്ന് മുതൽ പ്രാബല്യത്തിൽ വരും. വിക്രം സാരാഭായ് സ്പേസ് സെന്റർ (വിഎസ്എസ്സി) ഡയറക്ടറായി ഡോ. യു.പി. രാജീവ്, ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ (എൽപിഎസ്സി) ഡയറക്ടറായി എൻ. ജയൻ, തമിഴ്നാട് മഹേന്ദ്രഗിരിയിലെ ഐഎസ്ആർഒ പ്രൊപ്പൽഷൻ കോംപ്ലക്സ് (ഐപിആർസി) ഡയറക്ടറായി നാരായണൻ അപ്പു, ഐഎസ്ആർഒ ഇനേർഷ്യൽ സിസ്റ്റംസ് യൂണിറ്റ് (ഐഐഎസ്‌യു) ഡയറക്ടറായി ജോജി ജെ. ചാമൻ എന്നിവരെയാണു നിയമിച്ചത്.


വിഎസ്എസ്സിയുടെ ഗവേഷണ-വികസന വിഭാഗം അസോഷ്യേറ്റ് ഡയറക്ടറായ ഡോ. യു.പി. രാജീവ്, മേയ് 31-നു വിരമിച്ച എ. രാജരാജന്റെ ഒഴിവിലേക്കാണ് നിയമിക്കപ്പെടുന്നത്. കൊല്ലം പത്തനാപുരം സ്വദേശിയാണ്. ദീർഘകാലം എൽപിഎസ്സിയിൽ ക്രയോജനിക് എഞ്ചിൻ വികസനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിട്ടുള്ള തിരുവനന്തപുരം മണ്ണാമൂല സ്വദേശിയായ എൻ. ജയൻ നിലവിൽ എൽപിഎസ്സി അസോഷ്യേറ്റ് ഡയറക്ടറാണ്. ഡയറക്ടറായിരുന്ന എം. മോഹൻ മാർച്ച് 31-നു വിരമിച്ച ഒഴിവിലാണ് നിയമിക്കപ്പെടുന്നത്.


ഐഐഎസ്‌യു ഡയറക്ടറായ എൽ. സൗമ്യനാരായണൻ ഈ മാസം 30-നു വിരമിക്കുന്ന ഒഴിവിലാണ് നിലവിൽ അസോഷ്യേറ്റ് ഡയറക്ടറായ ജോജി ജെ. ചാമനെ നിയമിക്കുന്നത്. പത്തനംതിട്ട തിരുമൂലപുരം സ്വദേശിയാണ്. ഐപിആർസി അസോഷ്യേറ്റ് ഡയറക്ടറായ നാരായണൻ അപ്പു തമിഴ്നാട് തഞ്ചാവൂർ കുംഭകോണം സ്വദേശിയാണ്. ഡയറക്ടർ ജെ. ആസിർ പാക്യരാജ് ഈ മാസം 30-നു വിരമിക്കുന്ന ഒഴിവിലാണു നിയമനം.

## ആയിരങ്ങൾ പങ്കെടുക്കുന്ന തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ നേതൃത്വം നല്കും

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: നാല്പതാമത് പിസിനാക്ക് കോൺഫറൻസിന്റെ സമാപനദിവസമായ ജൂലൈ 5-ന് ഞായറാഴ്ച രാവിലെ ആയിരങ്ങൾ പങ്കെടുക്കുന്ന ഭക്തിനിർഭരമായ തിരുവത്താഴ ശുശ്രൂഷയ്ക്ക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ നേതൃത്വം നല്കും. അദ്ദേഹത്തോടൊപ്പം വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 24 പാസ്റ്റർമാർ ശുശ്രൂഷയിൽ സഹകരിക്കും.







പാസ്റ്റർമാരായ പ്രിൻസ് പോൾ, ജോൺസൻ ഫിലിപ്പ്, പി.എസ്. മാത്യു, എബി ബെൻ എന്നിവർ മുഖ്യസഹായികളായി പ്രവർത്തിക്കും. ഇംഗ്ലീഷ് സെഷനിൽ പാസ്റ്റർ ഫിന്നി തോമസ് തിരുവത്താഴ ശുശ്രൂഷ നടത്തും. കോൺഫറൻസിൽ പങ്കെടുക്കുന്നവരോടൊപ്പം ചിക്കാഗോ സിറ്റിയിലെ മുഴുവൻ പെന്തെക്കോസ്ത് സഭാ വിശ്വാസികളും ഈ ശുശ്രൂഷയിൽ പങ്കെടുക്കും.

എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ എന്ന് പറഞ്ഞ വചനങ്ങളെ അനുസ്മരിച്ച് യേശുവിന്റെ കഷ്ടാനുഭവങ്ങളെ ഓർക്കുന്നതിനോടൊപ്പം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിച്ചേരുന്ന ആയിരക്കണക്കിന് വിശ്വാസികൾ ക്രിസ്തുവിൽ നാം ഒന്ന് എന്ന കൂട്ടായ്മാ ബന്ധത്തിന്റെ ചൈതന്യം ഏറ്റെടുത്ത് ശുശ്രൂഷകളിൽ പങ്കാളികളാകും. പ്രാദേശിക ക്രമീകരണങ്ങൾക്ക് പാസ്റ്റർമാരായ പ്രിൻസ് പോളും ജോൺസൺ ഫിലിപ്പും നേതൃത്വം നല്കും.

# സണ്ണി വള്ളിക്കളം കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ടിനെ സന്ദർശിച്ചു

സ്വന്തം ലേഖകൻ

വത്തിക്കാൻ: ഫോമായുടെ മുൻ വൈസ് പ്രസിഡണ്ടും ചിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡണ്ടുമായ സണ്ണി വള്ളിക്കളം മാർ ജോർജ് കൂവക്കാട്ടുമായി അദ്ദേഹത്തിന്റെ ഓഫീസിൽ കുടുംബസമേതം സന്ദർശനം നടത്തി. റോമിലെ മാർപാപ്പയുടെ വസതിയോടു ചേർന്നുള്ള Piazza del Sant uffizio-ൽ വെച്ചായിരുന്നു കൂടിക്കാഴ്ച. തദവസരത്തിൽ നാട്ടുവിശേഷങ്ങളും ചിക്കാഗോയിലെ വിവരങ്ങളും ചോദിച്ചറിയുകയുണ്ടായി.

ഇവിടുത്തെ മലയാളി സംഘടനാ പ്രവർത്തനവും ഫോമായുടെ ജനകീയമായ പ്രവർത്തനവും തദവസരത്തിൽ വിവരിക്കുവാൻ കഴിഞ്ഞു. ജൂലൈയിൽ കർദ്ദിനാൾ ന്യൂയോർക്കിലും ഹൂസ്റ്റണിലും ചിക്കാഗോയിലെ സീറോമലബാർ ജൂബിലി കൺവൻഷനിലും പങ്കെടുക്കുന്ന കാര്യവും സംസാരമധ്യേ കടന്നുവന്നു. കർദ്ദിനാളുമായി നല്ലൊരു സൗഹൃദസംഭാഷണത്തിൽ ഏർപ്പെടാൻ കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ടെന്ന് സണ്ണി വള്ളിക്കളം പറഞ്ഞു.





# പിസിനാക്ക് സമ്മേളനത്തിൽ സ്ത്രീ ശാക്തീകരണ സെമിനാർ ജൂലൈ നാലിന്

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: വനിതകളുടെ ശാരീരിക, മാനസിക, ആത്മീയ മേഖലകളിലെ സമഗ്ര ആരോഗ്യത്തെ ആസ്പദമാക്കി പ്രചോദനാത്മകവും വിജ്ഞാനപ്രദവുമായ ചർച്ച ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന പിസിനാക്ക് കോൺഫറൻസിൽ സംഘടിപ്പിക്കുന്നു. ജൂലൈ നാലിന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.45-ന് ചർച്ച ആരംഭിക്കും. പ്രധാന സമ്മേളനവേദിയുടെ രണ്ടാം നിലയിലുള്ള നിർവാണ ബി യിലാണ് ചർച്ചകൾ നടക്കുന്നത്. ഡോ. ജോയ്സ് ജോസഫ് ആണ് മോഡറേറ്റർ. ഡോ. ജ്യോതി ബെൻ, ഡോ. ആശ ജോൺ, ഫാമിലി നേഴ്സ് പ്രാക്ടീഷണർമാരായ ഡോ. സൂസൻ മാത്യു, ഷെൻസി വർഗീസ്, ഷൈനി ഡാനിയൽ എന്നിവർ പാനലിസ്റ്റുകൾ ആയിരിക്കും. മനസ്സിന്റെയും ശരീരത്തിന്റെയും ആത്മാവിന്റെയും ആരോഗ്യകരമായ വളർച്ചയും സംരക്ഷണവും ലക്ഷ്യമാക്കി വിദഗ്ദ്ധർ അവരുടെ അറിവുകളും അനുഭവങ്ങളും പങ്കുവെക്കുകയും ഇതോടനുബന്ധിച്ചുള്ള വിവിധ വിഷയങ്ങൾ ഈ സംവാദത്തിൽ ചർച്ച ചെയ്യുകയും ചെയ്യും. കൂടാതെ വനിതാരോഗ്യവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായി ചോദ്യോത്തര വേളയും ഉണ്ടായിരിക്കുന്നതാണ്. ചോദ്യോത്തര വേളയ്ക്ക് ഡോ. ജിൻസി ജോസഫിന്റെ നേതൃത്വത്തിലുള്ള സംഘം ഉത്തരം നല്കും. പങ്കാളികൾക്ക് അവരുടെ സംശയങ്ങൾ നേരിട്ട് വിദഗ്ദ്ധരോട് ചോദിക്കാനും പ്രായോഗിക നിർദേശങ്ങൾ ലഭിക്കാനും അവസരമുണ്ടാകും. സമതുലിതവും ആരോഗ്യകരവുമായ ജീവിതശൈലി സ്വീകരിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുന്ന ഈ പ്രത്യേക സെഷനിലേക്ക് എല്ലാ വനിതകളെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ഷെൻസി വർഗീസ് 847 9222742.



ഡോ. ജ്യോതി ബെൻ
(പാനലിസ്റ്റ്)



ഡോ. ആശ ജോൺ
(പാനലിസ്റ്റ്)



ഡോ. സൂസൻ മാത്യു ഡിഎൻപി,
എഫ്എൻപി (പാനലിസ്റ്റ്)



ഷെൻസി വർഗീസ് എപിആർഎൻ,
എഫ്എൻപി (പാനലിസ്റ്റ്)



ഷൈനി ഡാനിയൽ എപിആർഎൻ,
എഫ്എൻപി (പാനലിസ്റ്റ്)



ഡോ. ജോയ്സ് ജോസഫ്
(മോഡറേറ്റർ)



ഡോ. ജിൻസി ജോസഫ്
(മോഡറേറ്റർ)






KERALA EXPRESS | പ്രവാസി താളുകൾ

# ധീരാ...വീരാ...ഒന്നടങ്ങ്!

രാജു മൈലപ്ര

"എന്റെ നാരായണാ...മദ്യവിമുക്തമായ കിനാശ്ശേരി; അതായിരുന്നു ഗാന്ധിജി കണ്ട സ്വപ്നം. അതുവല്ലോം ഇവനറിയാമോ?"

'മനസ്സിനക്കരെ' എന്ന സിനിമയിൽ ഇന്നസെന്റ് പറയുന്ന ഈ ഡയലോഗ് ഇപ്പോൾ ഓർക്കുവാൻ ഒരു കാരണമുണ്ട്.

'മദ്യവിമുക്തമായ ഒരു കേരളം' സ്വപ്നം കണ്ടുകൊണ്ട് ഒരു അഭിനവ ഗാന്ധി ഇറങ്ങിയിട്ടുണ്ട്-സാക്ഷാൽ സുധീരൻ.

'ധീരാ വീരാ വി.എം. സുധീരാ

ധീരതയോടെ നയിച്ചോളൂ

ലക്ഷം ലക്ഷം പിന്നാലെ...'

എന്റെ യൗവനകാലത്ത്, കേരളത്തിലെ കലാലയങ്ങളിൽ മുഴങ്ങിക്കേട്ട ഒരു മുദ്രാവാക്യമായിരുന്നു അത്. സഖാവ് പിണറായി ഭരിച്ച പത്തു വർഷക്കാലം, വായിൽ പഴം തിരുകി നടക്കുകയായിരുന്ന ധീരനായ ഈ വീരൻ. 'കമാ'ന്നൊരു അക്ഷരം മിണ്ടാൻ അന്ന് അങ്ങേർക്ക് ധൈര്യമില്ലായിരുന്നു. വല്ലതും എതിർത്തു പറഞ്ഞിരുന്നെങ്കിൽ വിവരമറിഞ്ഞേനേ!

ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണത്തുടർച്ച ഇല്ലാതാക്കിയതും ഇങ്ങേരുടെ 'മദ്യനയം' ആയിരുന്നു. പാവം കുഞ്ഞൂഞ്ഞിനെ ഇയാൾ നിലം തൊടീച്ചില്ല.

കോൺഗ്രസിലെ രണ്ട് കപട ആദർശവാദികളാണ് അറയ്ക്കൽ ആന്റണിയും ആലപ്പുഴ സുധീരനും. രണ്ടും കാലഹരണപ്പെട്ട ആശയങ്ങളുമായി ഇടയ്ക്കിടെ വാ തുറക്കും. വെള്ളമടിച്ചിട്ടാണോ ഇവർ ഈ വിഡ്ഢിത്തങ്ങളൊക്കെ വിളമ്പുന്നത് എന്നെനിക്ക് ബലമായ സംശയമുണ്ട്.

ആന്റണി, ചാരായം നിരോധിച്ചതുകൊണ്ടാണ് കേരളത്തിൽ കള്ളവാറ്റും ലഹരി ഉപയോഗവും വർദ്ധിച്ചത്.

വീര്യം കൂടിയ മദ്യം, വീര്യം കുറഞ്ഞ മദ്യം, അവയ്ക്ക് ഈടാക്കുന്ന നികുതി-ഇതിന്റെയൊക്കെ പേരിലാണ് പോര്.

വീര്യം കൂടിയ വീഞ്ഞ് വാറ്റിയെടുക്കുവാൻ ഡിസ്റ്റലറി ലൈസൻസുള്ള ഒരു ബിഷപ്പും കളത്തിലിറങ്ങിയിട്ടുണ്ട്.




മലയോര കർഷകരുടെ വോട്ടുകളെല്ലാം തന്റെ കുപ്പായക്കീശയിലാണെന്നുള്ള ഒരു ധാരണയാണ് പുള്ളിക്കാരന്. ഇവരൊക്കെ ഏതു ലോകത്താണോ ജീവിക്കുന്നത്? ബിഷപ്പുമാരും സമുദായ നേതാക്കന്മാരും വാറോല ഇറക്കിയാൽ വിദ്യാസമ്പന്നരായ വോട്ടർമാർ ചിഹ്നം മാറ്റി കുത്തുമെന്നാണോ ഇവർ കരുതുന്നത്. ആ കാലമൊക്കെ കഴിഞ്ഞുപോയെന്ന് ഇവരെ എങ്ങനെയാണൊന്നു പറഞ്ഞു മനസ്സിലാക്കുക?

കുടിക്കുകയാണെങ്കിൽ വീര്യം കൂടിയ മദ്യം തന്നെ കുടിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. അടിച്ചങ്ങു പൂക്കുറ്റിയാകണം. വീര്യം കുറഞ്ഞ മദ്യം കഴിച്ച് എന്തു ചെയ്യുവാനാണ്? ഉറുമ്പു കടിക്കുന്നതുപോലെ ഒരു ഫീലിംഗ്. കൈയിലെ കാശ് വെറുതേ കളയാമെന്നു മാത്രം. അതിലും നല്ലത് ഉപ്പിട്ട ഒരു സോഡാനാരങ്ങാവെള്ളം കുടിക്കുന്നതാണ്.

ചരിത്രാതീത കാലം മുതലേ മദ്യത്തിന്റെ ഉല്പാദനവും ഉപയോഗവും ഉണ്ടായിരുന്നു. പുരാണങ്ങളിലെല്ലാം ഇതു രേഖപ്പെടുത്തിയിട്ടുണ്ട്.

'കാനായിലെ കല്യാണനാളിൽ

കൽഭരണിയിലെ വെള്ളം

മുന്തിരി നീരായി...' എന്നു ദാസേട്ടൻ പാടിയിട്ടുണ്ട്.

"മനോവ്യസനമുള്ളവനു മദ്യം കൊടുക്കുവിൻ, അവൻ കുടിച്ചു തന്റെ ദാരിദ്ര്യം മറക്കുകയും തന്റെ കഷ്ടം ഇനി ഓർക്കാതിരിക്കുകയും ചെയ്യട്ടെ" എന്ന് ജ്ഞാനിയായ ശാലോമൻ പറഞ്ഞിട്ടുണ്ട്.

വിവാഹസൽക്കാരത്തിൽ സംബന്ധിച്ചു മടങ്ങുന്ന ഒരു അമേരിക്കൻ മലയാളിയോട്, 'എങ്ങനെയുണ്ടായിരുന്നു കല്യാണം' എന്നു ചോദിച്ചാൽ-

"എന്റെ പൊന്നളിയ, ഒന്നും പറയണ്ടാ. അടിപൊളി കല്യാണം, ഇഷ്ടം പോലെ കള്ള്..."

മദ്യത്തിന്റെ ലഭ്യതയാണ് വിവാഹസൽക്കാരത്തിന്റെ മേന്മയുടെ അളവുകോൽ.

തങ്ങളുടെ വീട്ടിലെ മുന്തിയ ഇനം മദ്യശേഖര ബാറിന്റെ മുന്നിൽ 'ചിയേഴ്സ്' പറഞ്ഞു ചിരിച്ചുകൊണ്ടു നിൽക്കുന്ന ഫോട്ടോ പടമാണ് ഇന്നു പലരും 'പ്രൊഫൈൽ പിക്ചർ' ആയി പോസ്റ്റ് ചെയ്യുന്നത്.

മദ്യം നിരോധിച്ചാലും ഷാപ്പുകൾ അടച്ചാലും ബാറുകൾ പൂട്ടിയാലും കുടിക്കേണ്ടവൻ കുടിച്ചിരിക്കും.

നയാപൈസാ കൈയിലില്ലാതെ, ഭാര്യയെ ഒരു തൊഴിയും തൊഴിച്ച്, പിള്ളേരെ എടുത്തു കിണറ്റിലിട്ട് പുറത്തേക്കു പോകുന്ന മലയാളി, കുടിച്ചു ലക്കുകെട്ടു, നാലുകാലിൽ തിരിച്ചു വീട്ടിലെത്തുന്നത്, കേരളത്തിൽമാത്രം നിലവിലുള്ള ഒരു അത്ഭുത പ്രതിഭാസമാണ്.

കോൺഗ്രസിന്റെ ശത്രുക്കൾ എന്നും കോൺഗ്രസുകാർ തന്നെയാണ്. കസേര കിട്ടാത്തവരെല്ലാം പാരപണി



ലേഖകൻ

യുമായി തെക്കുവടക്കു നടക്കുകയാണ്.

തരക്കേടില്ലാതെ ആ സതീശൻജി, തട്ടീംമുട്ടീം, ഇടയ്ക്കിടെ ഇംഗ്ലീഷും പേശി ഒരഞ്ചുകൊല്ലം തികച്ചേനേ!

അപ്പോഴാണ് സുധീരനെപ്പോലെ 'എക്സ്പയറി ഡേറ്റ്' കഴിഞ്ഞ ആദർശധീരന്മാർ വിടുവായത്തം പറഞ്ഞുകൊണ്ട് പത്രസമ്മേളനം നടത്തുന്നത്.

ഒരു പൊടിക്കൊന്നടങ്ങു സുധീരാ-

ആ സതീശൻ സാർ തുടങ്ങിയതല്ലേയുള്ളൂ, കുറച്ചു നാളത്തേക്കൊരു സ്വൈര്യം കൊടുക്കൂ... പ്ലീസ്!

***വാൽക്കഷണം:*** "വീഞ്ഞ് ചുവന്ന പാനപാത്രത്തിൽ മിന്നി ഇമ്പമായി ഇറങ്ങുന്നത് നോക്കരുത്. ഒടുവിൽ അതു സർപ്പം പോലെ കടിക്കും; അണലി പോലെ വിഷം കുത്തും." ഇതു ദൈവവചനം.

# കുട്ടികൾക്ക് വ്യത്യസ്ത മത്സരവും സമ്മാനങ്ങളുമൊരുക്കി മിഷൻലീഗ്

ജോക്കുട്ടി മേലേടത്ത്

ഡാളസ്: ക്രിസ്തുരാജ ഇടവകയിൽ മിഷൻലീഗ് കുട്ടികൾക്കായി വ്യത്യസ്ത മത്സരങ്ങളും വ്യത്യസ്ത സമ്മാനങ്ങളും തിരുഹൃദയ മാസത്തിൽ ഒരുക്കപ്പെട്ടു.

തിരുഹൃദയ വണക്കത്തിലൂടെ ലഭിക്കുന്ന പന്ത്രണ്ട് വാഗ്ദാനങ്ങൾ അവധിക്കാലത്തിന്റെ ഉല്ലാസമധ്യേ പഠിച്ച് ഏറ്റുപറയുന്ന മത്സരവിജയികൾക്ക് സൈക്കിൾ സമ്മാനമായി നല്കി.

കുട്ടികൾക്ക് ഇത് സർപ്രൈസ് സമ്മാനമായി മാറി. മക്കളെ പ്രത്യേകം പഠിപ്പിച്ച മാതാപിതാക്കൾക്ക് കുഞ്ഞുങ്ങൾക്ക് ഒരു പ്രോത്സാഹനമായി മാറി. തങ്ങളുടെ വിവാഹത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് അരീച്ചിറ സുബാഷ്-ജ്യോതി ദമ്പതികളാണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്.

ജോഹാൻ, ലീറ പാറയ്ക്കശ്ശേരിൽ, ജേമി കുഴിച്ചിൽ എന്നീ കുട്ടികൾ സമ്മാനാർഹരായി. കുട്ടികളെയും അവരെ അതിനായി ഒരുക്കിയ മാതാപിതാക്കളെയും വികാരി ഫാ. ബിൻസ് ചേത്തലിൽ പ്രത്യേകം അഭിനന്ദിച്ചു.



# ഗ്രേസ് ടി. വർഗീസ് ഫ്ളോറിഡയിൽ അന്തരിച്ചു

ഫ്ളോറിഡ: ടാമ്പാ സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളായ മണലിൽ തോമസ് വർഗീസിന്റെ സഹധർമ്മിണി ഗ്രേസ് ടി. വർഗീസ് (94) ജൂൺ 23-ന് അന്തരിച്ചു. കവിയൂർ ചിറത്തലക്കൽ വർഗീസ് മത്തായിയുടെയും ഏലിയാമ്മയുടെയും മകളാണ് പരേത.



ഇടവകയുടെ പ്രവർത്തനങ്ങളിലും മറ്റുള്ളവരെ സഹായിക്കുന്നതിലും ഗ്രേസ് ആന്റി സജീവമായ പങ്കു വഹിച്ചിരുന്നു. ടാമ്പാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക വികാരി വെരി റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പ, ഗ്രേസ് ആന്റിയുടെ വിയോഗത്തിലുള്ള അനുശോചനം രേഖപ്പെടുത്തി. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും അദ്ദേഹം അറിയിച്ചു.

സംസ്കാര ശുശ്രൂഷകൾ ജൂലൈ 10-ന് വെള്ളിയാഴ്ച വൈകുന്നേരം 3 മണി മുതൽ 6 മണി വരെ ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. അഡ്രസ്സ്: St. Gregorios Malankara Orthodox Church, 11407 Jefferson Road, Thonotosassa, FL 33592.

For further information, please contact: Soman Varghese (son) 678 381 4040

വാർത്ത: രാജു മൈലപ്ര

KERALA EXPRESS പ്രവാസി താളുകൾ

# ബ്രോങ്ക്സ് സെ. തോമസ് സീറോമലബാർ ദേവാലയത്തിൽ ഇടവക തിരുനാൾ; കർദ്ദിനാൾ മാർ ജോർജ് കൂവക്കാട് മുഖ്യകാർമ്മികൻ

ഷോളി കുമ്പിളുവേലി

ന്യൂയോർക്ക്: ഭാരത സഭയുടെ അപ്പസ്തോലനും ബ്രോങ്ക്സ് ഇടവകയുടെ മദ്ധ്യസ്ഥനുമായ മാർ തോമാശ്ലീഹായുടെ തിരുനാൾ ജൂൺ 25 വ്യാഴാഴ്ച മുതൽ ജൂലൈ 5 ഞായറാഴ്ച വരെ വിവിധ തിരുക്കർമ്മങ്ങളോടെ ഭക്ത്യാഢംബരപൂർവം ആഘോഷിക്കുന്നു.

തിരുനാൾ തിരുക്കർമ്മങ്ങൾക്ക് ജൂൺ 25-ന് വ്യാഴാഴ്ച വൈകുന്നേരം 7 മണിക്ക് വിശുദ്ധ കുർബാനയോടും തുടർന്നുള്ള നൊവേനയോടും കൂടി തുടക്കമായി. ബുക്കാനൻ സെന്റ് ജോസഫ് സീറോമലബാർ കാത്തലിക് മിഷൻ ഡയറക്ടർ റവ.ഫാ. റോയിസൺ മേനോലിക്കൽ മുഖ്യകാർമ്മികനായിരുന്നു. ഇടവകയിലെ ഗ്രാൻഡ് പേരന്റ്സിനെ അന്നേദിവസം പ്രത്യേകം ആദരിക്കുകയുണ്ടായി. ഒമ്പതാം വാർഡുകാരാണ് ഈ ദിവസത്തെ ചടങ്ങുകൾക്ക് നേതൃത്വം നല്കിയത്. ജൂൺ 25 മുതൽ ജൂലൈ 3 വരെ എല്ലാ ദിവസവും വിശുദ്ധ കുർബാനയ്ക്കുശേഷം തോമാശ്ലീഹായുടെ നൊവേന ഉണ്ടായിരിക്കും.



കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്



റവ.ഫാ. കുര്യാക്കോസ് വടാന

ജൂൺ 26-ന് വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കും നൊവേനയ്ക്കും റവ.ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ മുഖ്യകാർമ്മികനായിരുന്നു. ഹൈസ്കൂൾ വിദ്യാർത്ഥികളേയും ഇടവകയിലെ യുവജനങ്ങളേയും അനുമോദിക്കുകയും പ്രത്യേക ആശീർവാദം നല്കുകയും ചെയ്തു. എട്ടാം വാർഡുകാരാണ് ചടങ്ങുകൾക്ക് നേതൃത്വം നല്കിയത്.

ജൂൺ 27-ന് ശനിയാഴ്ച രാവിലെ 9 മണിക്ക് വിശുദ്ധ കുർബാനയും പതിവുപോലെ നിത്യസഹായ മാതാവിന്റെ നൊവേനയും തുടർന്ന് തോമാശ്ലീഹായുടെ നൊവേനയും ഉണ്ടായിരുന്നു. തിരുക്കർമ്മങ്ങൾക്ക് റവ.ഫാ. ടോം മാളിയേക്കൽ മുഖ്യകാർമ്മികനായിരുന്നു. വിവാഹജീവിതത്തിൽ സിൽവർ ജൂബിലി പിന്നിട്ടവരെ അന്നേദിവസം പ്രത്യേകം ആശീർവദിച്ചു. ഏഴാം വാർഡുകാരുടെ നേതൃത്വത്തിലാണ് ചടങ്ങുകൾ നടന്നത്.

ജൂൺ 28-ന് ഞായറാഴ്ച രാവിലെ 9.30-ന് പ്രസുദേന്തിവാഴ്ച തുടർന്ന് കൊടിയേറ്റ് 10 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയും നടത്തി. പിന്നീട് നൊവേനയും ഉണ്ടായിരുന്നു. തിരുക്കർമ്മങ്ങൾക്ക് ഇടവക വികാരി റവ.ഫാ. കുര്യാക്കോസ് വടാന കാർമ്മികത്വം വഹിച്ചു. ഇടവകയിലെ അൾത്താര ശുശ്രൂഷികളേയും യൂക്രിസ്റ്റിക് മിനിസ്ട്രി അംഗങ്ങളെയും ഗായകസംഘത്തെയും അന്നേദിവസം പ്രത്യേകം ആശീർവദിക്കുകയുണ്ടായി. ആറാം വാർഡുകാരാണ് ഞായറാഴ്ചത്തെ ചടങ്ങുകൾക്ക് നേതൃത്വം നല്കിയത്.

വൈകുന്നേരം 5 മണിക്ക് പ്രസുദേന്തി നൈറ്റ്, കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച വിവിധ കലാപരിപാടികൾ, ഇടവകയിൽ നിന്നും ഇക്കൊല്ലം ഗ്രാജുവേറ്റു ചെയ്ത സ്കൂൾ-കോളജ് വിദ്യാർത്ഥികളെ സീറോമലബാർ കാത്തലിക് കോൺഗ്രസിന്റെ (എസ്എംസിസി) നേതൃത്വത്തിൽ അനുമോദിക്കൽ എന്നിവ നടത്തപ്പെട്ടു.

ജൂൺ 29-ന് തിങ്കളാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കും നൊവേനയ്ക്കും റവ.ഫാ. ആന്റോ കണ്ണൻപുഴ കാർമ്മികത്വം വഹിക്കും. ഇടവകയിലെ അമ്മയാകാൻ പോകുന്നവരേയും രണ്ടു വയസിൽ താഴെ പ്രായമുള്ള കുട്ടികളേയും പ്രത്യേകമായി ആശീർവദിക്കുന്നതാണ്. അഞ്ചാം വാർഡുകാരാണ് ചടങ്ങുകൾക്ക് നേതൃത്വം നല്കുന്നത്.

ജൂൺ 30-ന് ചൊവ്വാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കും നൊവേനയ്ക്കും റവ.ഫാ. റോയ് ചിറപുറത്ത് കാർമ്മികത്വം വഹിക്കും. ഇടവകയിലെ എല്ലാ കുടുംബനാഥന്മാരെയും അന്നേദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. നാലാം വാർഡുകാരുടെ നേതൃത്വത്തിലാണ് ഈ ദിവസത്തെ ചടങ്ങുകൾ നടക്കുന്നത്.

ജൂലൈ ഒന്നാം തീയതി ബുധനാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കും നൊവേനയ്ക്കും റവ.ഫാ. ജോബി പൂച്ചുകണ്ടത്തിൽ മുഖ്യകാർമ്മികത്വം വഹിക്കും. എലിമെന്ററി ആൻഡ് മിഡിൽ സ്കൂൾ കുട്ടികളെ അന്നേദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. മൂന്നാം വാർഡുകാരാണ് ബുധനാഴ്ചത്തെ ചടങ്ങുകൾക്ക് നേതൃത്വം നല്കുന്നത്.

ജൂലൈ രണ്ടാം തീയതി വ്യാഴാഴ്ച വൈകുന്നേരം 7 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കും നൊവേനയ്ക്കും ചിക്കാഗോ രൂപതയിലെ നവവൈദികൻ ഫാ. സാം കുട്ടപ്പശേരിയും ചിക്കാഗോ രൂപതയിലെ തദ്ദേശീയനായ പ്രഥമ വൈദികനും ബ്രോങ്ക്സ് ഇടവകാംഗവുമായ റവ.ഫാ. കെവിൻ മുണ്ടക്കലും കാർമ്മികരായിരിക്കും. രണ്ട് വയസ് മുതൽ കിന്റർഗാർഡൻവരെയുള്ള കുട്ടികളെ അന്നേദിവസം പ്രത്യേകം ആശീർവദിക്കുന്നതാണ്. രണ്ടാം വാർഡുകാരാണ് ഈ ദിവസത്തെ ചടങ്ങുകൾക്ക് നേതൃത്വം നല്കുന്നത്.



ദുക്റാന തിരുനാൾ ദിവസമായ ജൂലൈ മൂന്നാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്കുള്ള ആഘോഷമായ റാസ കുർബാനയ്ക്കും തുടർന്നുള്ള നൊവേനയ്ക്കും കർദ്ദിനാൾ മാർ ജോർജ് കൂവക്കാട് മുഖ്യകാർമ്മികത്വം വഹിക്കും. അന്നേദിവസം ഇടവകയിലെ എല്ലാ തോമസ് നാമധാരികളേയും പ്രസുദേന്തിമാരെയും പ്രത്യേകം ആശീർവദിക്കുന്നതാണ്. ഒന്നാം വാർഡുകാരാണ് അന്നത്തെ ചടങ്ങുകൾക്ക് നേതൃത്വം നല്കുന്നത്.

പ്രധാന തിരുനാൾ ദിവസമായ ജൂലൈ നാലാം തീയതി ശനിയാഴ്ച രാവിലെ 9.30-നു ആഘോഷമായ തിരുനാൾ കുർബാനയ്ക്കും റവ.ഫാ. തദേവൂസ് അരവിന്ദത്ത് മുഖ്യകാർമ്മികത്വം വഹിക്കും. കുർബാനയ്ക്കുശേഷം വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടു കൂടി വിശുദ്ധരുടെ സ്വരൂപങ്ങൾ വഹിച്ചുകൊണ്ട് ബ്രോങ്ക്സ് തെരുവീഥികളിലൂടെ ആഘോഷമായ തിരുനാൾ പ്രദക്ഷിണം. തുടർന്ന് ദേവാലയത്തിൽ വിശുദ്ധ തോമാശ്ലീഹായുടെ തിരുശേഷിപ്പ് വണങ്ങുന്നതിനും അടിമ സമർപ്പണത്തിനുമുള്ള അവസരം ഉണ്ടായിരിക്കും.

ജൂലൈ അഞ്ചിന് ഞായറാഴ്ച രാവിലെ പത്തു മണിക്ക് വിശുദ്ധ കുർബാനയും മരിച്ചവരുടെ ഓർമ്മയാചരണവും ഉണ്ടാകും. ഈലോക ജീവിതത്തിനുശേഷം സ്വർഗ്ഗമഹത്വത്തിൽ ചേർന്നവരായ ഇടവകാംഗങ്ങളുടെ അനുസ്മരണം. ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്കുശേഷം പത്തു ദിവസം നീണ്ടുനിന്ന തിരുനാൾ ആഘോഷങ്ങൾക്ക് കൊടിയിറങ്ങും. അന്നേദിവസം ഉച്ചയ്ക്ക് 12 മണിക്ക് സെമിത്തേരി സന്ദർശനവും ഒപ്പീസും പ്രാർത്ഥനകളും ഉണ്ടാകും. തിരുക്കർമ്മങ്ങൾക്ക് ഇടവക വികാരി റവ.ഫാ. കുര്യാക്കോസ് വടാന കാർമ്മികത്വം വഹിക്കും.

തിരുനാൾ ആഘോഷങ്ങളുടെ വിജയത്തിനായി കൈക്കാരന്മാരായ ജോർജ് പട്ടേരിൽ, ഡെന്നി കല്ലുകളം, അനിൽ ചാക്കോ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ തിരുനാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ എല്ലാ വിശ്വാസികളേയും ബ്രോങ്ക്സ് ഇടവകയിലേക്ക് വികാരി റവ.ഫാ. കുര്യാക്കോസ് വടാനയും പള്ളി കമ്മിറ്റി ഭാരവാഹികളും സ്വാഗതം ചെയ്യുന്നു.

# മൗണ്ട് പ്രോസ്പെക്ട് ജൂലൈ ഫോർത്ത് പരേഡിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

ചിക്കാഗോ: അമേരിക്കൻ സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ചിക്കാഗോ ചെണ്ട ക്ലബിന്റെ നേതൃത്വത്തിൽ മൗണ്ട് പ്രോസ്പെക്ട് മലയാളി കമ്യൂണിറ്റിയുമായി കൈകോർത്ത് സംഘടിപ്പിക്കുന്ന ജൂലൈ ഫോർത്ത് പരേഡ് അവിസ്മരണീയമാക്കാനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. കഴിഞ്ഞ

അച്ചൻകുഞ്ഞ് മാത്യു

ആറു വർഷത്തിൽപരമായി മൗണ്ട് പ്രോസ്പെക്ട് സിറ്റിയുടെ പ്രത്യേക ക്ഷണം സ്വീകരിച്ചുകൊണ്ട് കേരളത്തനിമയോടു കൂടി നടത്തുന്ന പരേഡിൽ നിരവധി പേരാണ് സാന്നിദ്ധ്യമറിയിക്കുന്നത്.







മുൻവർഷങ്ങളിൽ പ്രത്യേകമായി അലങ്കരിച്ച മൗണ്ട് പ്രോസ്പെക്ട് പബ്ലിക് വർക്കിന്റെ പ്രത്യേക വാഹനത്തിൽ മുത്തുക്കുടകളുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടു കൂടി മലയാളി കമ്യൂണിറ്റിയുടെ പങ്കാളിത്തത്തോടെ നടത്തപ്പെട്ട പരേഡ് മൗണ്ട് പ്രോസ്പെക്ട് സിറ്റി അധികൃതരുടെ മുക്തകണ്ഠമായ പ്രശംസ ഏറ്റുവാങ്ങിയിട്ടുണ്ട്. ഇത് മലയാളി സമൂഹത്തെ സംബന്ധിച്ചിടത്തോളം വലിയ അംഗീകാരമാണ്.

ഈ വർഷത്തെ മൗണ്ട് പ്രോസ്പെക്ട് ജൂലൈ ഫോർത്ത് പരേഡ് പതിവുപോലെ പ്രോസ്പെക്ട് ഏവിൽ നിന്നും ആരംഭിച്ച് സെൻട്രൽ റോഡിൽ കൂടി മെലാസ് പാർക്കിന് സമീപം അവസാനിക്കുന്നതാണ്.

മൗണ്ട് പ്രോസ്പെക്ടിലെ മലയാളികളുടെ അഭിമാനമായ ജൂലൈ ഫോർത്ത് പരേഡിൽ പങ്കെടുക്കുവാൻ എല്ലാ മലയാളികളെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

പരേഡിന്റെ കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക:

അച്ചൻകുഞ്ഞ് മാത്യു 847 912 2578, ജോൺസൺ കണ്ണൂക്കാടൻ 847 477 0564, പ്രവീൺ തോമസ് 847 769 0050, ജോസ് മണക്കാടൻ 847 830 4128, സജി ഫിലിപ്പ് 847 293 9409, സന്തോഷ് കുര്യൻ 847 387 9993, സെഞ്ജു ജോൺസൺ 847 414 0415.

# 'കരുതൽ' സിനിമ ഒടിടിയിൽ മികച്ച പ്രതികരണം; ഒരാഴ്ചകൊണ്ട് ഇരുപത്തയ്യായിരത്തിനു മുകളിൽ പ്രേക്ഷകരിലേക്ക്

നവാഗതനായ സംവിധായകൻ ജോമി ജോസ് കൈപ്പാറേട്ട് പ്രശാന്ത് മുരളിയെ നായകനാക്കി ഡ്രീംസ് ഓൺ സ്ക്രീൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ കഥയെഴുതി സംവിധാനം ചെയ്യുകയും പ്രശസ്ത ഛായാഗ്രാഹകൻ സാബു ജെയിംസ് തിരക്കഥയും സംഭാഷണവും ക്യാമറയും കൈകാര്യം ചെയ്ത 'കരുതൽ' സിനിമ ഫസ്റ്റ് ഷോസ് ഒടിടിയിൽ മികച്ച സ്വീകാര്യതയാണ് കിട്ടിയിരിക്കുന്നത്.

സാമൂഹിക പ്രസക്തിയുള്ള പ്രമേയത്തെ ഹൃദയസ്പർശിയായ രീതിയിൽ അവതരിപ്പിച്ച് തിയേറ്റർ പ്രദർശനത്തിലൂടെ പ്രേക്ഷകശ്രദ്ധ നേടിയ കരുതലിന് 'ബെസ്റ്റ് ഫിലിം വിത്ത് സോഷ്യൽ റിലവൻസ്' വിഭാഗത്തിൽ ഈ വർഷത്തെ കേരള ഫിലിം ക്രിട്ടിക്സ് അവാർഡും ലഭിച്ചിരുന്നു. ചിത്രം ഇപ്പോൾ ഫസ്റ്റ് ഷോസ് ഒടിടിയിൽ റിലീസ് ചെയ്തിരിക്കുന്ന കരുതൽ കാണുവാനായിട്ട് www.firstshows.com എന്ന വെബ്സൈറ്റ് സന്ദർശിച്ചാൽ കാണാൻ സാധിക്കുന്നതാണ്. മികച്ച പ്രേക്ഷകപ്രശംസ ലഭിച്ച കരുതൽ കഴിഞ്ഞ ഫെബ്രുവരി ആറിനാണ് കേരളത്തിനു പുറമെ യുഎസ്, അയർലൻഡ് എന്നീ രാജ്യങ്ങളിലും തിയേറ്ററുകളിൽ റിലീസ് ചെയ്തത്. കേരളത്തിലെ വിവിധ പ്രദേശങ്ങൾ, കൂടാതെ അമേരിക്ക, അയർലൻഡ് എന്നീ രാജ്യങ്ങളിലുമായാണ് ചിത്രീകരണം പൂർത്തിയാക്കിയത്. ഒരു സിനിമയിൽ പോലും അസിസ്റ്റന്റ് ഡയറക്ടർ പോലും ആകാതെ കുറച്ച് ഷോർട്ട് ഫിലിമുകൾ മാത്രം എടുത്ത് പരിചയമുള്ള ജോമി ജോസ് എന്ന സംവിധായകന് ഇത് മലയാള സിനിമയിൽ സ്വപ്നതുല്യമായ ഒരു തുടക്കമാണ് മലയാള സിനിമാ പ്രേക്ഷകരിൽ നിന്നും കിട്ടിയിരിക്കുന്നത്.

സമകാലിക സംഭവങ്ങളെ കോർത്തിണക്കിയ കരുതൽ ജീവിതസായാഹ്നത്തിൽ അച്ഛനമ്മമാർ മക്കളുടെ സാന്നിദ്ധ്യം കൊതിക്കുന്നതിലെ വേദന തിരിച്ചറിഞ്ഞതായിരുന്നു ചിത്രം ചെയ്യാൻ തനിക്ക് പ്രേരണയായതെന്നും തുടക്കക്കാരനായ ജോമി പറയുന്നു. നായകൻ പ്രശാന്ത് മുരളിയെക്കൂടാതെ കോട്ടയം രമേശ്, സിബി തോമസ്, സുനിൽ സുഖദ, ഐശ്വര്യ നന്ദൻ, സ്റ്റീഫൻ ചെട്ടിക്കൻ, റോബിൻ സ്റ്റീഫൻ, മോളി പയസ്, ഷിജോ പഴയമ്പള്ളിൽ, ആർജെ സുരാജ്, ജോ സ്റ്റീഫൻ, മാത്യു മാപ്ലേട്ട്, ജോസ് കൈപ്പാറേട്ട്, ടോമി ജോസഫ്, റിജേഷ്, അനിൽ ചേരിയിൽ, വിനോദ് ചേരിയിൽ, ജിസ്ന ബാസ്റ്റിൻ, ഷെറിൻ സാം, രശ്മി തോമസ്, ശാന്തമ്മ ഫിലിപ്പ്, സ്മിത ലൂക്ക്, ബിജിമോൾ സണ്ണി, നയന മിഥുൻ, സരിത തോമസ്, അൻവി റെജി, ദിയ തുടങ്ങിയവർ പ്രധാന വേഷങ്ങളിൽ എത്തുന്നു.

എഡിറ്റിങ്-സന്ദീപ്, ബിജിഎം-അനിറ്റ് പി. ജോയ്, സംഗീതസംവിധായകൻ-ജോൺസൺ മങ്ങഴ, ഷൈജു കേളന്തറ, ജോസ് കൈപ്പാറേട്ട് ആൻഡ് സ്മിസ് എന്നിവരുടെ വരികൾക്ക് പ്രസീത ചാലക്കുടി, കെസ്റ്റർ, പ്രദീപ് പള്ളുരുത്തി, ബിന്ദുജ പ്രേം ആൻഡ് സ്മിസ് എന്നിവരാണ് പാടിയിരിക്കുന്നത്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-സഞ്ജു സൈമൺ മാക്കിൽ, കോ-പ്രൊഡ്യൂസേഴ്സ്-മാത്യു മാപ്ലേട്ട്, ശാലിൻ ഷിജോ കുര്യൻ പഴയംപള്ളിയിൽ, ടോമി ജോസഫ് ആൻഡ് ജോ സ്റ്റീഫൻ, കലസംവിധാനം-റോബിൻ സ്റ്റീഫൻ, കോ-ഓർഡിനേറ്റർ-ബൈലോൺ ഏബ്രഹാം, ചമയം-പുനലൂർ രവി ആൻഡ് അനൂപ്, മ്യൂസിക് പ്രൊഡക്ഷൻ-റോഷൻ മാത്യു, പിആർഒ-എസ്. ദിനേശ്, ഡിജിറ്റൽ പിആർഒ-മനു ശിവൻ.




## ഫോമാ സ്ഥാനാർത്ഥികൾക്ക് പിന്തുണ

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷനിൽ നിന്നും ഫോമായുടെ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ജോൺസൺ കണ്ണൂക്കാടൻ, രഞ്ജൻ ഏബ്രഹാം, പ്രിൻസ് ഈപ്പൻ, ആഗ്നസ് മാത്യു എന്നിവർക്ക് സംഘടന പിന്തുണ അറിയിച്ചു.

മുൻപ് ചിക്കാഗോ മലയാളി അസോസിയേഷന്റെ ജോയിന്റ് ട്രഷറർ, ട്രഷറർ, വൈസ് പ്രസിഡണ്ട് എന്നീ സ്ഥാനങ്ങൾ വഹിച്ചശേഷം 2018 മുതൽ 2021 വരെ മൂന്നു വർഷം പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുള്ള ജോൺസൺ പ്രസിഡണ്ടായിരുന്നപ്പോൾ നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തി തന്റെ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചിട്ടുള്ള വ്യക്തിയാണ്. ചിക്കാഗോ മലയാളി അസോസിയേഷന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ധനകാര്യ കമ്മിറ്റിയുടെ ചെയർമാനായി പ്രവർത്തിച്ചു. ദീർഘവർഷങ്ങളായി ചാരിറ്റി കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചുവരുന്നു. ജോൺസൺ റീജിയണൽ വൈസ് പ്രസിഡണ്ടായ ഫോമാ സെൻട്രൽ റീജിയൻ ആദ്യമായി ഈ വർഷം കലാമേള സംഘടിപ്പിച്ച് മാതൃകയായി. ഇപ്പോൾ നാഷണൽ കമ്മിറ്റി ജോയിന്റ് ട്രഷററായി മത്സരിക്കുന്ന ജോൺസണ് എല്ലാ പിന്തുണയും സംഘടന വാഗ്ദാനം ചെയ്തു.


ജോൺസൺ കണ്ണൂക്കാടൻ


രഞ്ജൻ ഏബ്രഹാം


പ്രിൻസ് ഈപ്പൻ


ആഗ്നസ് മാത്യു

സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുന്ന രഞ്ജൻ ഏബ്രഹാം 2016-18 കാലയളവിൽ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ടായിരുന്നു. സംഘടനയുടെ നിരവധി ചുമതലകൾ വഹിച്ചശേഷമാണ് ഫോമായുടെ സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുന്നത്. അദ്ദേഹത്തിന്റെ അനുഭവസമ്പത്തും സേവനമനോഭാവവും സെൻട്രൽ റീജിയൻ കമ്മിറ്റിക്ക് ഒരു മുതൽക്കൂട്ടായിരിക്കും.

നാഷണൽ കമ്മിറ്റി മെംബർ സ്ഥാനത്തേക്ക് മത്സരിക്കുന്ന പ്രിൻസ് ഈപ്പൻ വിവിധ സാമൂഹിക, സാംസ്കാരിക സംഘടനകളിൽ സജീവമായി പ്രവർത്തിച്ച് സമ്പന്നമായ പ്രവർത്തനപരിചയം നേടിയ വ്യക്തിയാണ്. നിലവിൽ അദ്ദേഹം ചിക്കാഗോ മലയാളി അസോസിയേഷന്റെ ജോയിന്റ് ട്രഷററായി പ്രവർത്തിക്കുന്നു.

വിമൻസ് റെപ്രസന്റേറ്റീവ് സ്ഥാനത്തേക്ക് മത്സരിക്കുന്ന ശ്രീമതി ആഗ്നസ് മാത്യു ദീർഘ വർഷങ്ങൾ അസോസിയേഷന്റെ വിമൻസ് റെപ്രെസെന്റേറ്റീവ് ആയി പ്രവർത്തന പരിചയമുള്ള വ്യക്തിയാണ്. വനിതകളുടെ ശാക്തീകരണത്തിനും സാമൂഹിക മുന്നേറ്റത്തിനുമായി നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിട്ടുള്ള അവർ ചാരിറ്റി മേഖലയിലും ശ്രദ്ധേയമായ സേവനപ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്.

## ഏലിയാമ്മ പാലമൂട്ടിലിന് ആദരാഞ്ജലികൾ



ടാമ്പാ: മലയാളി അസോസിയേഷന്റെ മുൻ പ്രസിഡണ്ടും ഫൊക്കാന നേതാവുമായിരുന്ന ഏബ്രഹാം പി. ചാക്കോയുടെ പ്രിയഭാര്യ പാലമൂട്ടിൽ ഏലിയാമ്മ ഏബ്രഹാം (89) അന്തരിച്ചു. ഫ്ളോറിഡയിലെ മലയാളി സമൂഹത്തിന്റെ ആത്മീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്ന ഏലിയമ്മച്ചി ടാമ്പാ സെ. മാർക്ക് മാർത്തോമ്മാ ദേവാലയത്തിന്റെ വളർച്ചയ്ക്കും ശുശ്രൂഷകളിലും സജീവ പങ്കാളിയായിരുന്നു. ഭർത്താവായിരുന്ന ഏബ്രഹാം പി. ചാക്കോ (കുഞ്ഞുമോൻ അങ്കിൾ) മലയാളി അസോസിയേഷന്റെയും ഫൊക്കാനയുടെയും പൊതുരംഗത്തു സജീവമായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നിഴലായി ശക്തമായ പിന്തുണയുമായി ഏലിയാമ്മച്ചി എപ്പോഴും ഒപ്പമുണ്ടായിരുന്നു. നിത്യതയിലേക്ക് യാത്രയായ ഏലിയാമ്മച്ചിയുടെ ദുഃഖിതരായ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും ഫ്ളോറിഡയിലെ മലയാളി സമൂഹം ആദരാഞ്ജലി അർപ്പിക്കുന്നു. പരേതയുടെ സംസ്കാര ശുശ്രൂഷ ജൂൺ 29-ന് തിങ്കളാഴ്ച രാവിലെ 9-ന് ടാമ്പാ സെന്റ് മാർക്ക് മാർത്തോമ്മാ ദേവാലയത്തിലെ (11029 Davis Rd, Tampa, FL 33637) ശുശ്രൂഷകൾക്കു ശേഷം Sunset Memory Gardens, Thonotosassa-യിൽ സംസ്കരിക്കുന്നതാണ്. സംസ്കാര ശുശ്രൂഷകൾക്കു ശേഷം ദേവാലയത്തിൽ അനുശോചന സമ്മേളനവും ഉണ്ടായിരിക്കും.

## മോദി സർക്കാർ വിദ്യാർത്ഥികളെ ഭീകരരായി മുദ്രകുത്തുകയാണെന്ന് രാഹുൽ

ന്യൂഡൽഹി: നരേന്ദ്രമോദി സർക്കാർ വിദ്യാർത്ഥികളെ ഭീകരരായി മുദ്രകുത്തുകയാണെന്ന് ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. അധികാരത്തിന്റെ അഹങ്കാരത്തിൽ മത്തുപിടിച്ച മോദിസർക്കാർ തങ്ങളുടെ അവകാശങ്ങളും നീതിപൂർവമായ പരീക്ഷാനടത്തിപ്പും സുരക്ഷിതമായ ഭാവിയും ആവശ്യപ്പെടുന്ന വിദ്യാർത്ഥികളെ ഭീകരവാദികളെന്ന് വിളിക്കുന്ന നിലയിലേക്ക് താഴ്ന്നെന്നും രാഹുൽ വിമർശിച്ചു. "ഒന്ന് ചിന്തിച്ചുനോക്കൂ, ചോദ്യപേപ്പർ ചോർച്ചകൾക്ക് കാരണക്കാരനായ, 20 കുട്ടികൾക്ക് ജീവൻ നഷ്ടപ്പെടാനിടയാക്കിയ, ദശലക്ഷക്കണക്കിന് യുവാക്കളുടെ ഭാവി ഇരുളിലേക്ക് തള്ളിയിട്ടയാൾ, ഇന്ന് ദുരിതമനുഭവിക്കുന്ന കുട്ടികളെയും ശബ്ദമുയർത്തുന്നവരെയും ഭീകരവാദികളെന്ന് വിളിക്കുകയാണ്. സർക്കാരിനെ ചോദ്യംചെയ്യുന്നവരെ അപഹസിക്കുകയാണവർ. ഇതിൽ പുതുമയില്ല, കർഷകരെ പ്രൊഫഷണൽ പ്രതിഷേധക്കാരെന്നും പരാദങ്ങളെന്നും വിളിച്ചു. ചോദ്യങ്ങൾ ചോദിക്കുന്നവരെ ദേശവിരുദ്ധരെന്ന് മുദ്രകുത്തി. ഇപ്പോൾ യുവാക്കളെ ഭീകരവാദികളെന്ന് വിളിക്കുന്നു. സർക്കാരിനെ ചോദ്യംചെയ്യുന്നവരെ ദേശദ്രോഹികളെന്ന് മുദ്രകുത്തുകയാണ്" - രാഹുൽ ആരോപിച്ചു. യുവാക്കളോട് ധർമേന്ദ്ര പ്രധാൻ മാപ്പുപറയണമെന്നും പരാജയങ്ങളുടെ ഉത്തരവാദിത്വമേറ്റെടുത്ത് രാജിവെക്കണമെന്നും രാഹുൽ ആവശ്യപ്പെട്ടു.

ആവർത്തിച്ചുണ്ടാകുന്ന പരീക്ഷാക്രമക്കേടുകൾ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പരാജയമാണെന്ന് കോൺഗ്രസ് ലോക്സഭാ ഉപനേതാവ് ഗൗരവ് ഗൊഗോയ് പറഞ്ഞു. കോൺഗ്രസ് പ്രക്ഷോഭപരിപാടിയായ 'ഛാത്രോം കി ഗൂഞ്ച്'ന്റെ (വിദ്യാർത്ഥികളുടെ ആരവം) ഭാഗമായി എൻഎസ്‌യുഐ നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികൾ, ജോലി ആഗ്രഹിക്കുന്നവർ, കോച്ചിങ് ഹബ്ബുകൾ, കോളജ് കാമ്പസുകൾ, ലൈബ്രറികൾ എന്നിവ ലക്ഷ്യമിട്ട് 28 പ്രധാന നഗരങ്ങളെ ഉൾപ്പെടുത്തി ഇന്ത്യയിൽ വ്യാപകമായി പ്രചാരണ പരിപാടി സംഘടിപ്പിക്കാനാണ് തീരുമാനം.

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിനാലാം വർഷം 1992-2026

# ദൈവകൃപ, കല, കഠിനാധ്വാനം: സാജുമോൻ മത്തായിയുടെ സിനിമാറ്റിക്ക് ജീവിതം



"ഒരു മനുഷ്യന്റെ വളർച്ചയുടെ യഥാർത്ഥ മനോഹാരിത അവൻ എത്തിച്ചേർന്ന ഉയരങ്ങളിലല്ല, മറിച്ച് ആ ഉയരങ്ങളിലേക്ക് അവൻ ചവിട്ടിക്കയറിയ കല്ലും മുള്ളും നിറഞ്ഞ വഴികളിലാണ് "

## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

നന്മ നിറഞ്ഞ ഒരു ഹൃദയവും ലക്ഷ്യബോധമുള്ള മനസ്സും ഉണ്ടെങ്കിൽ ഏതൊരു പ്രതിസന്ധിയെയും മറികടന്ന് വിജയത്തിന്റെ കൊടുമുടിയിലെത്താം എന്ന് സ്വന്തം ജീവിതം കൊണ്ട് തെളിയിച്ച വ്യക്തിത്വമാണ് വൈക്കം സ്വദേശിയായ സാജുമോൻ മത്തായി. അമേരിക്കൻ പ്രവാസലോകത്തെ കഠിനമായ തിരക്കുകൾക്കിടയിലും തന്റെ ജന്മനാടിനെയും സംസ്കാരത്തെയും മുറുകെപ്പിടിച്ചുകൊണ്ട് അദ്ദേഹം കൈവരിച്ച നേട്ടങ്ങൾ ഏവർക്കും പ്രചോദനമാണ്. ആ നേട്ടങ്ങൾ നിറഞ്ഞ ജീവിത പാതകളിലെ ഉള്ളറകളിലേക്ക് നമുക്ക് സഞ്ചരിക്കാം.

### പാരമ്പര്യത്തിന്റെ പുണ്യഭൂമി

ഒരു മനുഷ്യന്റെ ജീവിതത്തിന്റെയും സ്വഭാവത്തിന്റെയും അടിത്തറ പാകപ്പെടുന്നത് അവൻ ജനിച്ചുവളരുന്ന സാഹചര്യങ്ങളിലാണ്. അതുകൊണ്ട് തന്നെ കോട്ടയം ജില്ലയുടെ ആത്മീയ ചൈതന്യം നിറഞ്ഞ വൈക്കം ഉദയനാപുരം ഏറെ പ്രധാനപ്പെട്ട ഒരു ഭൂമികയാണ്. അവിടെയാണ് വെളിയിൽ നെല്ലിപ്പള്ളിൽ കുടുംബത്തിൽ വി.വി. മത്തായിയുടെയും അന്നമ്മ മത്തായിയുടെയും ഏഴ് മക്കളിൽ ഏറ്റവും ഇളയ മകനായി പിറന്ന സാജുമോന് അച്ചടക്കവും ദൈവവിശ്വാസവും ജന്മനാ ലഭിച്ച വലിയ പുണ്യങ്ങളായിരുന്നു. നാല് പെൺമക്കളും മൂന്ന് ആൺമക്കളുമടങ്ങുന്ന ആ വലിയ കുടുംബത്തിലെ സ്നേഹനിർഭരമായ അന്തരീക്ഷമാണ് അദ്ദേഹത്തെ പിൽക്കാലത്ത് എല്ലാവരെയും സ്നേഹിക്കുന്ന ഒരു നല്ല മനുഷ്യനാക്കി മാറ്റിയത്.

അദ്ദേഹത്തിന്റെ പിതാവ് വി.വി. മത്തായിയാകട്ടെ സമൂഹത്തിൽ ഏറെ ആദരിക്കപ്പെട്ടിരുന്ന വ്യക്തിത്വമായിരുന്നു. ചെമ്പ് സെന്റ് തോമസ് യാക്കോബായ പള്ളിയിൽ നീണ്ട 40 വർഷക്കാലം സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ച അദ്ദേഹത്തിന്റെ ജീവിതം പ്രാർത്ഥനയിലും അച്ചടക്കത്തിലും അധിഷ്ഠിതമായിരുന്നു. അതോടൊപ്പം കണ്ടനാട് ഭദ്രാസനത്തിന്റേയും സൗത്ത് പറവൂരിന്റേയും ഡിസ്ട്രിക്റ്റ് ഇൻസ്പക്ടർ കൂടിയായിരുന്ന അദ്ദേഹം, ആത്മീയ രംഗത്ത് വലിയൊരു മാതൃകയായിരുന്നു. രാഷ്ട്രീയത്തിലും സജീവമായിരുന്ന പിതാവ് അറിയപ്പെടുന്ന ഒരു കോൺഗ്രസ് പ്രവർത്തകനും ഉദയനാപുരം മണ്ഡലത്തിന്റെ ദീർഘകാല പ്രസിഡന്റുമായിരുന്നു. 'സജീവ്' എന്ന പേരിൽ ഒരു ബസ് സർവീസും അദ്ദേഹം നാട്ടിൽ നടത്തിയിരുന്നു. ആ പിതാവ് സമൂഹത്തിൽ ചെലുത്തിയ സ്വാധീനവും അദ്ദേഹത്തിന്റെ ഉന്നതമായ ആദർശങ്ങളുമാണ് സാജുമോന്റെ ജീവിതത്തിന് കൃത്യമായ അടിത്തറ പാകിയത്.

വൈക്കം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിലെ കളിമുറ്റത്തുനിന്നുമായിരുന്നു സജുമോന്റെ പ്രാഥമിക വിദ്യാഭ്യാസം ആരംഭിക്കുന്നത്. ആ സ്കൂൾ വരാന്തകളിലെ സൗഹൃദങ്ങളും അധ്യാപകരുടെ ഉപദേശങ്ങളും അദ്ദേഹത്തിന്റെ മനസ്സിൽ നന്മയുടെ വിത്തുകൾ പാകി. സ്കൂൾ പഠനത്തിന് ശേഷം സാങ്കേതിക മേഖലയോടുള്ള താല്പര്യം കൊണ്ട് ഐ.ടി.ഐ പഠനം പൂർത്തിയാക്കിയ അദ്ദേഹം, സ്വാഭാവികമായും നാട്ടിലെ രാഷ്ട്രീയ-സാമൂഹിക പ്രവർത്തനങ്ങളിലേക്ക് സജീവമായി കടന്നുചെന്നു. നാട്ടുകാരുടെ പ്രിയങ്കരനായ ഒരു യുവാവായി വളരുമ്പോഴും അദ്ദേഹത്തിന്റെ ഉള്ളിൽ വലിയൊരു സ്വപ്നങ്ങളുടെ ലോകം തന്നെയുണ്ടായിരുന്നു.

### നിശ്ചയദാർഢ്യത്തിന്റെ ആദ്യകാല ചുവടുകൾ

യൗവനത്തിന്റെ പ്രസരിപ്പിൽ നാട്ടിലെ സാംസ്കാരിക കൂട്ടായ്മകളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവ സാന്നിധ്യമായി മാറി. പിതാവ് കാണിച്ചുതന്ന സാമൂഹിക സേവനത്തിന്റെ പാതയിൽ സ്വന്തം വ്യക്തിത്വം രൂപപ്പെടുത്താൻ അദ്ദേഹം കഠിനമായി ശ്രമിച്ചു. മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേരാനും അവരെ സഹായിക്കാനും കാണിച്ച മനോഭാവം ആ കാലഘട്ടത്തിലാണ് അദ്ദേഹത്തിൽ ദൃഢമായത്. സാധാരണക്കാരനോടൊപ്പം നിൽക്കാനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും സാജുമോൻ കാണിച്ച താല്പര്യം വൈക്കത്തെ ജനങ്ങൾക്കിടയിൽ അദ്ദേഹത്തിന് വലിയൊരു സൗഹൃദവലയം സൃഷ്ടിച്ചു. നാട്ടിലെ ചെറിയ ചെറിയ കലാ സാംസ്കാരിക മത്സരങ്ങളിലും കായിക പരിപാടികളിലും അദ്ദേഹം സജീവമായി പങ്കെടുത്തു.

### പ്രവാസഭൂമിയിലെ പാതകൾ

തന്റെ പ്രിയപ്പെട്ട ഇളയ സഹോദരി ദീനാമ്മ ജോർജ് അമേരിക്കയിൽ എത്തിയതിനെത്തുടർന്നാണ്, 1986-ൽ സാജുമോൻ മത്തായിയും കടൽ കടന്ന് അമേരിക്കൻ മണ്ണിലേക്ക് കുടിയേറുന്നത്. ഫൊക്കാനയുടെ മുൻ പ്രസിഡന്റ് കൂടിയായ സഹോദരി ഭർത്താവ് ജോർജ് കൊരതും തന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും വലിയൊരു തണലായി കൂടെയുണ്ടായിരുന്നതായി അദ്ദേഹം എപ്പോഴും നന്ദിയോടെ ഓർക്കാറുണ്ട്.

അമേരിക്കയിലെത്തിയ സാജുമോൻ 'ഡാളസ് സെമികണ്ടക്ടർ' എന്ന പ്രമുഖ സ്ഥാപനത്തിലാണ് ദീർഘകാലം വിജയകരമായി ജോലി ചെയ്തത്. പുതിയൊരു സംസ്കാരവും ഭാഷയുമുള്ള അപരിചിതമായ ആ മണ്ണിൽ കഠിനാധ്വാനവും സ്ഥിരതയും വിട്ടുവീഴ്ചയില്ലാത്ത അർപ്പണബോധവും കൊണ്ട് സ്വന്തമായൊരു സാമ്രാജ്യം കെട്ടിപ്പടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. ജോലിയിലെ തിരക്കുകൾക്കിടയിലും തന്റെ വേരുകൾ മറക്കാതിരിക്കാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. അമേരിക്കയിലും ഇന്ത്യയിലുമായി പരന്നുകിടക്കുന്ന ഒരു വലിയ സഹോദരബന്ധം എപ്പോഴും അദ്ദേഹത്തിന് കരുത്തായിനിന്നു. അത് എടുത്തു പറയാതെ സാജുമോൻ മത്തായിയെ കുറിച്ച് മുഴുമിക്കാൻ കഴിയില്ല സാറാമ്മ ജോർജ് - ഡാളസ് (ഭർത്താവ് - ജോർജ്കുട്ടി വാരണത്ത്), മേരി ജോസഫ് (ടി. കെ. ജോസഫ് ചന്ദ്രപൂർ മഹാരാഷ്ട്ര), സൂസി (ജോയിക്കുട്ടി, തഹസീൽദാർ), ദീനാമ്മ ജോർജ് ഫ്ളോറിഡ (ജോർജ് കോരുത്), തോമസ് മത്തായി വെളിയിൽ (അന്നമ്മ തോമസ്), ജോർജ് കുട്ടി (ബേബിക്കുട്ടി). എന്നിവരടങ്ങുന്നതാണ് അദ്ദേഹത്തിന്റെ ആ സുദൃഢമായ കുടുംബവലയം. ഇവരുടെ അനിയന്ത്രിതമായ സ്നേഹവായ്പ്പുകൾ ആണ് സാജുമോൻ മത്തായിയുടെ മുന്നോട്ടുള്ള ജീവിതത്തിലെ ഇന്ധനമായി പ്രവർത്തിക്കുന്നത്. വേരുകളാണല്ലോ മരത്തിന്റെ ബലം. അതുകൊണ്ട് കുടുംബം അദ്ദേഹത്തെ എന്നും സംരക്ഷിക്കുന്ന ഒരു കവചം കൂടിയാണ്.











KERALA EXPRESS പ്രവാസി താളുകൾ

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിനാലാം വർഷം 1992-2026











### ആത്മീയ സംഗീതത്തിന്റെ ദൈവീക വരദാനം

കേവലമൊരു അമേരിക്കൻ മലയാളി എന്നതിലുപരി സാജുമോൻ മത്തായി എന്ന നാമത്തെ ജനഹൃദയങ്ങളിൽ ചേർത്തുവെക്കുന്നത് അദ്ദേഹത്തിലെ ആത്മീയ സംഗീത ധാരയാണ്. സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് യാക്കോബായ ചർച്ചിലൂടെ ആത്മീയ ശുശ്രൂഷകളിൽ സജീവമായ അദ്ദേഹം പള്ളിയിൽ വൈസ് പ്രസിഡന്റ്, ട്രസ്റ്റി, കമ്മിറ്റി അംഗം, പ്രാർത്ഥനാ ഗ്രൂപ്പ് ലീഡർ എന്നീ നിലകളിൽ മാതൃകാപരമായ സേവനമാണ് കാഴ്ചവെക്കുന്നത്. കൂടാതെ കെ.ഇ.സി.എഫ്-ന്റെ കമ്മിറ്റി അംഗമായും അദ്ദേഹം പ്രവർത്തിക്കുന്നു. ചെറുപ്പം മുതലേ സംഗീതത്തെ അത്രമേൽ പ്രണയിച്ച അദ്ദേഹത്തിന്റെ ജീവിതം ദൈവസ്തുതികളുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ 25 വർഷത്തിലേറെയായി ഒരു കയർ ലീഡറായി അദ്ദേഹം പാടുമ്പോൾ, അത് കേവലമൊരു ആലാപനത്തിനപ്പുറം കേൾവിക്കാരെ ഈശ്വരസാന്നിധ്യത്തിലേക്ക് നയിക്കുന്ന ഒരു ദിവ്യാനുഭൂതിയായി മാറുന്നു.

ഇലകൾ പോലും തലകുനിച്ചുനിൽക്കുന്ന ഭക്തിസാന്ദ്രമായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ ശബ്ദത്തിന് പ്രത്യേകമായൊരു ദൈവീക വരദാനമുണ്ട്. ആ ശബ്ദത്തിൽ തങ്ങിനിൽക്കുന്ന ആത്മാർത്ഥതയും ദൈവഭയവും കൊണ്ടാണ് അമേരിക്കയിലുടനീളമുള്ള വലിയ വലിയ ക്രൈസ്തവ കൺവൻഷനുകളിലേക്ക് സാജുമോന്റെ നേതൃത്വത്തിലുള്ള കയർ ഗ്രൂപ്പുകളെ സംഘാടകർ ഹൃദയപൂർവ്വം ക്ഷണിക്കുന്നത്. പല സ്ഥലങ്ങളിലും പുതിയ കയർ ഗ്രൂപ്പുകൾ രൂപീകരിക്കാനും അദ്ദേഹം മുൻകൈ എടുത്തിട്ടുണ്ട്. വിവാഹങ്ങൾക്കും മറ്റ് വിശേഷാവസരങ്ങൾക്കും കയർ ഗാനങ്ങൾക്ക് നേതൃത്വം നൽകുന്നു.

### വിജയങ്ങൾക്ക് കരുത്തായി പ്രിയസഖിയും കുടുംബവും

സാജുമോൻ മത്തായിയുടെ ജീവിതവിജയങ്ങളുടെ ഏറ്റവും വലിയ രഹസ്യം അദ്ദേഹത്തിന്റെ സുദൃഢവും ദൈവീകവുമായ കുടുംബപശ്ചാത്തലമാണ്. 1988 ഓഗസ്റ്റ് 15-നായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് ഷീബ സാമുവേൽ കടന്നുവരുന്നത്. പന്തളം സ്വദേശിയും കാശ്മീരിൽ മേജറുമായിരുന്ന ക്യാപ്റ്റൻ സി.കെ. സാമുവേലിന്റേയും ബിലായ് സ്റ്റീൽ പ്ലാന്റ് ഓഫീസറായിരുന്ന തങ്കമ്മ സാമുവേലിന്റേയും മകളാണ് ഷീബ. ഒരു സൈനികന്റെ മകളായതുകൊണ്ടുതന്നെ അച്ചടക്കവും കൃത്യനിഷ്ഠയും ജീവിതവ്രതമാക്കിയ ഷീബയുടെ സാന്നിധ്യം സാജുമോന്റെ ജീവിതത്തിന് പുതിയൊരു വെളിച്ചം നൽകി.

ഉത്തരേന്ത്യൻ പശ്ചാത്തലത്തിൽ വളർന്ന ഷീബ, ജീവിതത്തിന്റെ എല്ലാ പ്രതിസന്ധികളിലും ഉയർച്ചതാഴ്ചകളിലും സാജുമോന് ശക്തമായ താങ്ങും തണലുമായി നിന്നു. ഒരു നല്ല പ്രവാസി ഭാര്യയുടെ ശക്തമായ പ്രാർത്ഥനയും അകമഴിഞ്ഞ പിന്തുണയുമില്ലെങ്കിൽ പ്രവാസഭൂമിയിൽ നിന്നുകൊണ്ട് സിനിമ പോലുള്ള വലിയൊരു സ്വപ്നത്തിലേക്ക് ചുവടുവെക്കാൻ തനിക്ക് സാധിക്കില്ലായിരുന്നു എന്ന് അദ്ദേഹം ഹൃദയപൂർവ്വം സാക്ഷ്യപ്പെടുത്തുന്നു.

ഭർത്താവിന്റെ കലാപരമായ എല്ലാ താല്പര്യങ്ങൾക്കും പൂർണ്ണ സ്വാതന്ത്ര്യം നൽകി കൂടെ നിൽക്കുന്ന ഷീബയുടെയും മക്കളുടേയും സ്നേഹമാണ് അദ്ദേഹത്തിന്റെ ഊർജ്ജം. നേഴ്സ് പ്രാക്ടീഷണറായ മകൾ ജസിക്ക സാജുമോൻ, ഐടി പ്രൊഫഷണലായ മരുമകൻ എബിൻ വർഗീസ് (അറ്റ്ലാന്റ), എച്ച്.ആർ മേഖലയിൽ തിളങ്ങുന്ന മകൻ ജെറിൽ സാജുമോൻ എന്നിവരടങ്ങുന്ന ഈ കുടുംബം സ്നേഹത്തിന്റെയും ഒത്തൊരുമയുടെയും ഉത്തമ ഉദാഹരണമാണ്. തികച്ചും ആത്മീയവും സ്നേഹനിർഭരവുമായ അന്തരീക്ഷത്തിലാണ് ഈ കുടുംബം മുന്നോട്ട് പോകുന്നത്.

ഒരു വലിയ സംരംഭകനായി വളരുമ്പോഴും തന്റെ കുടുംബത്തിന് അദ്ദേഹം വലിയ പ്രാധാന്യമാണ് സാജുമോൻ നൽകിയത്. മക്കളുടെ വളർച്ചയിലും അവരുടെ വിദ്യാഭ്യാസത്തിലും അദ്ദേഹം സശ്രദ്ധം ഇടപെട്ടു. സ്നേഹവും അച്ചടക്കവും നിറഞ്ഞ ഒരു കുടുംബനാഥനായി അദ്ദേഹം മാറി.

തന്റെ തിരക്കുകൾക്കിടയിലും മക്കൾക്കൊപ്പം സമയം ചിലവഴിക്കാനും അവരുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചു. ആ സ്നേഹവും പരസ്പര വിശ്വാസവുമാണ് ഈ കുടുംബത്തിന്റെ വിജയത്തിന്റെ അടിസ്ഥാനം. പ്രതിസന്ധികൾ വരുമ്പോൾ കുടുംബം നൽകുന്ന പിന്തുണയാണ് തന്നെ മുന്നോട്ട് നയിക്കുന്നതെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

### വെള്ളിത്തിരയിലെ വലിയ സ്വപ്നങ്ങൾ

സിനിമയോടുള്ള ആഴമേറിയ പ്രണയം സാജുമോൻ മത്തായിയെ ഒരു നിർമ്മാതാവിന്റെ കുപ്പായമണിയിച്ചു. വെറുമൊരു കച്ചവടക്കണ്ണോടെയല്ല, മറിച്ച് പ്രേക്ഷകന്റെ ഉള്ളുതൊടുന്ന നല്ലൊരു സിനിമ ചെയ്യണമെന്ന ആഗ്രഹത്തോടെയാണ് അദ്ദേഹം ഈ രംഗത്തേക്ക് കടന്നുവന്നത്. 2025-ൽ അദ്ദേഹം നിർമ്മിച്ച 'മോർഫ്യൂസ്' എന്ന ഹ്രസ്വചിത്രം വലിയ ജനശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ആ വിജയത്തിന്റെ ആത്മവിശ്വാസത്തിൽ നവാഗതനായ വിക്ടർ ആഡംസ് സംവിധാനം ചെയ്യുന്ന വലിയൊരു ബിഗ് സ്ക്രീൻ ചിത്രത്തിന്റെ നിർമ്മാണത്തിലാണ് അദ്ദേഹം ഇപ്പോൾ. മലയാളത്തിലെ മുൻനിര താരങ്ങൾ അണിനിരക്കുന്ന ഈ ചിത്രം മികച്ചൊരു കഥാപശ്ചാത്തലത്തിലാണ് ഒരുങ്ങുന്നത്. തികച്ചും ക്രിയാത്മകവും പ്രേക്ഷകർക്ക് ആസ്വാദ്യകരവുമായ ഒരു നല്ല സിനിമ സമ്മാനിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ചിത്രം ലോകമെമ്പാടും റിലീസ് ചെയ്യാൻ ഒരുങ്ങുന്നത്. ഈ ചിത്രം വിജയമായാൽ തുടർന്നും മികച്ച സിനിമകൾ നിർമ്മിക്കാനാണ് അദ്ദേഹത്തിന്റെ തീരുമാനം.

ഈ ചിത്രത്തിലൂടെ സാജുമോന്റെ മകൻ ജെറിലും വെള്ളിത്തിരയിൽ അരങ്ങേറ്റം കുറിക്കുന്നു എന്ന വലിയൊരു പ്രത്യേകതയുമുണ്ട്. മികച്ചൊരു ഫുട്ബോൾ താരം കൂടിയായ ജെറിലിന്റെ അഭിനയമോഹങ്ങൾക്ക് പൂർണ്ണ പിന്തുണയുമായി പിതാവ് കൂടെയുണ്ട്. മകന്റെ കലാപരമായ കഴിവുകളെ തിരിച്ചറിഞ്ഞ് അതിന് അനുയോജ്യമായ വേദിയൊരുക്കാൻ അദ്ദേഹം കാണിച്ച താല്പര്യം ഒരു പിതാവെന്ന നിലയിൽ വലിയൊരു മാതൃകയാണ്.

സിനിമ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വലിയൊരു ദീർഘവീക്ഷണമാണ് സാജുമോൻ പുലർത്തുന്നത്. നല്ലൊരു കഥയും മികച്ച അണിയറപ്രവർത്തകരും ഉണ്ടെങ്കിൽ മാത്രമേ ഒരു നല്ല സിനിമ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയൂ എന്ന് അദ്ദേഹം വിശ്വസിക്കുന്നു.

കേവലം വിനോദത്തിനപ്പുറം ചിന്തിപ്പിക്കുന്ന ഒന്നായിരിക്കണം സിനിമ എന്ന ചിന്തയാണ് അദ്ദേഹത്തിനുള്ളത്. സിനിമ എന്ന മാധ്യമത്തിലൂടെ പുതിയൊരു സന്ദേശം ലോകത്തിന് നൽകാൻ അദ്ദേഹം ആഗ്രഹിക്കുന്നു. ഇതിനായി മികച്ച കഥകളും പുതിയ ആശയങ്ങളും അദ്ദേഹം നിരന്തരം തിരയുന്നുണ്ട്.

### കാരുണ്യത്തിന്റെ വറ്റാത്ത ഉറവ

വിജയങ്ങളുടെ കൊടുമുടിയിൽ നിൽക്കുമ്പോഴും താൻ നടന്നുതുടങ്ങിയ മണ്ണും മനുഷ്യരെയും സാജുമോൻ മറന്നിട്ടില്ല. കഴിഞ്ഞ 15 വർഷമായി കോവിഡിന്റെ മഹാമാരി കാലത്തും കേരളത്തെ ഉലച്ച പ്രളയക്കെടുതികളിലും ആശ്വാസത്തിന്റെ കരങ്ങളുമായി സാജുമോൻ മുൻപന്തിയിലുണ്ടായിരുന്നു. പാവപ്പെട്ടവർക്ക് അന്നമെത്തിക്കാനും മിടുക്കരായ വിദ്യാർത്ഥികൾക്ക് പഠനത്തിനായുള്ള സ്കോളർഷിപ്പ് നൽകാനും അദ്ദേഹം എപ്പോഴും ശ്രദ്ധിക്കാറുണ്ട്. വൈക്കം മണ്ഡലത്തിൽ അദ്ദേഹം നടത്തിയ വീൽചെയർ വിതരണം ഏറെ ശ്രദ്ധേയമായിരുന്നു. ആളുകൾക്ക് ഏറ്റവും കൂടുതൽ സഹായം ആവശ്യമുള്ള ദുരന്ത സമയങ്ങളിൽ തന്നെ സഹായം എത്തിക്കാൻ അദ്ദേഹം പ്രത്യേകം താല്പര്യമെടുക്കുന്നു.

കക്ഷിരാഷ്ട്രീയ ഭേദമന്യേ ഭരണകർത്താക്കളുമായും മന്ത്രിമാരുമായും എം.എൽ.എമാരുമായും ഉള്ള ഊഷ്മളമായ സൗഹൃദം അദ്ദേഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളെ അർഹരിലേക്ക് വേഗത്തിൽ എത്തിക്കാൻ സഹായിക്കുന്നു.

തന്റെ സമ്പാദ്യത്തിന്റെ വലിയൊരു ഭാഗം മറ്റുള്ളവരുടെ നന്മക്കായി മാറ്റിവെക്കാൻ അദ്ദേഹം കാണിക്കുന്ന മനസ്സ് വലിയൊരു സന്ദേശമാണ് സമൂഹത്തിന് നൽകുന്നത്. കാരുണ്യം എന്നത് കേവലം വാക്കുകളിൽ ഒതുക്കേണ്ടതല്ല, അത് പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. നാട്ടിലെ പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം നൽകാനും അനാഥാലയങ്ങളെ സഹായിക്കാനും അദ്ദേഹം എപ്പോഴും സമയം കണ്ടെത്തുന്നു. തന്റെ സഹായങ്ങൾ അർഹതപ്പെട്ട കൈകളിൽ തന്നെ എത്തിക്കുന്നു എന്ന് അദ്ദേഹം ഉറപ്പുവരുത്താറുണ്ട്. പരസ്യപ്രശസ്തി ആഗ്രഹിക്കാതെ ചെയ്യുന്ന ഇത്തരം നന്മകളാണ് അദ്ദേഹത്തെ പ്രിയങ്കരനാക്കുന്നത്.

### പ്രവാസികളോടുള്ള സ്നേഹവും കരുതലും

അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിൽ സാജുമോൻ ഒരു വലിയ ചാലകശക്തിയായി പ്രവർത്തിക്കുന്നു. പുതിയതായി പ്രവാസലോകത്തേക്ക് എത്തുന്ന മലയാളികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അവർക്ക് സഹായമേകാനും അദ്ദേഹം എപ്പോഴും തയ്യാറാണ്.

തന്റെ അനുഭവങ്ങളിൽ നിന്നും പഠിച്ച പാഠങ്ങൾ മറ്റുള്ളവർക്ക് പകർന്നുനൽകാൻ അദ്ദേഹം മടിക്കാറില്ല. ഡാളസിലെ മലയാളി സംഘടനകളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ട് മലയാളത്തിന്റെ തനിമ മറുനാട്ടിൽ നിലനിർത്താൻ അദ്ദേഹം വലിയൊരു പങ്കാണ് വഹിക്കുന്നത്.

അതുകൊണ്ട് തന്നെ സാജുമോൻ മത്തായിയുടെ ജീവിതം ഒരു വ്യക്തിയുടെ വിജയകഥ മാത്രമല്ല, അത് വലിയൊരു സാമൂഹിക പ്രതിബദ്ധതയുടെ സാക്ഷ്യം കൂടിയാണ്. തനിക്ക് ലഭിച്ച അനുഗ്രഹങ്ങൾ മറ്റുള്ളവർക്കായി പങ്കുവെക്കാൻ കാണിക്കുന്ന വലിയ മനസ്സാണ് അദ്ദേഹത്തിന്റെ യഥാർത്ഥ വിജയം. കലയുടെയും ആത്മീയതയുടെയും നന്മയുടെയും പാതയിലൂടെയുള്ള അദ്ദേഹത്തിന്റെ ഈ പ്രയാണം വരുംതലമുറകൾക്ക് വലിയൊരു വഴികാട്ടിയാണ്. ജീവിതത്തിൽ കഠിനാധ്വാനവും ദൈവവിശ്വാസവും ഉണ്ടെങ്കിൽ ഏത് പ്രതിസന്ധിയും മറികടക്കാം എന്ന് അദ്ദേഹം തെളിയിക്കുന്നു.


ജന്മനാടായ വൈക്കത്തോടുള്ള കടപ്പാടും ഇവിടെ അടയാളപ്പെടുത്തേണ്ട ഒന്നാണ്. എത്രയൊക്കെ ഉയർന്ന നിലകളിൽ എത്തിയാലും വൈക്കത്തിന്റെ മണ്ണും അവിടുത്തെ മനുഷ്യരും സാജുമോന്റെ ഹൃദയത്തിന്റെ ഭാഗമാണ്. വർഷത്തിൽ ഒരിക്കലെങ്കിലും നാട്ടിലെത്തി പഴയ കൂട്ടുകാരെ കാണാനും അവരുടെ വിശേഷങ്ങൾ പങ്കുവെക്കാനും അദ്ദേഹം സമയം കണ്ടെത്തുന്നു.

### പുതിയ സ്വപ്നങ്ങളും പ്രതീക്ഷകളും

ജീവിതത്തിന്റെ പല ഘട്ടങ്ങളും വിജയകരമായി പിന്നിടുമ്പോഴും സാജുമോൻ വിശ്രമിക്കാൻ തയ്യാറല്ല. പുതിയ ആശയങ്ങളും വലിയ സ്വപ്നങ്ങളുമായി അദ്ദേഹം എപ്പോഴും സജീവമാണ്. തന്റെ പുതിയ സിനിമാ സംരംഭം വിജയകരമായി പൂർത്തിയാക്കി ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പ്രധാന ലക്ഷ്യം. ദൈവാനുഗ്രഹത്തോടെ ആ സ്വപ്നവും സാക്ഷാത്കരിക്കപ്പെടും എന്ന പ്രതീക്ഷയിലാണ് അദ്ദേഹം. ഇതിനായി പുതിയ പ്രോജക്ടുകളുടെ ചർച്ചകളിലാണ് അദ്ദേഹം ഇപ്പോൾ.

ഇന്നത്തെ തലമുറയ്ക്ക് സാജുമോനും അദ്ദേഹത്തിന്റെ ജീവിതവും നൽകുന്ന സന്ദേശം വളരെ ലളിതമാണ്. ഇനിയും ഒട്ടനവധി ലക്ഷ്യങ്ങളും സ്വപ്നങ്ങളുമായി മുന്നോട്ട് പോകുന്ന സാജുമോൻ മത്തായിക്ക് എല്ലാവിധ ആശംസകളും നേരുന്നു. ആ നന്മയുടെ പ്രയാണം ഇനിയും തുടരട്ടെ. മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് സംഗീതത്തിന്റെ സാന്ദ്രതയിൽ നിന്നും അതിന്റെ വന്യതയിലേക്ക് ദൈവീകതയുടെ പൂർണ്ണതയിലേക്ക് അദ്ദേഹം സഞ്ചരിക്കട്ടെ.. ആശംസകൾ....

# പ്രതികാരത്തിന്റെ ചെറുത്തു നിൽപ്പിന്റെ മോർഫ്യൂസ്




ഫീച്ചർ



അനിൽ പെണ്ണുക്കര

മലയാളത്തിൽ ഹൊറർ ചിത്രങ്ങൾ സാധാരണയായി ഭയപ്പെടുത്തുന്ന അന്തരീക്ഷവും അട്ടഹാസങ്ങളുമായിട്ടാണ് കടന്നുവരാറുള്ളത്. എന്നാൽ ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു പാത തെരഞ്ഞെടുത്ത്, പ്രേക്ഷകരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ സൈന മൂവീസിലൂടെ പുറത്തിറങ്ങിയ മികച്ചൊരു ഹ്രസ്വചിത്രമാണ് മോർഫ്യൂസ്. ബിജു യൂണിറ്റി, പ്രദീപ് ബാലൻ, ദീപ്തി ദേവ്, അജിത് കൂത്താട്ടുകുളം എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്ന ഈ ചിത്രം 4K ദൃശ്യ മികവിലാണ് അണിയറ പ്രവർത്തകർ ഒരുക്കിയിരിക്കുന്നത്. അമേരിക്കൻ മലയാളിയും സാമൂഹിക സാംസ്കാരിക പ്രവർത്തകനുമായ സാജുമോൻ മത്തായി, ജെറിൽ സാജുമോൻ എന്നിവർ ജെ ആൻഡ് ജെ പ്രൊഡക്ഷന്റെ ബാനറിൽ നിർമ്മിച്ച ഈ ലഘുചിത്രം സംവിധാനം ചെയ്തത് ബിജു യുണിറ്റിയാണ്. ബിജുവിന്റേയും, രാജേഷ് ഇരവിച്ചിറയുടേയും രചന ഏറെ വ്യത്യസ്തത നിറഞ്ഞതാണ്.

ഏകദേശം 20 വർഷങ്ങൾക്ക് മുൻപ് മരണപ്പെട്ട ഏഞ്ചൽ മേരി വർഗീസ് എന്ന യുവതിയുടെ കല്ലറ, പുതിയൊരു കേസന്വേഷണത്തിന്റെ ഭാഗമായി തുറക്കേണ്ടി വരുന്നിടത്താണ് ചിത്രം ആരംഭിക്കുന്നത്. ശ്മശാനത്തിലെ കുഴിയെടുപ്പുകാരനായ മുരുകനാണ് ഈ ദൗത്യം നിർവ്വഹിക്കുന്നത്. പണിയും കഴിഞ്ഞ് മടങ്ങുമ്പോൾ കല്ലറയിൽ നിന്ന് ലഭിച്ച ചില വ്യക്തിഗത വസ്തുക്കളും ഒരു തലയോട്ടിയും മുരുകൻ അശ്രദ്ധമായി തന്റെ വീട്ടിലേക്ക് കൊണ്ടുപോകുന്നു. തുടർന്നുണ്ടാകുന്ന അമാനുഷികമായ സാഹചര്യങ്ങളിലൂടെ ഏഞ്ചൽ മേരിയുടെ ആത്മാവ് മുരുകന് മുന്നിൽ പ്രത്യക്ഷപ്പെടുകയാണ്.

ഇവിടെയാണ് ചിത്രം പതിവ് ഹൊറർ ശൈലികളിൽ നിന്ന് മാറി സഞ്ചരിക്കുന്നത്. മുരുകന് മുന്നിലെത്തുന്ന പ്രേതം അവനെ ഭയപ്പെടുത്താനല്ല, മറിച്ച് തന്റെ കൊലപാതകത്തിന് പിന്നിലെ യഥാർത്ഥ സത്യം കണ്ടെത്താനാണ് ശ്രമിക്കുന്നത്.

കാലങ്ങൾക്കപ്പുറം ഇന്ന് വലിയൊരു രാഷ്ട്രീയ സ്വാധീനമുള്ള നേതാവായി മാറിയ മണികണ്ഠൻ എന്ന 'ചെകുത്താൻ' ആണ് തന്റെ ഘാതകൻ എന്ന് ഏഞ്ചൽ തിരിച്ചറിയുന്നതോടെ ചിത്രം ഒരു ത്രില്ലർ സ്വഭാവത്തിലേക്ക് മാറുന്നു. തന്റെ പ്രതികാരം പൂർത്തിയാക്കാൻ അവൾ മുരുകനെ ഒരു മാധ്യമമാക്കുകയാണ് ഇവിടെ. സാധാരണ പ്രേത സിനിമകളിൽ കാണാറുള്ളതുപോലെ ഇരുട്ടിൽ ഒളിച്ചിരുന്ന് ചോര കുടിക്കുന്ന രൂപമല്ല ഇതിലെ ഏഞ്ചൽ. മുരുകനുമായി സൗഹൃദം സ്ഥാപിക്കുകയും, ഒരുമിച്ച് മദ്യപിക്കുകയും, തമാശകൾ പറയുകയും ചെയ്യുന്ന വളരെ പാവത്താനായ ഒരു ആത്മാവാണ് അവൾ. ജീവിച്ചിരിക്കുന്ന മനുഷ്യരെയാണ് മരിച്ചു പോയവരേക്കാൾ പേടിക്കേണ്ടതെന്ന മുരുകന്റെ തിരിച്ചറിവ് ചിത്രത്തിന്റെ ആഴം കൂട്ടുന്നു.


അഭിനേതാക്കളുടെ മികച്ച പ്രകടനമാണ് ചിത്രത്തിന്റെ ഏറ്റവും വലിയ കരുത്ത്. മുരുകൻ എന്ന സാധാരണക്കാരനായ കഥാപാത്രത്തെ അവതരിപ്പിച്ച നടൻ വളരെ സ്വാഭാവികമായ അഭിനയത്തിലൂടെ കയ്യടി നേടുന്നുണ്ട്. ഏഞ്ചൽ മേരിയായി വേഷമിട്ട ദീപ്തി ദേവ് ഭയത്തിന് പകരം പ്രേക്ഷകരിൽ സഹതാപവും സ്നേഹവും നിറയ്ക്കുന്നതിൽ പൂർണ്ണമായും വിജയിച്ചു. വില്ലൻ വേഷം കൈകാര്യം ചെയ്ത പ്രദീപ് ബാലന്റെ പ്രകടനവും രാഷ്ട്രീയക്കാരന്റെ ക്രൂരതയും സ്വാധീനവും കൃത്യമായി പ്രതിഫലിപ്പിക്കുന്നതായിരുന്നു. 37 മിനിറ്റ് ദൈർഘ്യമുള്ള ചിത്രത്തിന്റെ ഛായാഗ്രഹണവും പശ്ചാത്തല സംഗീതവും കഥയോട് ചേർന്നുനിൽക്കുന്നതാണ്. ഓരോ രംഗങ്ങളുടെയും മൂഡ് അനുസരിച്ച് സംഗീതം മാറുന്നത് പ്രേക്ഷകനെ കഥയിലേക്ക് കൂടുതൽ അടുപ്പിക്കുന്നു.

സ്ത്രീ സുരക്ഷയെക്കുറിച്ചും, ഒരു സ്ത്രീയുടെ ശരീരത്തിൽ അവളുടെ അനുവാദമില്ലാതെ തൊടാൻ പാടില്ലെന്ന 'കൺസെന്റ്' എന്ന വലിയ ആശയത്തെക്കുറിച്ചും ചിത്രം വളരെ ലളിതമായി സംസാരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. കഥ പുരോഗമിക്കുമ്പോൾ ചില ഭാഗങ്ങൾ മുൻകൂട്ടി പ്രവചിക്കാൻ സാധിക്കുന്നവയാണ് എന്നത് ചിത്രത്തിന്റെ ഒരു ചെറിയ പോരായ്മയായി തോന്നാം. കൂടാതെ, ഒരു റിവഞ്ച് ത്രില്ലർ എന്ന ലേബലിലേക്ക് പൂർണ്ണമായി മാറുമ്പോൾ ക്ലൈമാക്സിനോട് അടുക്കുന്ന ഭാഗങ്ങളിൽ കഥയുടെ വേഗത അല്പം കുറയുന്നതായും ചിലയിടങ്ങളിൽ അനുഭവപ്പെടുന്നുണ്ട്. എന്നിരുന്നാലും, ഹൊറർ ചിത്രങ്ങളെ ഭയമില്ലാതെ, കുറച്ചൊക്കെ തമാശയും ഒപ്പം നല്ലൊരു സാമൂഹിക സന്ദേശവും കലർത്തി ആസ്വദിക്കാൻ ആഗ്രഹിക്കുന്ന ഏതൊരു പ്രേക്ഷകനും ധൈര്യമായി കണ്ടിരിക്കാൻ പറ്റുന്ന ഒരു കൊച്ചു ചിത്രമാണ് 'മോർഫ്യൂസ്'. ലളിതമായ മേക്കിംഗും മികച്ച കെമിസ്ട്രിയും കൊണ്ട് ഈ ഹ്രസ്വചിത്രം പ്രേക്ഷകരെ ഒട്ടും ബോറടിപ്പിക്കില്ല.

ചിത്രത്തിന്റെ ക്ലൈമാക്സ് രംഗങ്ങൾ പ്രേക്ഷകന് മികച്ചൊരു ദൃശ്യാനുഭവമാണ് സമ്മാനിക്കുന്നത്. പ്രതികാരവും നീതിയും തമ്മിലുള്ള പോരാട്ടം വെറുമൊരു കൊലപാതകത്തിൽ ഒതുക്കാതെ, കുറ്റവാളിയുടെ മാനസികമായ പതനത്തെക്കൂടി കാണിച്ചു തരാൻ സംവിധായകന് സാധിച്ചിട്ടുണ്ട്. ഒടുവിൽ ഏഞ്ചലിന്റെ ആത്മാവ് മുരുകനോട് വിടപറഞ്ഞ് മടങ്ങുന്ന രംഗം പ്രേക്ഷകരിൽ ഒരു കൊച്ചു നോവായി അവശേഷിക്കും. വലിയ അവകാശവാദങ്ങളൊന്നുമില്ലാതെ യൂട്യൂബിലെത്തിയ 'മോർഫ്യൂസ്', പുതുമയുള്ള അവതരണ ശൈലികൊണ്ടും കാമ്പുള്ള തിരക്കഥകൊണ്ടും ഈ അടുത്തകാലത്തിറങ്ങിയ മികച്ച മലയാളം ഹ്രസ്വചിത്രങ്ങളുടെ പട്ടികയിൽ തീർച്ചയായും ഇടംപിടിക്കുന്ന ഒന്നാണ്. ചിത്രം കാണാൻ ഈ ലിങ്ക് ഉപയോഗിക്കാം

https://www.youtube.com/watch?v=jUK7SltJgsY





കേരളാ എക്സ്പ്രസ് വാരാന്ത്യം

# ഉഷാ നായരുടെ കവിതാ സമാഹാരം ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ പ്രകാശനം ചെയ്തു

**അനിൽ പെണ്ണുക്കര**

അമേരിക്കൻ മലയാളി എഴുത്തുകാരി ഉഷാ നായരുടെ കവിതാ സമാഹാരം ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ പ്രകാശനം ചെയ്തു. വായനാ വാരാചരണത്തിന്റെ ഭാഗമായി മാവേലിക്കര വായന സാഹിത്യ ആസ്വാദന സമിതി സംഘടിപ്പിച്ച മാവേലിക്കര ശാരദാ മന്ദിരത്തിൽ സംഘടിപ്പിച്ച സാഹിത്യ സംഗമത്തിൽ ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി കെ. രഘുപ്രസാദ് എഴുത്തുകാരനും അദ്ധ്യാപകനുമായ ഡോ. ആർ. ഹരീഷ് ചന്ദ്രന് നൽകിയാണ് പ്രകാശനം നിർവ്വഹിച്ചത്. സാംസ്കാരിക പ്രവർത്തകയും, വിവർത്തകയുമായ പ്രൊഫ. വി. രാധാമണി കുഞ്ഞമ്മ അദ്ധ്യക്ഷത വഹിച്ചു. എഴുത്തുകാരൻ ഡോ. ഹരീഷ് ആർ. ചന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. സാങ്കേതിക വിദ്യ എഐ, ചാറ്റ് ജിപിറ്റി വരെ വളർന്ന സാഹചര്യത്തിൽ എഴുത്തും വായനയുമൊക്കെ വലിയ രീതിയിൽ മാറിയെന്നും വായന ഭാവിയിൽ ഇല്ലാതാകുമെന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. വിവിധ ഉദാഹരണങ്ങൾ നിരത്തിയാണ് പ്രസ്തുത വിഷയത്തെ അദ്ദേഹം അവതരിപ്പിച്ചത്.

പ്രസാധകനും അമേരിക്കൻ മലയാളി മാധ്യമ പ്രവർത്തകനുമായ അനിൽ പെണ്ണുക്കര ആമുഖ പ്രഭാഷണം നടത്തി. പ്രവാസ ഭൂമിയിൽ മലയാള സാഹിത്യത്തിന് പ്രവാസി എഴുത്തുകാർ നൽകുന്ന പ്രാധാന്യം പോലെ പ്രവാസി എഴുത്തുകൾക്കും, രചയിതാക്കൾക്കും കേരളത്തിൽ വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ലെന്നും അതിന് പരിഹാരമായി പ്രവാസി എഴുത്തുകാരെ മലയാളത്തിന് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഉഷാ നായരുടെ കവിതകൾ പ്രസിദ്ധീകരിച്ചതെന്നും അദ്ദേഹം പറഞ്ഞു. അമേരിക്കൻ ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ മലയാളത്തെ മറക്കാതെ, മലയാളം മറക്കാതെ താൻ കടന്നുവന്ന വഴികൾ എല്ലാം കവിതയായി മാറ്റാൻ സാധിച്ച പുസ്തകമാണ് ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സാഹിത്യകാരനും പ്രഭാഷകനുമായ ഡോ. പ്രദീപ് ഇറവങ്കര പുസ്തക പരിചയം നടത്തി. പുസ്കത്തിലെ 24 കവിതകളെയും വിശദമായി പഠിച്ച് അവതരിപ്പിച്ച പുസ്തക പരിചയം അതീവ ഹൃദ്യമായിരുന്നു. മലയാള കാവ്യ ലോകത്തിന് ധൈര്യപൂർവ്വം ലോകത്തിന് പരിചയപ്പെടുത്താവുന്ന കവിയാണ് ഉഷാ നായരെന്ന് അദ്ദേഹം പറഞ്ഞു. ഏത് അനുഭവവും ആഴത്തിൽ സ്പർശിക്കപ്പെടുമ്പോഴാണ് എഴുതാനുള്ള ആഗ്രഹം ഉണ്ടാകുന്നത്. ഈ കവിതാ ഗ്രന്ഥത്തിലെ എല്ലാ കവിതകളും അത്രമേൽ ആഴത്തിൽ സ്പർശിക്കുന്നവയാണ്. അമേരിക്കൻ ജീവിതത്തിരക്കുകൾക്കിടയിൽ കാവ്യാത്മകമായി എഴുതുവാൻ ഉഷാ നായർക്ക് സാധിച്ചത് അവർ നല്ലൊരു വായനക്കാരി കൂടി ആയതു കൊണ്ടാണെന്നും എ. ആർ. രാജ രാജവർമ്മയുടെ സ്മൃതി കുടീരത്തിൽ വെച്ച് പുസ്തക പ്രകാശനം നടത്താൻ സാധിച്ചതും വലിയ ഭാഗ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രൊഫ. ജി ചന്ദ്രശേഖരൻ നായർ, നല്ലമുട്ടം പ്രസാദ് എന്നിവർ ആശംസകൾ നേർന്നു.

ഉഷാ നായർ മറുമൊഴി പ്രസംഗം നടത്തി. താനൊരു എഴുത്തുകാരി മാത്രമല്ല മികച്ച ഒരു പ്രഭാഷക കൂടിയാണെന്ന് തെളിയിക്കുന്ന പ്രസംഗമായിരുന്നു ഉഷാ നായരുടേത്. തന്റെ എഴുത്തിന്റെ വഴികളുടെ തുടക്കം മുതൽ ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ വരെയുള്ള യാത്രയുടെ വിശകലനത്തിൽ തനിക്കൊപ്പം നിന്ന എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നതായും ഒരു പുസ്തകമെന്ന മോഹത്തിന് ഒപ്പം നിന്ന കുടുംബാംഗങ്ങൾക്ക് നന്ദി പറയുന്നതായും പ്രത്യേകിച്ച് ഭർത്താവ് രാജേന്ദ്രൻ നായരോട് വലിയ കടപ്പാട് ഉണ്ടെന്നും ഉഷാ നായർ പറഞ്ഞു. അദ്ദേഹം ഈ പുസ്തകത്തിനായി എടുത്ത അധ്വാനം വളരെ വലുതാണെന്നും അവർ കൂട്ടിച്ചേർത്തു.


ബിന്ദു ആർ. തമ്പി സ്വാഗതം ആശംസിച്ചു. ഗിരിജൻ നന്ദി പറഞ്ഞു. എ.ആർ. രാജ രാജ വർമ്മയുടെ സ്മൃതി കുടീരത്തിൽ പുഷ്പാർച്ചന നടത്തിയ ശേഷമാണ് പുസ്തക പ്രകാശന ചടങ്ങുകൾ നടന്നത്.



























# നോർത്ത് പ്ലെയിൻഫീൽഡ് സെന്റ് ബസേലിയോസ് – ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി & യൂത്ത് കോൺഫറൻസ് കിക്കോഫ് ശ്രദ്ധേയമായി

ന്യൂജേഴ്സി: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് നോർത്ത് പ്ലെയിൻഫീൽഡ് സെന്റ് ബസേലിയോസ്-ഗ്രിഗോറിയോസ് (SBSG) മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്ജ്വല തുടക്കം.

ജിനേഷ് തമ്പി



2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. "കൃപയുടെ പാത്രങ്ങൾ" എന്നതാണ് ചിന്താവിഷയം.

(2 തിമോത്തി 2:20–22 – എന്നാൽ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല, മരവും മണ്ണുംകൊണ്ടുള്ളവയും ഉണ്ടു; ചിലതു മാന്യകാര്യത്തിനും ചിലതു ഹീനകാര്യത്തിനും ഉപയോഗിക്കുന്നു. ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധനും ഉടമസ്ഥന്നു ഉപയോഗവുമായി നല്ല വേലെക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന വിശിഷ്ട പാത്രം ആയിരിക്കും. അതുകൊണ്ട് യൗവനമോഹങ്ങളെ വിട്ടോടുക; എന്നാൽ ശുദ്ധഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടു കൂടെ നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിന്തുടരുക.)

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ഡോ. റെബേക്ക പോത്തൻ, ഉമ്മൻ കാപ്പിൽ, അനിൽ തോമസ്, ജെന്നിഫർ അലക്സ്, ജൂലിയ അലക്സ്, സജി എം. പോത്തൻ എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി. ദേവാലയ സെക്രട്ടറി വർഗീസ് മാത്യു, ട്രഷറർ ആൽബർട്ട് കുഞ്ഞുമോൻ എന്നിവരും സന്നിഹിതരായിരുന്നു.

ഇടവക വികാരി ഫാ. വിജയ് തോമസ് ഇടവക കമ്മിറ്റിയോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.

ഡോ. റെബേക്ക പോത്തൻ കോൺഫറൻസ് കോർ ടീമിനെയും കമ്മിറ്റി അംഗങ്ങളെയും പരിചയപ്പെടുത്തുകയും കോൺഫറൻസിനെ കുറിച്ച് വിശദമായി സംസാരിക്കുകയും ചെയ്തു. സുവനീറിലേക്ക് ലേഖനങ്ങൾ അയയ്ക്കാനും വ്യക്തിഗത അല്ലെങ്കിൽ ബിസിനസ് പരസ്യങ്ങൾ നൽകി കോൺഫറൻസിനെ പിന്തുണയ്ക്കാനും ഇടവകാംഗങ്ങളോട് ആവശ്യപ്പെട്ടു.

ഉമ്മൻ കാപ്പിൽ ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താവിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ, രജിസ്ട്രേഷൻ നിരക്കുകളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെക്കുകയും എല്ലാ ഇടവക അംഗങ്ങളെയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഡോ. തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

ജൂലിയ അലക്സ് രജിസ്ട്രേഷനെയും സ്പോൺസർഷിപ്പുകളെയും കുറിച്ചുള്ള വിവരങ്ങൾ നൽകി. ജെന്നിഫർ അലക്സ് റാഫിൾ, സൈറ്റ് & സൗണ്ട് ഷോ എന്നിവയെ കുറിച്ച് സംസാരിച്ചു.

അനിൽ തോമസ് കോൺഫറൻസിനെക്കുറിച്ചുള്ള തന്റെ അനുഭവം പങ്കുവെക്കുകയും കുട്ടികൾ കോൺഫറൻസിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യം എടുത്തു പറയുകയും, ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവക അംഗങ്ങളെയും പ്രത്യേകിച്ച് ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സജി എം. പോത്തൻ കോൺഫറൻസിനെക്കുറിച്ച് വിശദമായി സംസാരിക്കുകയും ഇടവക വികാരിക്കും ഇടവകാംഗങ്ങൾക്കും ഊഷ്മളമായ സ്വാഗതത്തിനും പിന്തുണയ്ക്കും നന്ദി അറിയിച്ചു.

ദേവാലയ വികാരി ഫാ. വിജയ് തോമസ് രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദി പറയുകയും ചെയ്തു.













കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക.

ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ): 973–489–6440, ജെയ്സൺ കെ. തോമസ് (കോൺഫറൻസ് സെക്രട്ടറി): 917–612–8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917–533–3566.

# ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഫാദേഴ്സ് ഡേ ആഘോഷിച്ചു







ന്യൂയോർക്ക്: ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ഈ വർഷത്തെ ഫാദേഴ്സ് ഡേ പരിപാടി വിവിധ ആത്മീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ കൊണ്ടാടി. വികാരി റവ.ഫാ. ജോൺ തോമസ് ആലുമ്മൂട്ടിലിന്റെ അനുഗ്രഹാശിസ്സുകളോടെ സെക്രട്ടറി ഗീവർഗീസ് ജേക്കബിന്റെയും ട്രസ്റ്റി ജോൺ താമരവേലിയുടെയും നേതൃത്വത്തിൽ നടത്തപ്പെട്ട പരിപാടികൾക്ക് സൺഡേ സ്കൂൾ പ്രിൻസിപ്പാൾ ബിജി വർഗീസും വൈസ് പ്രിൻസിപ്പാൾ ശില്പാ തര്യനും കോ-ഓർഡിനേറ്റർമാരായിരുന്നു.

ന്യൂജേഴ്സിയിൽ സോഫ്റ്റ്‌വെയർ കൺസൾട്ടന്റായി പ്രവർത്തിക്കുന്ന അനിൽ തോമസ് മുഖ്യസന്ദേശം നല്കി. തലമുറകളുടെ മാറ്റത്തിൽ വരുന്ന കുടുംബബന്ധങ്ങളുടെ അകൽച്ചയും കേവലം പഠനത്തിൽ പോലും വീട് വിട്ടു പോകുന്ന മക്കളെക്കുറിച്ചുള്ള ചിന്തകളും ഗൃഹനാഥരെന്ന നിലയിൽ പിതാക്കന്മാരിൽ വരുത്തുന്ന സ്വകാര്യ ദുഃഖങ്ങളെ ഹൃദയസ്പർശിയായി അനിൽ തോമസ് അവതരിപ്പിച്ചു. പോൾ കുര്യൻ, ശാരി സിബി ജേക്കബ്, സാം കുരുവിള, എമ്മാ മാത്യു, ശാരൻ അലക്സ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഐശ്വര്യ ജേക്കബ്, എബിൻ ബിജു ലൂക്കോസ് എന്നിവർ മാസ്റ്റർ ഓഫ് സെറിമണിയായി സൺഡേസ്കൂൾ കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.

# ചിക്കാഗോ പിസിനാക് കോൺഫറൻസിൽ കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കും

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന നാല്പ്പതാമത് പിസിനാക് കോൺഫറൻസിൽ ഡോ. വില്ലി ഏബ്രഹാമിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നതാണ്. ചാപ്ലെയിൻമാരായ ജോയിസ് പി. മാത്യൂസ്, ഡാനി കെവിൻ ജോൺസൺ, തോമസ് കുര്യൻ, ഗ്രേസി തോമസ് എന്നിവർ ഉൾപ്പെടുന്ന ടീമാണ് കൗൺസിലിംഗിനു നേതൃത്വം നൽകുന്നത്. പകൽ മുഴുവനും കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കും. കൗൺസിലിങ്ങിനോടൊപ്പം പ്രത്യേക പ്രാർത്ഥനാ സഹായങ്ങളും ലഭ്യമാണ്.

ഇവരുടെ സേവനങ്ങൾ ആവശ്യമുള്ളവർ ഡോ. വില്ലി ഏബ്രഹാമുമായി (847) 757 6976 എന്ന നമ്പരിൽ ബന്ധപ്പെടുക.


ഡോ. വില്ലി ഏബ്രഹാം


ജോയിസ് പി. മാത്യൂസ്


ഡാനി കെവിൻ ജോൺസൺ


തോമസ് കുര്യൻ



ഗ്രേസി തോമസ്

# പിറവം വാർഷിക സംഗമം ജൂലൈ 18-ന്

**ജോസ് കാടാപുറം**

ന്യൂയോർക്ക്: പിറവം നേറ്റീവ് അസോസിയേഷന്റെ വാർഷിക സംഗമം ന്യൂയോർക്കിലെ കേരള സെന്റർ (1824 FAIR FAX ST. ELMONT 11003) വെച്ച് ജൂലൈ 18-ന് ശനിയാഴ്ച 5 പി.എംന് വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. 1995-ൽ ആരംഭിച്ച വടക്കെ അമേരിക്കയിലെ പിറവം നിവാസികളുടെ ആദ്യയോഗം മുതൽ 31 വർഷങ്ങൾ പിന്നിട്ടപ്പോൾ വടക്കെ അമേരിക്കയിലെ പിറവം നിവാസികളുടെ കൂട്ടായ്മ വർഷത്തിൽ ഒരിക്കലുള്ള ഒരു സൗഹൃദസംഗമമായിരുന്നു.





പിറവത്ത് പല തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ എത്തിക്കാൻ ഇക്കാലയളവിൽ പിറവം സംഗമത്തിന് കഴിഞ്ഞു. നിർദ്ധനരായ സ്നേഹിതർക്ക് വീട് വെച്ച് നല്കാനും പിറവം സംഗമത്തിനു കഴിഞ്ഞു.

സ്കൂൾ, കോളജുകളിൽ ഗ്രാജുവേറ്റ് ചെയ്ത കുട്ടികളെ ആദരിക്കുന്ന ചടങ്ങിന് പുറമെ വിവിധ അവാർഡുകൾ നേടിയ പിറവം നിവാസികളെ കൂടി ആദരിക്കുന്നു.

കലാപരിപാടികൾക്കു പുറമെ വിഭവസമൃദ്ധമായ സദ്യയോടെ പരിപാടികൾ സമാപിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രസിഡണ്ട് മനോഹർ തോമസ് 917 974 2670, സെക്രട്ടറി ജെനു കെ. പോൾ 516 957 0716.



# വിടവാങ്ങിയ ജ്ഞാനസൂര്യൻ

**എൽസി ബേബി**

ഈയിടെ കേരള എക്സ്പ്രസിൽ വന്ന കെ.എം. ചന്ദ്രശർമ്മ എന്ന മാന്യപുരുഷനേക്കുറിച്ച് കണ്ട സ്മരണയാണ് മേലെഴുതിയിരിക്കുന്ന ശക്തിയേറിയ വാക്കുകൾ. 'വിടവാങ്ങിയ ജ്ഞാനസൂര്യൻ നമ്മെ വിട്ട് തിരശ്ശീലയ്ക്കകത്തേക്കു കയറിപ്പോയ അനേകരുടെ സ്മരണകൾ' നാം ഓർക്കാറുണ്ട്, പറയാറുണ്ട്, എഴുതാറുണ്ട്. എന്നാൽ, ജ്ഞാനസൂര്യൻ എന്ന പേരു നല്കിയ അധികം പേരെക്കുറിച്ച് കേട്ടിട്ടില്ല. 'ഒരു മനുഷ്യായുസ്സ് കൊണ്ട് ഒരു നാടിന്റെ ചരിത്രത്തെയും സംസ്കാരത്തെയും അറിവിനേയും ഒരുപോലെ നെഞ്ചിലേറ്റിയ ഒരു വിജ്ഞാനകോശമായിരുന്നു ഞങ്ങളുടെ നാടിന്റെ പ്രിയപ്പെട്ടവനും സിപിഐ നേതാവുമായ പ്രിയപ്പെട്ട ചന്ദ്രശർമ്മ സാർ. അദ്ദേഹത്തിന്റെ വേർപാട് കേവലം ഒരു വ്യക്തിയുടെ നഷ്ടമല്ല മറിച്ച്, അക്ഷരങ്ങളും ആദർശങ്ങളും വികസനസ്വപ്നങ്ങളും ഇഴചേർന്ന ഒരു ധന്യമായ കാലഘട്ടത്തിനാണ് ഇവിടെ തിരശ്ശീല വീഴുന്നത്.'

അദ്ദേഹം ആരാണെന്നോ ഏതു രാഷ്ട്രീയ നേതാവായിരുന്നു എന്നൊന്നും അറിയില്ലെങ്കിലും അദ്ദേഹത്തെക്കുറിച്ച് വിവരിക്കുന്ന ഒരു നീണ്ട സ്മരണപത്രം വായിച്ചപ്പോൾ തോന്നിയ ചില ചിന്തകൾ മാത്രമാണ് ഇതെഴുതാനുള്ള പ്രേരണ. നമ്മുടെയൊക്കെ ഇടയിൽ ആരെങ്കിലും മരണപ്പെട്ടാൽ അവരുടെ മൃതശരീരം വെച്ചുകൊണ്ട് മണിക്കൂറുകളോളം അനുസ്മരണങ്ങൾ പറയുന്ന ഒരു രീതി മറ്റേതു രാജ്യക്കാരിലോ ഭാഷക്കാരിലോ ഉണ്ടെന്നു തോന്നുന്നില്ല. ചിലപ്പോൾ അയാളെ അറിയാത്തവർ പോലും കയറിവന്ന് മുഖസ്തുതികളും മറ്റും പറയുന്നതും വിരളമല്ല. കെ.എം. ചന്ദ്രശർമ്മ എന്ന മാന്യദേഹത്തെക്കുറിച്ചുള്ള ഹൃദയസ്പർശിയായ സ്മരണകളെ വിമർശിക്കാനോ കുറ്റം പറയുവാനോ പുകഴ്ത്തുവാനോ ഒന്നും ഒരുങ്ങുന്നില്ല. ഇത്രമാത്രം നന്മകൾ ചെയ്തു ജീവിച്ചു വിടവാങ്ങിയ അദ്ദേഹം ജീവിച്ചിരുന്നപ്പോൾ എത്ര പേർ അദ്ദേഹത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ടെന്നും എനിക്കറിഞ്ഞുകൂടാ. മരിച്ചു മൺമറഞ്ഞ ഒരു മൃതശരീരത്തിന്റെ മു



ലേഖിക

മ്പാകെ നിന്നുകൊണ്ട് പറയുന്ന അനുസ്മരണത്തേക്കാൾ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹം കേൾക്കെ അല്പം നന്ദിവാക്കുകൾ പറഞ്ഞു പ്രോത്സാഹിപ്പിക്കുന്നതല്ലേ ഉത്തമം. എത്ര നന്നായി ജീവിച്ചാലും ഒരുവന്റെ കുറ്റങ്ങൾ കണ്ടെത്തി വിമർശിച്ചു തരംതാഴ്ത്തി ദുഃഖിപ്പിച്ചും മനസ്സ് വിഷമിപ്പിച്ചും ഉപദ്രവിക്കുന്ന പ്രവണത നല്ലതല്ല. അതുപോലെതന്നെ നാം ജീവിച്ചിരിക്കുമ്പോൾ നമുക്കു നന്മകൾ ചെയ്യാൻ ലഭിക്കുന്ന അവസരങ്ങൾ പാഴാക്കാതിരിക്കുക.

എത്ര ഉന്നത ബിരുദങ്ങൾ സമ്പാദിച്ചാലും ഉന്നത പദവികളിൽ ഇരുന്നാലും ഉന്നത ഉദ്യോഗസ്ഥരോ ഭരണാധികാരികളോ ആകണമെന്നില്ല. സാധാരണക്കാരായി ജീവിച്ചാലും നന്മകൾ ചെയ്യാനുള്ള അവസരങ്ങൾ ലഭിക്കാതിരിക്കുകയില്ല. പക്ഷേ, തിന്മകൾ ചെയ്യാനുള്ള പ്രവണതകളാണ് പലപ്പോഴും പലരും ശ്രമിക്കാറുള്ളത് എന്നതാണ് ദുഃഖകരം. നന്മകൾ ചെയ്യുവാൻ ചില ത്യാഗങ്ങൾ സഹിച്ചേ മതിയാകൂ.തിന്മകൾ പ്രവർത്തിക്കുവാൻ ഒരു ത്യാഗവും ചെയ്യേണ്ടി വരികയില്ല. നമ്മുടെ സമയം, കഴിവുകൾ, ധനം, ആരോഗ്യം, സാഹചര്യങ്ങൾ ഇവയെല്ലാം നമ്മേക്കാളുപരി മറ്റുള്ളവർക്ക് പ്രയോജനകരമാംവിധം നാം പ്രായോഗികമാക്കുമ്പോഴാണ് അവ നന്മകളായി പരിണമിക്കുന്നത്.

തിരുവചനത്തിൽ ഒരു നല്ല ശമര്യാക്കാരന്റെ ഉപമ പറഞ്ഞിരിക്കുന്നത് ഉദാഹരണമാകുന്നു. ഈ കഥയിൽ ആരാകുന്നു യഥാർത്ഥത്തിൽ നന്മ ചെയ്ത് മാതൃക കാണിക്കേണ്ടവർ. പക്ഷേ, ആരാകുന്നു വാസ്തവത്തിൽ മാതൃക കാണിച്ചവൻ? സമൂഹത്തിൽ മാന്യന്മാരും മാതൃക കാണിക്കേണ്ടവരുമാണ് ആ പാവപ്പെട്ടനെ കണ്ടിട്ടും മാറി കടന്നുപോയത് അവരൊക്കെ മരിക്കുമ്പോൾ അവരെക്കുറിച്ച് പറയുന്ന അനുസ്മരണങ്ങൾ ഊഹിക്കുക. ആരും ഗൗനിക്കാത്ത സാധാരണക്കാരനാണ് മനസ്സലിഞ്ഞ് അർദ്ധപ്രാണനായിക്കിടന്ന അപരിചിതനെ സഹായിച്ച് രക്ഷിച്ചത്. ഇന്നും നമ്മുടെയൊക്കെ ഇടയിൽ കാണുന്ന സാധാരണ സംഭവമാണ് ഈ ഉപമയിലൂടെ നമുക്കു കാണാൻ കഴിയുന്നത്.

വലിയവരായാലും ചെറിയവരായാലും നന്മ ചെയ്യാൻ അറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ. ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയൊ അനാഥരെയും വിധവകളെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നവനും ആകുന്നു ജ്ഞാനികളിൽ ജ്ഞാനിയായ സോളമൻ പറഞ്ഞിരിക്കുന്നത് "എളിയവനോട് കൃപ കാട്ടുന്നവൻ ദൈവത്തിനു വായ്പ കൊടുക്കുന്നു, അവൻ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കും" എന്നത്രെ.

എളിയവന്റെ നിലവിളിക്കു ചെവി പൊത്തിക്കളയുന്നവൻ താനും വിളിച്ചപേക്ഷിക്കും, ഉത്തരം ലഭിക്കുകയില്ല- എത്രനല്ല ഉപദേശം. നാം ജീവിച്ചിരിക്കുമ്പോൾ നമുക്കു ലഭിക്കുന്ന അവസരങ്ങൾ പാഴാക്കാതിരിക്കാൻ ശ്രദ്ധിക്കുക. മാത്രമല്ല നന്മ ചെയ്തവരെക്കുറിച്ച് അവർ മരിച്ചു കിടക്കുമ്പോഴല്ല ജീവിച്ചിരിക്കുമ്പോഴാണ് അവർ ചെയ്ത നന്മയ്ക്കു പകരം നന്ദി കാണിക്കേണ്ടതും പറയേണ്ടതും എന്നോർക്കുക.

നമ്മുടെ ഭരണാധികാരികളായാലും രാഷ്ട്രീയ നേതാക്കന്മാരായാലും സഭാശുശ്രൂഷകരായാലും അവരുടെയൊക്കെ തെറ്റുകുറ്റങ്ങൾ കണ്ടുപിടിച്ചു പറഞ്ഞുപരത്തി ഉപദ്രവിക്കാതെ അവരിലുള്ള നന്മകളെ കണ്ടെത്തി അവരെ പുകഴ്ത്തി പ്രോത്സാഹിപ്പിച്ച് സഹായിക്കുവാൻ നമുക്കു സാധിക്കണം. അവരുടെയൊക്കെ നിര്യാണവേളകളിൽ അവരെ വാനോളം പുകഴ്ത്തിയുള്ള അനുസ്മരണങ്ങളേക്കാൾ അവർ ജീവിച്ചിരിക്കുമ്പോൾ അവരെ സഹായിക്കാനുള്ള മനസ്സ് ഏവർക്കുമുണ്ടായിരിക്കട്ടെ. ഇക്കാര്യങ്ങളിലുള്ള കേരളാ എക്സ്പ്രസ്സിന്റെ പ്രവർത്തനങ്ങളെ ദൈവം മാനിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# കാള വിരണ്ടോടിയപ്പോൾ സംഭവിച്ച ഒരു മഹാദുരന്തം

**രാജു തരകൻ**

ഗൃഹാതുര സ്മരണകൾ ഉണർത്തുന്ന നാട്ടിൻപുറങ്ങളിലെ അതിമനോഹര കാഴ്ചകളിൽ ഒന്നാണ് കാളവണ്ടിയും കാളയെ നിയന്ത്രിക്കുന്ന വണ്ടിക്കാരനും. എന്നാൽ, കാളകളുടെ കൂട്ടത്തിൽ തന്നെ മടിയന്മാരായ കാളകളും ഉണ്ട്. ഭാരം നിറച്ച വണ്ടി ആണെങ്കിൽ ഇവറ്റകൾ റോഡിൽതന്നെ മുട്ടുകുത്തും. വണ്ടിക്കാരൻ ക്രൂരമായി പ്രഹരിക്കുമ്പോൾ വീണ്ടും യാത്ര തുടരും. ഇതിൽനിന്നും വ്യത്യസ്തമായ കാളയെപ്പറ്റി തിരുവചനത്തിൽ പ്രതിപാദിക്കുന്നുണ്ട്. "അവൻ നാഖോന്റെ കളത്തിങ്കൽ എത്തിയപ്പോൾ കാള വിരണ്ടതുകൊണ്ട് ഉസ്സാ കൈ നീട്ടി. ദൈവത്തിന്റെ പെട്ടകം പിടിച്ചു" (2 സാമുവേൽ 6-ന്റെ 6). പെട്ടകം പിടിച്ചതിന്റെ ഫലമായി യഹോവയുടെ കോപം ഉസ്സയുടെ നേരെ ജ്വലിക്കുകയും തൽക്ഷണം ഉസ്സ മരണപ്പെടുകയും ചെയ്തു.

ഇവിടെ മരണം സംഭവിക്കാനുള്ള



ലേഖകൻ

പ്രധാന കാരണം പെട്ടകം വിശുദ്ധമാണ്. അത് ചുമക്കുന്നവർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർ ആയിരിക്കണം. യഥാർത്ഥത്തിൽ ലേവ്യരായ കെഹാത്യർ ആണ് പെട്ടകം ചുമക്കേണ്ടവർ. (സംഖ്യാ പുസ്തകം 4-ന്റെ 15). കാളവണ്ടിയിൽ അല്ല പെട്ടകം കൊണ്ടുപോകേണ്ടിയിരുന്നത്. പ്രത്യുത ചുമലിൽ തണ്ടുകൾ കൊണ്ടാണ് പെട്ടകം കൊണ്ടുപോകേണ്ടത്. യാഗങ്ങൾക്കും ആരാധനയ്ക്കും വ്യവസ്ഥകൾ ഉണ്ട്. വ്യവസ്ഥാപരമായ ആരാധനയിൽക്കൂടി അനുഗ്രഹം ലഭിക്കുമ്പോൾ, വ്യവസ്ഥ ലംഘിച്ചിട്ടുള്ള ആരാധനയിൽ ശാപമാണ് ലഭിക്കുന്നതെന്ന് തിരുവചനത്തിൽ വ്യക്തമാക്കുന്നുണ്ട്.

പതിനഞ്ചാം നൂറ്റാണ്ടിലെ നവീകരണ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ച ഒരു മിഷനറി സമൂഹമായിരുന്നു 'മൊറാവിയൻ'. ജർമ്മനി ആയിരുന്നു ഇതിന്റെ ഉത്ഭവകേന്ദ്രം. എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവർക്കും ഇതിൽ പ്രവർത്തിച്ചിരുന്ന മിഷനറിമാരെ എളുപ്പത്തിൽ തിരിച്ചറിയുവാനും സാദ്ധ്യമായിരുന്നു. അതിനു കാരണം അവർ ഉപയോഗിച്ചിരുന്ന ചിഹ്നമായിരുന്നു.

ഈ ചിഹ്നത്തിന്റെ പ്രത്യേകത, കലപ്പയ്ക്കും യാഗപീഠത്തിനും നടുവിൽ നിൽക്കുന്ന ഒരു കാളയെയാണ് ചിത്രീകരിച്ചിരിക്കുന്നത്. അതോടൊപ്പം ചിഹ്നത്തിന്റെ അടിയിൽ 'രണ്ടിനും തയ്യാർ' എന്നുകൂടി രേഖപ്പെടുത്തിയിട്ടുണ്ട്. കലപ്പ സേവനത്തെ പ്രതിനിധീകരിക്കുന്നതോടൊപ്പം, യാഗപീഠം ബലിയർപ്പിക്കുന്നതിനെയുമാണ് ഇത് അർത്ഥമാക്കുന്നത്. വിശ്വാസികളും ഇതുപോലെ ക്രിസ്തുവിനു വേണ്ടി ജീവിക്കുവാനും മരിക്കുവാനും എപ്പോഴും ഒരുക്കമുള്ളവരായിരിക്കേണം.

അപ്പസ്തോലനായ പൗലോസും തന്റെ പ്രേക്ഷിത പ്രവർത്തനത്തിൽ അനവധി പ്രതിസന്ധികളിൽ കൂടി കടന്നുപോയപ്പോൾ ഉദ്ധരിച്ചത് "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും" എന്നാണ് (ഫിലിപ്പിയർ 1-ന്റെ 1). ഇത് അർത്ഥമാക്കുന്നത് ജീവിച്ചിരിക്കുന്നിടത്തോളം ഞാൻ ക്രിസ്തുവിനായി ജീവിക്കുകയും മരണം സംഭവിച്ചാൽ ക്രിസ്തുവിനോടു കൂടെ ഇരിക്കുവാനുള്ള ഭാഗ്യവുമായിട്ടാണ് ഞാൻ ഇതിനെ കണക്കാക്കുന്നത്. അതായത് പൗലോസ് മരണത്തെ ഒരു നഷ്ടമായി കണക്കാക്കുന്നില്ല. വിശുദ്ധിയും വേർപാടും ഉപേക്ഷിച്ചുള്ള ജീവിതം നയിച്ചാൽ സംഭവിക്കുന്ന ദുരന്തം അതിഭയാനകമാണ്. അതാണ് നരക യാതനകളുടെ അവസ്ഥ. ഉസ്സാ വിശ്വാസ സമൂഹത്തിന് ഈ കാലഘട്ടത്തിലും നല്കുന്ന ഒരു സന്ദേശമാണ് ദുരന്തം സംഭവിക്കാതിരിപ്പാൻ സ്വയം സൂക്ഷിക്കുക. ദൈവഹിതം അല്ലാത്ത ഒന്നിലും നമ്മൾ പങ്കാളികൾ ആകരുത്.

# Advancing Nursing: Healing Hands, Hopeful Hearts

## By Sr. Justina Mathew CSJ, MSN, RNC-MNN

## TEXAS HEALTH ARLINGTON MEMORIAL HOSPITAL

Nursing stands at the heart of every healthcare system. Beyond medications, technology, and clinical expertise, it is the compassionate presence of a nurse that often brings comfort, hope, and healing during life's most difficult moments. As healthcare continues to advance, so too must the nursing profession.

Professional advancement is far more than earning additional degrees or certifications. It is a commitment to lifelong learning, embracing evidence-based practice, mentoring future nurses, and leading with integrity. Every new skill acquired and every lesson learned strengthens the quality of care delivered to patients and families.

Today's nurses are innovators, educators, advocates, and leaders. They improve patient outcomes through research, quality improvement, collaboration, and compassionate service. Their dedication extends beyond the bedside, shaping healthier communities and inspiring the next



generation of caregivers.

For me, nursing is also a ministry of healing. As a Catholic Sister, I believe every patient deserves to be treated with dignity, respect, and unconditional compassion. Our hands provide care, but our hearts provide hope. When professional excellence is united with kindness and faith, nursing becomes a powerful expression of service to humanity.

As we continue to advance our profession, let us remember that true success is measured not only by achievements but by the lives we touch. Every act of compassion, every word of encouragement, and every patient cared for with excellence leaves a legacy that endures.

*"Whatever you did for one of the least of these brothers and sisters of mine, you did for me."*

*Matthew 25:40*

**May we continue to advance in knowledge, lead with humility, and serve with love, remembering that every patient encounter is an opportunity to reflect compassion, hope, and healing.**

# Indian American Christian Delegation Holds Dialogue with Tom Suozzi, Congressman (NY) on Democracy and Religious Freedom

A delegation of leaders from the Indian American Christian community recently met with Congressman Tom Suozzi and exchanged views on a range of issues affecting the community both in the United States and in India. Christians are estimated to comprise nearly 20 percent of the Indian diaspora in the United States. While most Indian American Christians trace their roots to Kerala, the community represents virtually every state and region of India and has made significant contributions to American society.



Welcoming Congressman Suozzi, George Abraham praised the Congressman for his principled and independent approach to public service. "The Indian American community has long admired your thoughtful and balanced approach to governance," Abraham said. "Your willingness to address difficult issues with candor, common sense, and a spirit of bipartisanship has earned you the respect of many Americans, including members of the Indian American community. At a time when political discourse has become increasingly polarized, your emphasis on practical solutions and cooperation across party lines is particularly valued."



"We are mindful of your enduring friendship with the Indian American community and your commitment to the success of its members," Abraham added. "Indian Americans have made substantial contributions to the economic, cultural, scientific, and civic life of this nation, and we are grateful for your continued engagement and support over the years."

Abraham further noted the Congressman's longstanding relationship with the Indian American community in the Tri-State area and his consistent support for the well-being and advancement of all segments of the community.

During the discussions, participants expressed grave concern over what they described as the declining state of democratic institutions and the erosion of religious freedom in India. Members of the delegation emphasized that India and the United States, as strategic partners and vibrant democracies, share a responsibility to uphold and promote the universal values of democracy, human rights, pluralism, and religious liberty.

The delegation underscored the importance of safeguarding these principles and stressed that strong bilateral relations between the two countries should be rooted not only in economic and strategic cooperation but also in a shared commitment to fundamental freedoms and the rule of law.

Participants at the meeting commended Congressman Suozzi as a pragmatic, middle-of-the-road leader who consistently seeks bipartisan and commonsense solutions to the challenges facing the nation. They expressed appreciation for his willingness to listen to diverse viewpoints and engage constructively with community leaders on issues of mutual concern. The meeting wished him success in the upcoming elections and pledged their continuing support.

Among those participating in the discussions were Bishop Johncy Itty, Rev. Fr. John Thomas, Rev. Itty Abraham, Rev. Wilson Jose, Rev. Sabu Varghese, Mr. George Koshy, and Rev. Jacob George, Rev. Sunny Philip and Mr. George Abraham

**George Abraham**

The meeting concluded with a reaffirmation of the importance of continued dialogue and cooperation between elected officials and community leaders in addressing concerns affecting Indian Americans and promoting the values of democracy, religious freedom, and human dignity both in the United States and abroad.

# ആൻ പിള്ളയുടെ നിര്യാണത്തിൽ ഫൊക്കാനയുടെ കണ്ണീർപൂക്കൾ



ന്യൂയോർക്ക്: ഫൊക്കാന മുൻ പ്രസിഡണ്ട് ഡോ. പാർത്ഥസാരഥി പിള്ളയുടെ സഹധർമ്മിണിയും അമേരിക്കൻ ഇന്ത്യക്കാരുടെ സാമൂഹിക, സാംസ്കാരിക മേഖലയിൽ നിറസാന്നിദ്ധ്യവുമായിരുന്ന ആൻ പിള്ള നിര്യാതയായി. ആൻ പിള്ളയുടെ നിര്യാണത്തിൽ ഫൊക്കാനയുടെ ആദരാഞ്ജലികൾ.

മറ്റുള്ളവരെ സഹായിക്കുന്നതിലും നിരവധി സംഘടനകളിൽ നേതൃത്വം നല്കിയും സാമൂഹിക പ്രവർത്തനം നടത്തിയ ആൻ പിള്ള KAGW, FOKANA, FIA, NCAIA, NFIA തുടങ്ങിയ സംഘടനകളിൽ സജീവ സാന്നിദ്ധ്യമായിരുന്നു. ആൻ പിള്ളയുടെ നേതൃപാടവത്തിന്റെ ഫലമായിട്ടാണ് ഇന്ത്യാ ഗവൺമെന്റുമായി സഹകരിച്ച് യുഎസ് ഗവൺമെന്റ് CGFNS ഇന്ത്യയിൽ ആരംഭിക്കുന്നത്. ഈ ചരിത്രതീരുമാനം ഇന്ത്യൻ നേഴ്സുമാർക്ക് വളരെയധികം ചാൻസുകൾ അമേരിക്കയിൽ ലഭിക്കുന്നതിനും ഇന്ത്യൻ സമൂഹത്തിന് അമേരിക്കയിൽ നിരവധി ജോലികൾ ലഭിക്കുവാനും ഇടയായി.

സമൂഹത്തിൽ നിരവധി സ്ത്രീകൾക്ക് മാതൃക കാട്ടിയ സാമൂഹിക പ്രവർത്തനത്തോടൊപ്പം നല്ലൊരു അമ്മയായും അമ്മൂമ്മയായും തിളങ്ങിയ ആൻ പിള്ള, ഫൊക്കാന മുൻ പ്രസിഡണ്ട് ഡോ. പാർത്ഥസാരഥി പിള്ളയുടെ എല്ലാ പ്രവർത്തനങ്ങൾക്കും താങ്ങായും തണലായും കൂടെനിന്ന വ്യക്തിത്വമാണ്.

മക്കൾ: അജയ് പിള്ള, വിജയ് പിള്ള. മരുമക്കൾ: സവീത പിള്ള, സീമ പിള്ള. കൊച്ചുമക്കൾ: അർജുൻപിള്ള, വികാസ്പിള്ള. ആൻ പിള്ളയുടെ നിര്യാണത്തിൽ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി ആദരാഞ്ജലികൾ രേഖപ്പെടുത്തി. ഫൊക്കാന കുടുംബത്തിൽ ഉണ്ടായ ഈ വേർപാടിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതായി ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയും നാഷണൽ കമ്മിറ്റിയും ട്രസ്റ്റി ബോർഡും സംയുക്തമായി അറിയിച്ചു.

**ശ്രീകുമാർ ഉണ്ണിത്താൻ**

# പാസ്റ്റർ ജേക്കബ് ജോൺ ചിക്കാഗോ സന്ദർശിക്കുന്നു

ചിക്കാഗോ: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ മുൻ ജനറൽ പ്രസിഡണ്ട് പാസ്റ്റർ ജേക്കബ് ജോൺ സന്ദർശനാർത്ഥം ചിക്കാഗോയിലെത്തി.



ഐപിസി ഹിമാചൽ സ്റ്റേറ്റ് പ്രസിഡണ്ട് ഡോ. ടൈറ്റസ് ഈപ്പൻ അദ്ദേഹത്തെ ഓഹയർ എയർപോർട്ടിൽ സ്വീകരിച്ചു. ഇവിടെയുള്ള വിവിധ സഭകളെയും വ്യക്തികളെയും സന്ദർശിക്കും. ചിക്കാഗോ പിസിനാക്ക് കോൺഫറൻസിൽ പങ്കെടുക്കുന്ന അദ്ദേഹം ജൂലൈ 4-ന് ഫ്ളോറിഡയിലേക്ക് തിരിക്കും. ഭാര്യ ഓമന ജോണും അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്. അമേരിക്കയിലെ മറ്റ് ചില സംസ്ഥാനങ്ങളും അദ്ദേഹം സന്ദർശിക്കും. നോർത്ത് ഇന്ത്യൻ പ്രവർത്തനങ്ങളെ സഭകൾക്ക് പരിചയപ്പെടുത്തുകയും ആഗോള വ്യാപകമായ ഒരു ഉണർവിനു വേണ്ടി വിശ്വാസികളെ പ്രാർത്ഥനയ്ക്കായി സജ്ജരാക്കുകയും ചെയ്യുക എന്നതാണ് സന്ദർശന ഉദ്ദേശ്യമെന്ന് അദ്ദേഹം പറഞ്ഞു.

**കുര്യൻ ഫിലിപ്പ്**


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms
FOR BOOKING
ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com
JENNI THANNIKARI
+1 713-280-8688
SOBHANA
+91 965 616 8399


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# മാതൃത്വത്തിന് പുതിയ പ്രതീക്ഷ; അതിസങ്കീർണ ഗർഭാവസ്ഥയിൽ അപൂർവ്വ ശസ്ത്രക്രിയ നടത്തി സൺറൈസ് ഹോസ്പിറ്റൽ

കൊച്ചി: വൈദ്യശാസ്ത്ര രംഗത്ത് വിപ്ലവകരമായ നേട്ടവുമായി കാക്കനാട് സൺറൈസ് ഹോസ്പിറ്റൽ. മുൻപ് സി-സെക്ഷൻ ചെയ്ത ഭാഗത്തെ തഴമ്പിൽ ഗർഭസ്ഥ ശിശു വളരുന്ന സ്കാർ



ഡോ. ഹഫീസ് റഹ്മാൻ

പ്രഗ്നൻസിയെന്ന അവസ്ഥയുമായി ആശുപത്രിയിലെത്തിയ യുവതിയുടെ ഗർഭസ്ഥ ശിശുവിനെ സുരക്ഷിതമായി നിലനിർത്തിക്കൊണ്ട് നടത്തിയ സങ്കീർണമായ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയയാണ് വൻ വിജയമായത്. ലോകത്ത് ആദ്യമായാണ് ഇത്തരമൊരു ശസ്ത്രക്രിയ വിജയകരമായി നടത്തിയത്.

ഗർഭച്ഛിദ്രം ലക്ഷ്യമിട്ട് ദുബായിൽ നിന്ന് നാട്ടിലെത്തിയ മുപ്പതുകാരിയായ മലയാളി യുവതിയിലാണ് സൺറൈസ് ഹോസ്പിറ്റലിലെ ഗൈനക്കോളജി ചീഫ് സർജൻ ഡോ. ഹഫീസ് റഹ്മാന്റെ നേതൃത്വത്തിലുള്ള സംഘം ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്. യുവതിയുടെ ആദ്യഗർഭം 2022-ൽ അലസിപ്പോയിരുന്നു. അതേ വർഷം വീണ്ടും ഗർഭിണിയായെങ്കിലും 2023-ൽ പ്രസവശേഷം കുഞ്ഞ് മരണപ്പെട്ടു. വീണ്ടും 2024-ൽ ഗർഭം ധരിച്ചെങ്കിലും അത് സ്കാർ പ്രഗ്നൻസിയായിരുന്നു. അതും അബോർട്ട് ചെയ്യേണ്ടിവന്നു. പിന്നീട് 2025-ൽ ഗർഭം ധരിച്ചത് ദുബായിൽ വെച്ചായിരുന്നതിനാലും ഹാർട്ട് ബീറ്റ് ഉണ്ടായിരുന്നതിനാൽ ദുബായിൽ ആ ഗർഭം അലസിപ്പിക്കാൻ നിയമതടസ്സങ്ങളുണ്ടായിരുന്നു. അങ്ങനെയാണ് ഇവിടുത്തെ ഡോക്ടറുടെ നിർദ്ദേശപ്രകാരം സൺറൈസിലേക്കെത്തിയത്. ഒരുപക്ഷേ ഗർഭപാത്രം തന്നെ നീക്കം ചെയ്യേണ്ടി വന്നേക്കാമെന്നും അവർ പറഞ്ഞിരുന്നു.

അത്യപൂർവവും ജീവനുതന്നെ ഭീഷണിയായതുമായ ഇത്തരം സാഹചര്യങ്ങളിൽ സാധാരണയായി ഗർഭച്ഛിദ്രം മാത്രമാണ് പോംവഴിയായി നിർദേശിക്കാറുള്ളത്. എന്നാൽ, രോഗിയുടെയും കുടുംബത്തിന്റെയും മാനസികാവസ്ഥ മനസ്സിലാക്കിയ ഡോ. ഹഫീസ് റഹ്മാൻ ഇത്തരം ഗർഭാവസ്ഥയിലെ പുതിയ ചികിത്സാ സാധ്യതകൾ പരിഗണിക്കുകയായിരുന്നു. റിസ്ക് വളരെ വലുതായിരുന്നെങ്കിലും പ്രതീക്ഷ നഷ്ടപ്പെട്ട അവസ്ഥയിലെത്തിയ ദമ്പതികളുടെ മുഖം ആദ്യകാഴ്ചയിൽ തന്നെ വല്ലാതെ വേട്ടയാടി. സ്കാനിങ് റിപ്പോർട്ട് വന്നപ്പോഴാണ് അതിലെ ലൂപ് ഹോൾസ് കണ്ടെത്തിയതും എന്തുകൊണ്ട് ചികിത്സയിലെ പുതിയ സാധ്യതകൾ തേടിക്കൂടായെന്നും ചിന്തിച്ചതെന്ന് ഡോ. ഹഫീസ് റഹ്മാൻ പറഞ്ഞു. ഇത് വിജയകരമായി പൂർത്തിയാക്കിയാൽ സമാന അവസ്ഥയിലൂടെ കടന്നുപോകുന്ന നിരവധിയാളുകളുടെ ജീവിതം മാറ്റിമറിക്കാനാകുമെന്നുള്ളതും പ്രചോദനമായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗർഭത്തിന്റെ എട്ടാം ആഴ്ചയിൽ 'പ്രെഗ്നന്റ് യൂട്ടറിൻ മെട്രോപ്ലാസ്റ്റി' (Pregnant Uterine Metroplasty) എന്ന അത്യാധുനിക ലാപ്രോസ്കോപ്പിക് സർജറിയിലൂടെ ഗർഭപാത്രത്തിലെ തകരാർപരിഹരിച്ചു. തുടർന്ന് പന്ത്രണ്ടാം ആഴ്ചയിൽ ഗർഭപാത്രത്തിന്റെ കവാടം ബലപ്പെടുത്തുന്നതിനായി ലാപ്രോസ്കോപ്പിക് സെർവിക്കൽ എൻസിർക്ലേജ് (LaparoscopicCervical Encirclage) ശസ്ത്രക്രിയയും വിജയകരമായി നടത്തി. ഗർഭകാലത്തിന്റെ അവസാന ഘട്ടത്തിൽ പ്ലാസന്റ ഗർഭപാത്ര ഭിത്തിയിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുന്ന പ്ലാസന്റ അക്രീറ്റ സ്പെക്ട്രം എന്ന മറ്റൊരു സങ്കീർണാവസ്ഥയും എംആർഐ സ്കാനിംഗിലൂടെ കണ്ടെത്തുകയുണ്ടായി.

തുടർന്ന് പ്രസവസമയത്ത് ഉണ്ടായേക്കാവുന്ന കടുത്ത രക്തസ്രാവം തടയാൻ പ്രത്യേക രക്തക്കുഴലുകൾ ബന്ധിപ്പിക്കുകയും (Bilateral internal Iliac Artery Ligation) മൂത്രസഞ്ചിക്കുണ്ടായ തകരാറുകൾ പരിഹരിക്കുകയും ചെയ്ത് എമർജൻസി സിസേറിയൻ വിജയകരമായി പൂർത്തിയാക്കി.

ഗർഭപാത്രം പൂർണമായും സുരക്ഷിതമായി നിലനിർത്തിക്കൊണ്ട് (Fertility-Preserving) നടത്തിയ ഈ അത്യപൂർവ ശസ്ത്രക്രിയ സൺറൈസ് ഹോസ്പിറ്റലിന്റെ ചരിത്രത്തിലെയും കേരളത്തിലെ ആരോഗ്യരംഗത്തെയും ഒരു പ്രധാന നാഴികക്കല്ലാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ഡോ. ഹഫീസ് റഹ്മാന്റെ നേതൃത്വത്തിൽ ഗൈനക്കോളജിസ്റ്റുമാരായ ഡോ. ഷെമിനി സലിം, ഡോ. സോണിയ ഫർഹാൻ, സീനിയർ കൺസൾട്ടന്റ് അനസ്തീഷ്യോളജിസ്റ്റ് ഡോ. ഷാജി പി.ജി എന്നിവരടങ്ങിയ സംഘമാണ് ചികിത്സയ്ക്ക് നേതൃത്വം നല്കിയത്.




ചിത്രത്തിൽ: ഡോ. ഹഫീസ് റഹ്മാൻ, പർവീൻ ഹഫീസ്, രേഷ്മ (അമ്മ), ഭർത്താവ് ശ്രീരാജ്, ഡോ. ഷെമിനി സലീം, ഡോ. സോണിയ ഹർഫാൻ, ഡോ. എബി കോശി, ഡോ. ഷാജി പി.ജി, ഡോ. സുമി പീറ്റർ മരിയ, (ഇടത്തുനിന്ന് വലത്തേക്ക്)

പ്രതീക്ഷ നഷ്ടപ്പെട്ട്, ഇനി തങ്ങൾക്കൊരു കുഞ്ഞെന്ന ആഗ്രഹം സഫലമാകില്ലെന്ന സങ്കടത്തോടെയാണ് സൺറൈസിലെത്തിയത്. ആദ്യമായാണ് ഞങ്ങളോട് ഒരു ഡോക്ടർ പോസിറ്റീവായി പ്രതികരിച്ചത് പോലും. ആദ്യദിവസം മുതൽ നാളിതുവരെ ഹഫീസ് ഡോക്ടറും മറ്റ് ഓരോ ജീവനക്കാരും നല്കിയ പിന്തുണ ചെറുതല്ല: ദമ്പതിമാർ പറഞ്ഞു.

മികച്ച പരിചരണത്തിനും അപകടസാദ്ധ്യതകൾ ഒഴിവാക്കുന്നതിനുമായി യുവതി ആറാം മാസം മുതൽ ആശുപത്രിയിലാണ് ചെലവഴിച്ചത്. യുവതിക്കായി ആശുപത്രി അധികൃതർ വളകാപ്പ് ചടങ്ങും ഒരുക്കിയിരുന്നു. പ്രസവശേഷം പെൺകുഞ്ഞുമായി ജൂൺ രണ്ടാം ആഴ്ചയിലാണ് ആശുപത്രി വിട്ടത്. കടുത്ത പ്രതിസന്ധികളെ അതിജീവിച്ച് കുഞ്ഞിന് ജന്മംനല്കാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് ദുബായിൽ നിന്നെത്തിയ ദമ്പതികൾ.

ചെയർമാനും ഗൈനക്കോളജി വിഭാഗം ചീഫ് സർജനുമായ ഡോ. ഹഫീസ് റഹ്മാൻ, മാനേജിംഗ് ഡയറക്ടർ പർവീൻ ഹഫീസ്, ഗൈനക്കോളജി വിഭാഗം ഡോക്ടർമാരായ ഷെമിനി സലീം, സോണിയ ഹഫീസ്, എബി കോശി, ഡോ. സുമി പീറ്റർ മരിയ, അനസ്തീഷ്യോളജിസ്റ്റ് ഡോ. ഷാജി പി.ജി, ദമ്പതികളായ രേഷ്മ, ശ്രീരാജ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 94.48 |
| യൂറോ | 107.82 |
| സ്റ്റെർലിംഗ്പൗണ്ട് | 124.98 |
| സ്വിസ് ഫ്രാങ്ക് | 116.99 |
| സിംഗപ്പൂർ ഡോളർ | 73.10 |
| കനേഡിയൻ ഡോളർ | 66.56 |
| ഒമാൻ റിയാൽ | 245.69 |
| ബഹ്റൈൻ ദിനാർ | 250.80 |
| സൗദി റിയാൽ | 25.17 |
| യു.എ.ഇ. ദിർഹം | 25.70 |
| കുവൈത്ത് ദിനാർ | 305.04 |



# ലോകത്തിന് കേരളത്തിന്റെ പുതിയ അഞ്ച് സസ്യങ്ങൾ

കോട്ടയം: പല വർണങ്ങളിൽ പൂത്തുനിന്നിട്ടും ലോകം അറിയാതെപോയ അഞ്ച് സുന്ദരിച്ചെടികളെ ഗവേഷകർ പശ്ചിമഘട്ട മലനിരകളിൽനിന്ന് കണ്ടെത്തി. പുതിയ ഇംപേഷ്യൻസ് (ബാൾസം) സസ്യവർഗങ്ങളെയാണ് കണ്ടെത്തിയത്. 'ഫൈറ്റോകീസ്' എന്ന അന്താരാഷ്ട്ര സസ്യശാസ്ത്ര ജേണലിൽ കണ്ടെത്തൽ പ്രസിദ്ധീകരിച്ചു. വാഗമൺ, മാങ്കുളം വിരിപ്പാറ, മാമലക്കണ്ടം, പാമ്പനാർ എന്നിവിടങ്ങളിൽ നിന്നുള്ളതാണ് ഗവേഷകർ കണ്ടെത്തിയ പുതിയ സസ്യവർഗങ്ങൾ.

ഇടുക്കി വാഗമണ്ണിൽനിന്ന് കണ്ടെത്തിയ ചെടിക്ക് 'ഇമ്പേഷ്യൻസ് ബെർക്ക്മാൻസിയൻസിസ്' എന്ന പേരാണ് നൽകിയിരിക്കുന്നത്. ചങ്ങനാശേരി എസ്ബി കോളജിനോടുള്ള ആദരസൂചകമായാണ് ഈ പേര് നൽകിയിരിക്കുന്നത്. ഈ ചെടിയിൽ മഞ്ഞ നിറത്തിലുള്ള പൂക്കളാണുള്ളത്. ഇടുക്കി മാങ്കുളം വിരിപ്പാറയിൽനിന്നു കണ്ടെത്തിയ ചെടിക്ക് 'ഇമ്പേഷ്യൻസ് നൈനാനി' എന്ന പേരാണ് നൽകിയിരിക്കുന്നത്. കേരള സർവകലാശാലയിലെ സയൻസ് ഫാക്കൽറ്റി മുൻ ഡീനും ബോട്ടണി വിഭാഗം മേധാവിയുമായിരുന്ന പ്രഫ. സി.എ. നൈനാനോടുള്ള ആദരവാണ് നൈനാനിയെന്ന പേരിനു പിന്നിൽ.



എറണാകുളം മാമലക്കണ്ടത്തുനിന്ന് കണ്ടെത്തിയ പിങ്ക്-പർപ്പിൾ പൂക്കളോടുകൂടിയ പുതിയ സസ്യത്തിന് 'ഇമ്പേഷ്യൻസ് ഫിൽസി'യെന്നാണ് പേര് നൽകിയിരിക്കുന്നത്.

കോട്ടയം സിഎംഎസ് കോളജിലെ ബോട്ടണി വിഭാഗം മുൻ മേധാവിയും അധ്യാപകനുമായ പ്രഫ. ഫിൽസി ടി. ബേബിയോടുള്ള ആദരവായാണ് ഈ പേര് നൽകിയത്. ഇവയ്ക്ക് പുറമെ ഇമ്പേഷ്യൻസ് ഫ്ളാവിസ്പിക്കേറ്റ, ഇമ്പേഷ്യൻസ് സന്തോപെറ്റാല എന്നീ രണ്ടു പുതിയ സസ്യങ്ങളെയും ഗവേഷകസംഘം കണ്ടെത്തിയിട്ടുണ്ട്. എറണാകുളം മാമലക്കാണ്ടത്തുനിന്നാണ് ഇമ്പേഷ്യൻസ് ഫ്ളാവിസ്പിക്കേറ്റ കണ്ടെത്തിയത്. മഞ്ഞ നിറത്തിലുള്ള സ്പർ (spur) ഇതിന്റെ പ്രത്യേകത. വെള്ള നിറത്തിലുള്ള പൂക്കൾക്ക് മഞ്ഞ പൊട്ടുണ്ട്.

ഇടുക്കി പാമ്പനാറിൽനിന്നാണ് ഇമ്പേഷ്യൻസ് സാന്തോപെറ്റാല കണ്ടെത്തിയത്. ഇതിന് കടുംമഞ്ഞ നിറത്തിലുള്ള ഇതളുകളും ഇരുണ്ട തവിട്ട് പൊട്ടുമുണ്ട്. കടും മഞ്ഞ നിറമുള്ള ദളങ്ങളാണ് ഇതിന്റെ പ്രത്യേകത. പശ്ചിമഘട്ടത്തിൽ 130-ൽപരം ഇംപേഷ്യൻസ് വർഗങ്ങൾ ഉണ്ടെന്നാണ് കണക്ക്. ഇവയിൽ ഭൂരിഭാഗവും പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന അപൂർവയിനങ്ങളാണ്.

ചെടികളുടെ പൂവിന്റെ ഘടന, കായ്കൾ, പൂമ്പൊടി എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തിയാണ് ഇവ പുതിയ സ്പീഷിസുകളാണെന്ന് സ്ഥിരീകരിച്ചത്. ഓരോ സ്പീഷിസിനും അവയുടെ അടുത്ത ബന്ധുക്കളിൽനിന്ന് വ്യത്യസ്തമായ പ്രത്യേകതകളുണ്ട്.

തിരുവനന്തപുരം ട്രാവൻകൂർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോസയൻസ് റിസർച്ചിലെ ഡോ. എസ്. ആര്യ, ചങ്ങനാശേരി എസ്ബി കോളജിലെ ബോട്ടണി വിഭാഗം മുൻ മേധാവി ഡോ. സാൽവി തോമസ്, സ്വതന്ത്ര ഗവേഷകനായ ഡോ. മാനുവൽ തോമസ്, കോട്ടയം സിഎംഎസ് കോളജിലെ ബോട്ടണി വിഭാഗം മേധാവി പ്രഫ. ഡോ. റോജിമോൻ പി. തോമസ് എന്നിവരടങ്ങിയ സംഘമാണ് കണ്ടെത്തലിനു പിന്നിൽ.

# 'ഓപ്പറേഷൻ സിന്ദൂറി'ൽ വീരമൃത്യു വരിച്ചത് ആറു സൈനികർ

ന്യൂഡൽഹി: കഴിഞ്ഞവർഷം മേയ് മാസത്തിൽ പാകിസ്ഥാനും പാക് അധീന കാശ്മീരിലെ ഭീകരതാവളങ്ങളിലും ഇന്ത്യൻ സേന നടത്തിയ 'ഓപ്പറേഷൻ സിന്ദൂർ' സൈനികനീക്കത്തിനിടെ വീരമൃത്യു വരിച്ച ആറ് ധീരജവാന്മാരുടെ പേരുകൾ കേന്ദ്രസർക്കാർ ഔദ്യോഗികമായി വെളിപ്പെടുത്തി. ഇതാദ്യമായാണ് 'ഓപ്പറേഷൻ സിന്ദൂറി'ൽ വീരമൃത്യു വരിച്ച സൈനികരുടെ പേര് പുറത്തുവിടുന്നത്. കരസേനയിലെ അഞ്ചുപേരുടെയും വ്യോമസേനയിലെ ഒരു ഉദ്യോഗസ്ഥന്റെയും പേരുകളാണ് ദേശീയ യുദ്ധസ്മാരകത്തിന്റെ (നാഷണൽ വാർ മെമ്മോറിയൽ) റോൾ ഓഫ് ഓണർ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയത്.

സുബേദാർ മേജർ പവൻ കുമാർ, റൈഫിൾമാൻ സുനിൽ കുമാർ, ലാൻസ് നായിക് ദിനേഷ് കുമാർ, അഗ്നിവീർ മൂഡ് മുരളീനായിക്, ഹവിൽദാർ സുനിൽ കുമാർ സിംഗ് എന്നിവരാണ് വീരമൃത്യു വരിച്ച കരസേനാ ഉദ്യോഗസ്ഥർ. വ്യോമസേനയിലെ സർജന്റ് സുരേന്ദ്ര കുമാറാണ് ആറാമൻ. ഇതിൽ വീരചക്ര ബഹുമതിക്ക് അർഹനായ റൈഫിൾമാൻ സുനിൽ കുമാറിനുള്ള പുരസ്കാരം കഴിഞ്ഞ എട്ടിന് രാഷ്ട്രപതി ദ്രൗപദി മുർമു അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് മരണാനന്തര ബഹുമതിയായി കൈമാറിയിരുന്നു. സർജന്റ് സുരേന്ദ്ര കുമാറിന് വായുസേനാ മെഡലും പ്രഖ്യാപിച്ചിട്ടുണ്ട്.

2025 ഏപ്രിൽ 22-ന് ജമ്മുകാശ്മീലിലെ പഹൽഗാമിൽ 26 വിനോദസഞ്ചാരികളുടെ മരണത്തിനിടയാക്കിയ ഭീകരാക്രമണത്തിനു തിരിച്ചടിയായാണ് അതിർത്തി കടന്നുള്ള സൈനികനീക്കം നടത്തിയത്.

# കാർഷിക സർവകലാശാല: വിസിയെ നിയമിച്ചു

തിരുവനന്തപുരം: കാർഷിക സർവകലാശാലാ വൈസ് ചാൻസലറായി ബിജെപി സംഘടനാ നേതാവിനെ നിയമിച്ച് ഗവർണർ. അധ്യാപക പരിഷത്ത് നേതാവായ ഡോ. ടി. സജിതാ റാണിയെ ആണ് താൽക്കാലിക വി.സി. ആക്കിയത്. കൃഷിമന്ത്രി നൽകിയ മൂന്നംഗ വി.സി. പാനൽ തള്ളിയാണ് ഗവർണർ അധ്യാപക പരിഷത്ത് നേതാവിന് നിയമനം നൽകിയത്. കാസർഗോഡ് പടന്നക്കാട് കാർഷിക കോളജിലെ ഡീൻ ആണ് ഇവർ. ബി. അശോകിനെ മാറ്റിയ ഒഴിവിലാണ് നിയമനം. എം.ജി. സർവകലാശാലയ്ക്കു പിന്നാലെ കാർഷിക സർവകലാശാലയിലും ബിജെപി ബന്ധമുള്ള വി.സിയെ നിയമിച്ചത് ഗവർണർ-സർക്കാർ പോരിലേക്കു നീങ്ങാനാണ് സാധ്യത.

ഉന്നതവിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽ സെക്രട്ടറിയായ അശോകിനെ വി.സി. സ്ഥാനത്തുനിന്നു മാറ്റണമെന്ന് കൃഷിമന്ത്രി ടി. സിദ്ദിഖ് ഗവർണറെ കണ്ട് ആവശ്യപ്പെട്ടിരുന്നു.

ഡോ. തോമസ് ജോർജ്, ശാലിനി പിള്ള, മേരി റെജീന എന്നിവരുടെ പട്ടികയാണ് മന്ത്രി ഗവർണർക്കു നൽകിയത്. എന്നാൽ ഇതു തള്ളിയാണ് സർക്കാരുമായി ആലോചിക്കാതെ ഗവർണർ വി.സി. നിയമനം നടത്തിയത്. ചട്ടം മറികടന്നാണ് സജിതയ്ക്ക് പദവി നൽകിയത് എന്ന ആരോപണം ലോക്ഭവൻ തള്ളി. സീനിയോറിറ്റിയിൽ സജിതയാണ് മുന്നിലെന്നാണ് ലോക്ഭവന്റെ വിശദീകരണം.

# എൻസിഇആർടി ഒൻപതാം ക്ലാസ് പാഠപുസ്തകത്തിൽ അടിയന്തരാവസ്ഥ

ന്യൂഡൽഹി: എൻസിഇആർടിയുടെ ഒൻപതാം ക്ലാസ് സാമൂഹികശാസ്ത്ര പാഠപുസ്തകത്തിൽ അടിയന്തരാവസ്ഥയും പാഠ്യഭാഗം. ഇന്ത്യൻ ജനാധിപത്യം നേരിട്ട ഏറ്റവും വലിയ വെല്ലുവിളികളിലൊന്നായാണ് പാഠ്യഭാഗത്ത് അടിയന്തരാവസ്ഥയെ വിശേഷിപ്പിക്കുന്നത്. ഇന്ത്യയുടെ ചരിത്രത്തിലെ ഒരു 'ഇരുണ്ട കാലഘട്ടം' എന്നും വിശേഷിപ്പിക്കുന്നു. ഒൻപതാംക്ലാസിൽ ഇത്തരത്തിൽ അടിയന്തരാവസ്ഥ പാഠ്യഭാഗമാക്കുന്നത് ആദ്യമായാണെന്ന് എൻസിഇആർടി കേന്ദ്രങ്ങൾ പറഞ്ഞു. 2020-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായാണ് നീക്കം.

പുതുതായി പുറത്തിറക്കിയ പുസ്തകത്തിലെ ആറാമത്തെ അധ്യായമായി 'അണ്ടർ സ്റ്റാൻഡിങ് സൊസൈറ്റി: ഇന്ത്യ ആൻഡ് ബിയോണ്ട്' എന്ന തലക്കെട്ടിലാണ് അടിയന്തരാവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത്. അടിയന്തരാവസ്ഥയ്ക്കെതിരായ പ്രക്ഷോഭത്തിൽ ജയപ്രകാശ് നാരായൺ വഹിച്ച പങ്കും അടിയന്തരാവസ്ഥയ്ക്കുശേഷമുള്ള തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധി തോറ്റതും പാഠപുസ്തകം വിശദീകരിക്കുന്നുണ്ട്. 'ഭരണകക്ഷിയുടെ പരാജയം ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തി തെളിയിക്കുകയും ജനാധിപത്യത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുകയും ചെയ്തു' എന്ന് പുസ്തകം വിശദീകരിക്കുന്നു.

# പതിക്കൽ ജെ. സ്റ്റീഫൻ ഹൂസ്റ്റണിൽ അന്തരിച്ചു; സംസ്കാരം തിങ്കളാഴ്ച



ഹൂസ്റ്റൺ: എറണാകുളം ജില്ലയിലെ കീഴില്ലം പതിക്കൽ പരേതരായ പൈലി ജോസഫിന്റെയും മറിയാമ്മ ജോസഫിന്റെയും മകൻ പതിക്കൽ ജെ. സ്റ്റീഫൻ (78) അന്തരിച്ചു. ഇന്ത്യൻ ആർമിയിലും യുഎഇ ആർമിയിലും നിരവധി വർഷങ്ങൾ സേവനമനുഷ്ഠിച്ചിട്ടുള്ള പരേതൻ ഹൂസ്റ്റൺ സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ (STECI) ഹൂസ്റ്റൺ ഇടവകയിലെ സജീവ അംഗമായിരുന്നു.

ഭാര്യ റേച്ചൽ സ്റ്റീഫൻ (പൊന്നമ്മ) കളമശേരി തടത്തിൽ കുടുംബാംഗമാണ്. മക്കൾ: ഡോ. ലിമ ജോസഫ്, സുമ മാത്യു (ഇരുവരും ഹൂസ്റ്റൺ). മരുമക്കൾ: ഡോ. ബിനി ജോസഫ്, മഗേഷ് മാത്യു (ഇരുവരും ഹൂസ്റ്റൺ). കൊച്ചുമക്കൾ: അബിഗയിൽ ജോസഫ്, ഫീബി ജോസഫ്, മിൽക്കാ മാത്യു, മിസ്പാ മാത്യു.

സംസ്കാര ശുശ്രൂഷകൾ ജൂൺ 29-ന് തിങ്കളാഴ്ച രാവിലെ 9 മുതൽ 12.30 വരെ ഹൂസ്റ്റണിലെ സെ. തോമസ് സിഎസ്ഐ ചർച്ച് ഓഫ് ഗ്രേയ്റ്റർ ഹൂസ്റ്റൺ ദേവാലയത്തിൽ (16520, Chimney Rock Road, Houston, TX 77053), ശുശ്രൂഷകൾക്കുശേഷം ഉച്ചകഴിഞ്ഞ് 2 മണിക്ക് സൗത്ത് പാർക്ക് ഫ്യൂണറൽ ഹോം ആൻഡ് സെമിത്തേരിയിൽ (1310 N.Main Street, Pearland, TX 77581) മൃതദേഹം സംസ്കരിക്കും.

ശുശ്രൂഷകളുടെ ലൈവ്സ്ട്രീം ലിങ്ക്: https://www.youtube.com/live/KJCfaQQnu6Q?reload=9&feature=share. കൂടുതൽ വിവരങ്ങൾക്ക് ഡോ. ബിനി ജോസഫ് 870 918 7538, മഗേഷ് മാത്യു 832 359 5702.

**വാർത്ത: ജീമോൻ റാന്നി**

# സർക്കാർ വകുപ്പുകളിൽ കോടികളുടെ ക്രമക്കേടെന്ന് റിപ്പോർട്ട്

കോട്ടയം: കേരളത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തു വിവിധ വകുപ്പുകളിലായി 27.48 കോടി രൂപയുടെ ക്രമക്കേടും ധനദുർവിനിയോഗവും നടന്നതായി കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ട്. ജലവിഭവ വകുപ്പിലാണ് ഏറ്റവും കൂടുതൽ: 6.29 കോടി. തദ്ദേശവകുപ്പിൽ 11.30 കോടിയാണു ധനദുർവിനിയോഗം. 2025 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സിഎജി ഓഡിറ്റ് റിപ്പോർട്ടിലാണു കണ്ടെത്തൽ.

പഞ്ചായത്ത്, ഗ്രാമവികസന, നഗരകാര്യ, നഗര ഗ്രാമാസൂത്രണ വകുപ്പുകളും തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ് വിഭാഗവും ചേർന്നുള്ളതാണു തദ്ദേശ വകുപ്പ്. ഇതിലാണ് കൂടുതൽ ക്രമക്കേടെങ്കിലും ഒരു വകുപ്പ് മാത്രമായി പരിഗണിക്കുമ്പോൾ ജലവിഭവ വകുപ്പിലാണു കൂടുതൽ. സഹകരണ വകുപ്പ്- 2.93 കോടി, ധനകാര്യ-ട്രഷറി വകുപ്പ്- 4.08 കോടി എന്നതാണു ബാക്കി കണക്ക്.

ക്രമക്കേടും ധനദുർവിനിയോഗവും സംബന്ധിച്ച് 78 സംഭവങ്ങൾ കണ്ടെത്തി. ഇതിൽ 71 കേസുകൾ എടുത്തു. ഏഴ് സംഭവങ്ങളിൽ ഇനിയും വകുപ്പുതല അന്വേഷണം ആരംഭിച്ചിട്ടില്ല. അഞ്ച് കേസുകളിലായി 2.49 കോടിയുടെ വകുപ്പുതല നടപടികൾ ആരംഭിച്ചെങ്കിലും പൂർത്തിയാക്കിയില്ല. മറ്റ് ഏഴ് കേസുകളിലായി 16.57 കോടിയുടെ വകുപ്പുതല അന്വേഷണത്തെത്തുടർന്ന് ക്രിമിനൽ കേസുകളും നിലവിലുണ്ട്. 42 കേസുകളിൽ ക്രിമിനൽ നടപടികൾ പൂർത്തിയായെങ്കിലും പണം വീണ്ടെടുത്തിട്ടില്ല. 17 കേസുകൾ കോടതിയുടെ പരിഗണനയിലാണ്. മോഷണം, ധനദുർവിനിയോഗം, നഷ്ടം എന്നീ വിഭാഗത്തിലാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. മറ്റു വകുപ്പുകളും ക്രമക്കേട് തുകയും (ലക്ഷത്തിൽ): കൃഷി- 45.85, വനം-വന്യജീവി - 27.46, പൊതുവിദ്യാഭ്യാസം- 11.60, ഉന്നത വിദ്യാഭ്യാസം- 32.35, ഹെൽത്ത് സർവീസ്- 22.63, ഇൻഷുറൻസ് മെഡിക്കൽ സേവനങ്ങൾ - 38.36, സാംസ്കാരിക വിഭാഗം - 26.57, ലോട്ടറി - 59.95.

# എൻ. ശേഷാദ്രി നാഥൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറാകും

തിരുവനന്തപുരം: സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായി എൻ. ശേഷാദ്രി നാഥനെ നിയമിക്കാൻ ഗവർണറോട് ശിപാർശ ചെയ്യാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. എറണാകുളം സ്വദേശിയായ ഇദ്ദേഹം എറണാകുളം, പേരാമ്പ്ര, പാലക്കാട്, കണ്ണൂർ മുൻസിഫ് കോടതികളിൽ മജിസ്ട്രേട്ടായിരുന്നു. എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ അഡീഷണൽ ജില്ലാ ജഡ്ജിയായും ഇരിങ്ങാലക്കുട കുടുംബ കോടതിയിൽ ജഡ്ജിയായും സേവനമനുഷ്ഠിച്ചു. നിയമസെക്രട്ടറിയായിരുന്ന കെ.ജി. സനൽകുമാറിനെ തെരഞ്ഞെടുപ്പ് കമ്മീഷണറായി മുൻ സർക്കാർ തീരുമാനിച്ചെങ്കിലും ഗവർണർ അനുമതി നിഷേധിച്ചിരുന്നു. നിയമനത്തിന് ഹൈക്കോടതിയുടെ അനുമതി തേടിയില്ലെന്നു കാട്ടി സേവ് യൂണിവേഴ്സിറ്റി കാമ്പെയിൻ കമ്മിറ്റി നല്കിയ പരാതിയിലായിരുന്നു നടപടി.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## ജോസഫ് സ്റ്റീഫൻ

**കൊച്ചി:** കീഴില്ലം പതിക്കൽ ജോസഫ് സ്റ്റീഫൻ (ബേബി-78) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ കളമശേരി തടത്തിൽ റേച്ചൽ. മക്കൾ: ലിമ, സുമ. മരുമക്കൾ: സിനി, മഗേഷ്.

**മാവേലിക്കര:** നാല് പതിറ്റാണ്ട് പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പ്രധാന ശുശ്രൂഷകനായിരുവന്ന കല്ലുമല കൊട്ടാരത്തിൽ കെ.കെ. കുര്യാക്കോസ് (അമ്മണൻ-102) അന്തരിച്ചു.

**മണർകാട്:** മെറീന റബർ വർക്സ് ഉടമ ഇഞ്ചക്കാട്ട് ടി.എം ഏബ്രഹാം (അച്ചൻകുഞ്ഞ് -88) അന്തരിച്ചു.

**ഉള്ളനാട്:** പോളയിൽ പുത്തൻവീട്ടിൽ മറിയാമ്മ ജോർജ് (തങ്കമ്മ-88) അന്തരിച്ചു.

## ലിന്റു എബി നൈനാൻ

**വാകത്താനം:** പുത്തൻചന്ത ചിറത്തലാട്ട് കൊല്ലംപറമ്പിൽ നൈനാൻ സി. ഏബ്രഹാമിന്റെയും സൂസൻ നൈനാന്റെയും (ന്യൂയോർക്ക്) മകൻ ലിന്റു എബി നൈനാൻ (42) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ വടവാതൂർ അമ്പലത്തിങ്കൽ ജിബിൻ റെയ്ച്ചൽ സ്കറിയ മക്കൾ: എയ്ഞ്ചലീന സൂസൻ നൈനാൻ, എവ ആൻ നൈനാൻ.

**തിരുവല്ല:** സഹകരണ വകുപ്പ് റിട്ട. ഡെപ്യൂട്ടി രജിസ്ട്രാർ കാവുംഭാഗം പുത്തൂർ ബാലകൃഷ്ണക്കുറുപ്പ് (63) അന്തരിച്ചു.

**ചിങ്ങവനം:** അമ്പാടിയിൽ ഇല്ലത്ത് കളത്തിലായ യുഗേഷ് ഗോപാൽ (57) അന്തരിച്ചു.

## രമണി വർഗീസ്

**മേക്കടവ്** കുറ്റിക്കാട്ട് രമണി വർഗീസ് (വത്സ-76) ചെന്നൈയിൽ അന്തരിച്ചു. കോട്ടയം മുഞ്ഞനാട്ട് പുള്ളിയിൽ കളരിക്കൽ കുടുംബാംഗമാണ്. ഭർത്താവ് കെ.യു. വർഗീസ് (റിട്ട. സതേൺ റെയിൽവേ എൻജിനീയർ). മക്കൾ: അശ്വതി, ഫിലിപ്സ് (ഇരുവരും യുഎസ്). മരുമക്കൾ: റോജി, നിഷ.

**തിരുവല്ല:** കല്ലൂപ്പാറ മൂത്തേടത്ത് പറയനോലിക്കൽ പി.എസ്. ജോഷി (രാജു-78) അന്തരിച്ചു.

**കവിയൂർ:** റിട്ട. അധ്യാപിക കോട്ടൂർ കൊടിനാട്ടുകുന്നേൽ എലിസബത്ത് ജേക്കബ് (96) അന്തരിച്ചു.

**വാകത്താനം:** നാലുന്നാക്കൽ പള്ളിച്ചിറ മേരിക്കുട്ടി കുരുവിള (65) അന്തരിച്ചു.

**നെടുമ്പാശേരി:** കേരള കോൺഗ്രസ്(ജെ) നേതാവും പാറക്കടവ് ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ടുമായ പൗലോസ് ചാറ്റുകുളം (70) അന്തരിച്ചു.

**കോഴിക്കോട്:** മെഡിക്കൽ കോളജ് റിട്ട. ഹെഡ് നേഴ്സ് ലില്ലിക്കുട്ടി കുര്യാക്കോസ് തേവലശ്ശേരി (85) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** മടുക്കക്കുഴി തെരേസ (ശാന്തമ്മ-84) മുംബൈയിൽ അന്തരിച്ചു.

## അന്നമ്മ ബേബി പുത്തൻപുരക്കൽ



**തണ്ണിത്തോട്:** പുത്തൻപുരയ്ക്കൽ പി.എം. ബേബിയുടെ ഭാര്യ അന്നമ്മ ബേബി (78) അന്തരിച്ചു. മക്കൾ: ഫാ. മാത്യു പുത്തൻപുരക്കൽ (സിനു പി. ജോസഫ് ഡാളസ്), ബിനു പി. ജോസഫ് (സെ. ബെനഡിക്ട് എച്ച്എസ് തണ്ണിത്തോട്). മരുമകൾ: മീരാ തോമസ് (സെ. മേരീസ് എച്ച്എസ്എസ് പട്ടം). സഹോദരങ്ങൾ: റവ. എം.ഡി. സാമുവൽ (ചണ്ഡിഗർ), സൂസൻ പാപ്പച്ചൻ, അഡ്വ. ബെന്നി തോമസ് (ചണ്ഡിഗർ) പരേതരായ എം.സി. തോമസ്, ബാബു തോമസ്, എം.ഡി. മാത്യു.

**ഓലകെട്ടിയമ്പലം:** ചിറയിൽ രാജം ജോർജ് (87) അന്തരിച്ചു.

**കോഴഞ്ചേരി:** തേവർവേലിൽ മട്ടലിൽ കുടുംബാംഗം ജേക്കബ് ജോസഫ് (ബേബിക്കുട്ടി-84) അന്തരിച്ചു.

## ശോശക്കുട്ടി മാത്യു

**തോട്ടയ്ക്കാട്:** കോട്ടയം സബ് കോടതി റിട്ട. സൂപ്രണ്ട് കക്കുഴിയിലായ കാലായിൽ ശോശക്കുട്ടി (90) അന്തരിച്ചു. തൃപ്പൂണിത്തുറ ചന്ദനത്തിൽ കുടുംബാംഗമാണ്. ഭർത്താവ് കെ.എം. മാത്യു (റിട്ട. അധ്യാപകൻ ഗവ. ഹൈസ്കൂൾ പുതുപ്പള്ളി). മക്കൾ: ഷാജി (യുഎസ്), പരേതനായ സജി. മരുമക്കൾ: റമീന തീണ്ടിയത്തിൽ (അമയന്നൂർ), ജീജ സജി തട്ടയിൽപറമ്പിൽ പൂവന്തുരുത്ത് (കുവൈറ്റ്).

**കൂത്താട്ടുകുളം:** കിഴകൊമ്പ് കണ്ടത്താനത്ത് പൊന്നമ്മ ഉലഹന്നാൻ (74) അന്തരിച്ചു.

**കടനാട്:** പ്രസിദ്ധ ന്യൂമിസ്മാറ്റിസ്റ്റും ഫിലാറ്റലിസ്റ്റുമായ പൂവത്തുങ്കൽ താഴത്തേൽ സെബാസ്റ്റ്യൻ മാത്യു (ബേബി -77) അന്തരിച്ചു.

**കൊടുങ്ങൂർ:** ചക്കാലയ്ക്കലായ തത്തംപള്ളിൽ അന്നമ്മ ജോർജ് (70) അന്തരിച്ചു.

**വാകത്താനം:** കൊക്കരവാലയിലായ കിഴക്കേക്കുറ്റ് ശോശാമ്മ ചാക്കോ (അമ്മിണി-77) അന്തരിച്ചു.

**മുക്കൂട്ടുതറ:** നെടുംപുറത്ത് ഏബ്രഹാം തോമസ് (അച്ച-85) അന്തരിച്ചു.

**അരീപ്പറമ്പ്:** പുളിയായിൽ പൈങ്ങോട്ടായ ഐക്കമറ്റത്തിൽ ഏലിയാമ്മ തോമസ് (കുഞ്ഞമ്മ-74) അന്തരിച്ചു.

**കൊങ്ങാണ്ടൂർ:** ഒഴുകയിൽ കോര മത്തായി (94) അന്തരിച്ചു.

## ജോബ് ഉലഹന്നാൻ

**ഉടുമ്പന്നൂർ:** ചെപ്പുകുളം മുണ്ടയ്ക്കൽ ജോബ് ഉലഹന്നാൻ (കുട്ടിയച്ചൻ-82) അന്തരിച്ചു. ഭാര്യ അറക്കുളം മൈലാടൂർ അന്നക്കുട്ടി. മക്കൾ: ആഷ (യുഎസ്), സിന്ധു (അയർലൻഡ്), സാന്റോ, പരേതനായ ഡേവിസ്, മരുമക്കൾ: വാഴത്തോപ്പ് പാലിയത്ത് റാണി ഡേവിസ്, ഇലഞ്ഞി പുളിക്കത്തടത്തിൽ ജോയി പീറ്റർ, കാസർകോട് ഒറ്റപ്ലാക്കൽ ജയ്സൺ.

## രവീന്ദ്രനാഥ്

**കൊച്ചി:** കടവന്ത്ര പേൾസ് ഗാർഡൻവ്യൂ കിഴുവീട്ടിൽ പിള്ള വീട്ടിൽ ഫാർമസ്യൂട്ടിക്കൽ കൺസൾട്ടന്റ് രവീന്ദ്രനാഥ് (89) അന്തരിച്ചു. ഭാര്യ ശാന്ത. മക്കൾ: ഇന്ദിര (കാനഡ), മിനി (കൊച്ചി), രാജേഷ് (യുഎസ്). മരുമക്കൾ: രവീന്ദ്രൻ നായർ (റേഡിയോ മാംഗോ), അർച്ചന (യുഎസ്), പരേതനായ മോഹൻദാസ്.

## അന്നമ്മ തോമസ്



**ഹൂസ്റ്റൺ:** കവുങ്ങുംപ്രയാർ കണ്ണേത്ത് അന്നമ്മ തോമസ് (ലീല-78) ഹൂസ്റ്റണിൽ അന്തരിച്ചു. കൊല്ലാട് ഇലവന്താനത്ത് കുടുംബാംഗമാണ്. ഭർത്താവ് തോമസ് കണ്ണേത്ത് (ബേബിച്ചൻ). മക്കൾ: ലിനി ജോൺ, ലീജ തോമസ്. മരുമക്കൾ: ഡോ. ടോണി ജോൺ, ആൽവിൻ തോമസ് (നാല്പേരും യുഎസ്),

**വൈക്കം:** ബിഎസ്എൻഎൽ വൈക്കം റിട്ട. സീനിയർ ടെലിഫോൺ സൂപ്പർവൈസർ തോട്ടകം കണ്ടഞ്ചേരിൽ കെ. ശിവദാസൻ (83) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** മുണ്ടപ്ലാക്കൽ റിട്ട. പ്രിൻസിപ്പാൾ മോനിയമ്മ സ്കറിയ (82) അന്തരിച്ചു.

**മൂലമറ്റം:** കെഎസ്എഫ്ഇ ഉദ്യോഗസ്ഥൻ വരിക്കപ്ലാക്കൽ വി.എം. ജെയിംസ് (56) അന്തരിച്ചു.

**പരിപ്പ്:** മെഡിക്കൽ കോളജ് റിട്ട. ഹെഡ്നേഴ്സ് ശ്രീഹരിയിൽ സരസ്വതിയമ്മ (84) അന്തരിച്ചു.

**പേരൂർ:** പൊക്കിടിയിൽ പി.ജെ. ഫിലിപ്പ് (71) അന്തരിച്ചു.

**മൂവാറ്റുപുഴ:** ഏനാനല്ലൂർ മലേക്കുടിയിൽ മേരി ഏബ്രഹാം (84) അന്തരിച്ചു.

**വൈക്കം:** ജലന്ധർ രൂപതയിലെ സിഎംസി പുഷ്പാരം പ്രൊവിൻസ് അംഗം സിസ്റ്റർ ലേത്തൂസ് (92) അന്തരിച്ചു.

**പുതുവേലി:** ചിറയത്ത് അന്നമ്മ തോമസ് (82) അന്തരിച്ചു.

## ലീലാമ്മ ഏബ്രഹാം നടുവിലേടം

**കോട്ടയം:** മുതിർന്ന കോൺഗ്രസ് നേതാവും ദീർഘകാലം എഐസിസി അംഗവുമായിരുന്ന റിട്ട. അധ്യാപിക ലീലാമ്മ ഏബ്രഹാം നടുവിലേടം (87) അന്തരിച്ചു. പുതുപ്പള്ളി വലിയ കിഴക്കേക്കരയിലായ കുത്തതയിലായ നടുവത്തുചിറ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ അഡ്വ. ഏബ്രഹാം നടുവിലേടം. മക്കൾ: അഡ്വ. ഷാജി ഏബ്രഹാം (യുഎസ്), പ്രഫ. ഡോ. ജിജി ഏബ്രഹാം, ഡോ. ജിനു ഏബ്രഹാം (ഓസ്ട്രേലിയ). മരുമക്കൾ: ഹീര, പ്രഫ. ഡോ. ലൂയിസ് ജെ. കാട്ടടി, ജോയി ചാക്കോ (ഓസ്ട്രേലിയ).

## ഡോ. പ്രകാശ് എൻ. തര്യൻ

**മംഗ്ളൂരു:** റോഷൻ നിലയ സ്കൂൾ ഓഫ് സോഷ്യൽ വർക്സ് റിട്ട. പ്രഫസർ ഡോ. പ്രകാശ് എൻ. തര്യൻ (72) അന്തരിച്ചു. ഭാര്യ റിട്ട. എൽസി (പ്രഫസർ ഓഫ് സൈക്കോളജി ആഗ്നസ് കോളജ് മംഗ്ളൂരു). മക്കൾ: സുമോദ് (സിംഗപ്പൂർ), സൗമ്യ (യുഎസ്), സുധീപ് (ബെംഗ്ളൂരു), സാക്ഷ്യ (ഡൽഹി). മരുമക്കൾ: നാദിയ, വിക്രം, മറിയ, ആകാശ്.

**ഇലഞ്ഞി:** കടവേലിൽ സിസ്റ്റർ ക്ലാര (66) അന്തരിച്ചു. സഹോദരങ്ങൾ: സിസ്റ്റർ ട്രീസ (തിരുവനന്തപുരം), ബെന്നി ജോർജ്, ഫാ. ജോസഫ്, ഡോളി, പൗളി.

**രാമപുരം:** കിഴതിരി അമ്പാടിയിൽ (വണ്ടൻമാക്കൽ) കരോട്ട് വീട്ടിൽ രാഘവൻ നായർ (74) അന്തരിച്ചു.

## റാസമ്മ മാത്യു

**പൊൻകുന്നം:** കണയിങ്കൽ റോസമ്മ മാത്യു (96) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.എം. മാത്യു (കോട്ടാങ്കൽ). മക്കൾ: പരേതനായ ജെയിംസ് മാത്യു, തോമസ് കണയിങ്കൽ (യുഎസ്), ഔസേപ്പച്ചൻ, അന്നമ്മ, മേരിയാമ്മ, ഏലിയാമ്മ, ലീലാമ്മ, സ്റ്റീഫൻ, ദേവസ്യാക്കുട്ടി, ജോൺകുട്ടി (മൂവരും യുഎസ്). മരുമക്കൾ: അന്നക്കുട്ടി തോമസ് (യുഎസ്), ജെയിംസ് കടുതലക്കൽ (താഴത്തുവടകര), അജിത ആന്റണി, റാണി ദേവസ്യാക്കുട്ടി, ജെസി ജോസ് (മൂവരും യുഎസ്),പരേതരായ കുഞ്ഞമ്മ അടക്കാമുണ്ടക്കൽ, മേഴ്സി ജോസഫ്, കുഞ്ഞുമോൻ അടക്കാമുണ്ടക്കൽ, ഔസേപ്പച്ചൻ കപ്പിയാങ്കൽ, ബാബു വെച്ചൂപടിഞ്ഞാറേതിൽ (മുണ്ടക്കയം).

**മണർകാട്-എരുമപ്പെട്ടി:** താന്നിക്കൽ ഷീല ജേക്കബ് (70) അന്തരിച്ചു.

**കുറിച്ചി:** ചതുരത്തുണ്ടിയിൽ സി.ടി. ജെയിംസ് (ജമ്മച്ചൻ -71) അന്തരിച്ചു.

**മല്ലപ്പള്ളി:** കിഴക്കയിൽ ഗ്രേസി ഏബ്രഹാം (88) അന്തരിച്ചു.

## കെ.ജെ. ചാണ്ടി

**നീർവിളാകം:** ആറാട്ടുപുഴ കാവുമുക്കത്ത് കെ.ജെ. ചാണ്ടി (ബെൻഞ്ചി-62) അന്തരിച്ചു. ഭാര്യ സൂസൻ ചാണ്ടി. മകൾ: ഡോണ റെയ്ച്ചൽ ചാണ്ടി. മരുമകൻ: കിളിരൂർ പറമ്പിൽ ധനൂപ് വില്ലയിൽ ധനൂപ് (ഇരുവരും യുഎസ്).

## ഏബ്രഹാം മത്തായി

**റാന്നി:** നെല്ലിക്കമൺ മരുതിക്കാട്ടിൽ ഏബ്രഹാം മത്തായി (കുഞ്ഞുമോൻ-86) യുഎസിൽ അന്തരിച്ചു. ഭാര്യ നെല്ലിമല ആനപ്പാറയ്ക്കൽ സാറാമ്മ ഏബ്രഹാം. മക്കൾ: മാത്യു, ബെറ്റി, സാം, ബെൻസി (എല്ലാവരും യുഎസ്).

**വാഴൂർ:** തേക്കാനം ബെറ്റാ കോട്ടേജിൽ അലോഷ്യസ് ക്രൂസ് (72) അന്തരിച്ചു.

**കങ്ങഴ:** റിട്ട.ഹെഡ് നേഴ്സ് ഇലയ്ക്കാട് പാറയ്ക്കൽ എലിസബത്ത് മനോരമ (വത്സമ്മ -78) അന്തരിച്ചു.

## സാലി സ്കറിയ



**കല്ലിശ്ശേരി:** പ്രയാർ ഇടശ്ശേരിയത്ത് കുടുംബാംഗവും പരേതനായ കൊച്ചുകൊട്ടാരത്തിൽ സ്കറിയ ജോർജിന്റെ (അപ്പു) ഭാര്യയുമായ സാലി (68) അന്തരിച്ചു. മക്കൾ: അരുൺ/സിബി (കുവൈറ്റ്), അഞ്ജു/ലിബു (ഓതറ).

**മാങ്ങാനം:** വേലങ്ങാട്ട് അഗ്രോ കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് ഉടമ വേലങ്ങാട്ട് തെക്കേമുറിയിൽ റോയി ചെറിയാൻ (76) അന്തരിച്ചു.

**കോട്ടയം:** ദേശീയ ബാസ്കറ്റ്ബോൾ മുൻപരിശീലകനും മുൻ സംസ്ഥാന താരവുമായ കടവന്ത്ര എസ്ടിപി പൈപ്പ്ലൈൻ റോഡ് ജവഹർ നഗർ (കോട്ടയം കളത്തിപ്പടി വാലയിൽ) തോമസ് ചാണ്ടി (60) അന്തരിച്ചു.


**ദൈവംപടി:** പാത്തിക്കൽ വർഗീസ് ദേവസ്യ (ബേബിച്ചൻ -86) അന്തരിച്ചു.

**അമയന്നൂർ:** റിട്ട. ഫെഡറൽ ബാങ്ക് മാനേജർ തേമ്പള്ളിയിൽ പാറയിൽ നെല്ലംപുഴ വീട്ടിൽ എൻ.ഐ. തോമസ് (ജോയി-75) അന്തരിച്ചു.

**ചേർപ്പുങ്കൽ:** കെഎസ്ആർടിസി റിട്ട. ഡ്രൈവർ വലിയകാപ്പിൽ വി.എം. മത്തായി (ടോമി -68) അന്തരിച്ചു.

**മുക്കൂർ:** കാവുങ്കൽ അന്നമ്മ ഏബ്രഹാം (അമ്മിണി-69) അന്തരിച്ചു.

## ജോസഫ് സി. ജോസഫ്



**കോട്ടയം:** എസ്.എച്ച്.മൗണ്ട് ചുങ്കത്തറയിൽ ജോസഫ് സി. ജോസഫ് (76) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ മേരി ജോമസ്. മക്കൾ: സഞ്ജയ് ജോസഫ്, സഞ്ജീവ് ജോസഫ്, ജാൻസ്, ക്രിസ്റ്റീന (എല്ലാവരും യുഎസ്).

**അടൂർ:** പരുവയ്ക്കൽ പരേതനായ ഏബ്രഹാം ഉമ്മന്റെയും നിരണം ഇലഞ്ഞിക്കൽ അന്നമ്മ ഏബ്രഹാമിന്റെയും മകൻ അജിത് ഉമ്മൻ (45) അന്തരിച്ചു.

**തൃശൂർ:** കേരള ഊരാണ്മ ദേവസ്വം ബോർഡ്മുൻ പ്രസിഡണ്ടും അഖില കേരള തന്ത്രി സമാജം മുൻ വൈസ് പ്രസിഡണ്ടും സെയിൽസ് ടാക്സ് റിട്ട. ഓഫീസറുമായ തറയിൽ കുഴിക്കാട്ടില്ലത്ത് തന്ത്രി മഹേശ്വരൻ ഭട്ടതിരിപ്പാട് (87) അന്തരിച്ചു.

## ശില്പ

**ചങ്ങനാശേരി:** നാലുകോടി കുത്തുകല്ലുങ്കൽ സിബി ചെറിയാന്റെ മകൾ ശില്പ (37) യുഎസിൽ അന്തരിച്ചു. ഭർത്താവ് കാഞ്ഞിരപ്പള്ളി പുളിമാവ് പുതിയാപറമ്പിൽ ജോസഫ് സക്കറിയ.

## ഏലിയാമ്മ വർഗീസ്

**പേരൂർ:** കുറിഞ്ഞിക്കാട്ട് ഏലിയാമ്മ വർഗീസ് (ലീലാമ്മ -69) അന്തരിച്ചു. കാരിച്ചാൽ കടൂർ പൊയ്യക്കര കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഏബ്രഹാം വർഗീസ്. മക്കൾ: സ്മിത, സലിൽ, സജിത (യുഎസ്). മരുമക്കൾ: ബിനോ പുത്തൻപുരക്കൽ (മണർകാട്), റോണി പുത്തൻപുരയിൽ (പരുമല), ജിമ്മി കൈമല (മല്ലപ്പള്ളി).

**ആലപ്പുഴ:** അവലൂക്കുന്ന് കളത്തിപറമ്പിൽ വീട്ടിൽ ജോസഫ് (60) അന്തരിച്ചു.

**തലവടി:** ആനപ്രാമ്പാൽ തെക്ക് കാടുവെട്ടിൽ എട്ടിയാരിൽ പാസ്റ്റർ ബാബു വർഗീസ് (69) അന്തരിച്ചു.

**ചെങ്ങന്നൂർ:** തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് റിട്ട. മാനേജർ വട്ടശേരിൽ വാഴയിൽ വി.എ. ചെറിയാൻ (കറിയാക്കുട്ടി-76) അന്തരിച്ചു.

**മാന്നാർ:** അലിൻഡ് റിട്ട. ഉദ്യോഗസ്ഥൻ കുട്ടംപേരൂർ ചിറക്കൽ പുത്തൻപറമ്പിൽ സി.എം. സാമുവൽ (70)അന്തരിച്ചു.

**വായ്പൂർ:** പാലത്താനത്ത് ഇ.ജി. തങ്കമ്മ (86) അന്തരിച്ചു.

# വീടും സ്ഥലവും വില്പനയ്ക്ക്

തിരുവനന്തപുരം പട്ടം എൽഐസി ഓഫീസിന് സമീപം ലക്ഷ്മി നഗറിൽ അഞ്ചു സെന്റ് സ്ഥലത്ത് 2600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉള്ള എല്ലാവിധ സൗകര്യമുള്ള രണ്ടുനില വീട്, നാല് ബെഡ്റൂം, നാല് ബാത്ത്റൂം, ലിവിങ് റൂം, കിച്ചൻ ഡൈനിങ് റൂം, എന്റർടൈൻമെന്റ് റൂം, ബാൽക്കണി, 2 കാറിടത്തക്ക രീതിയിലുള്ള ഗ്യാരേജ്, 3 മുറികൾ എയർ കണ്ടീഷൻ ചെയ്ത വീടാണ്. അലൂമിനിയം ഷീറ്റ് റൂഫിലുണ്ട് ഫർണിച്ചർ സഹിതം ആണ് വിൽക്കുന്നത്. ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Mob: 91 999 544 8337**

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, Atlanta*

**Visit Our Website: www.keralaexpress.com for Classified Advt.**

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**


**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**


***Part transaction can be arranged in foreign currency.***

## ഉപകാരസ്മരണ




*Inserted by: Firm Believer, Boston*

## ഉപകാരസ്മരണ




*Inserted by: Firm Believer, Boston*

## ഉപകാരസ്മരണ



*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



*Inserted by: Firm Believer, New York*




# 'ചിന്ന ചിന്ന ആസൈ' സംവിധായിക വർഷ വാസുദേവ് സംസാരിക്കുന്നു





'എന്റെ നാരായണിക്ക്' എന്ന ഷോർട്ട് ഫിലിമിലൂടെ ശ്രദ്ധേയയായ വർഷ വാസുദേവ് തിരക്കഥയെഴുതി സംവിധാനം ചെയ്ത റൊമാന്റിക് ഇമോഷണൽ ഡ്രാമ 'ചിന്ന ചിന്ന ആസൈ' തിയറ്ററുകളിലെത്തി. മണിരത്നം മാജിക് 'റോജ'യിലൂടെ ഒരു തലമുറയുടെ സ്വപ്നങ്ങളിൽ ചിന്ന ചിന്ന ആസൈകൾ നിറച്ച മധുബാല. ഇതുവരെ ആരും ചെയ്യാത്ത കഥാപാത്രങ്ങളെ അത്രമേൽ ആശയോടെ തന്നിലേക്കു ചേർത്തുനിർത്തുന്ന ഇന്ദ്രൻസ്. മാധവൻ മാഷായി ഇന്ദ്രൻസും ലീലയായി മധുബാലയും. വാരാണസിയുടെ പശ്ചാത്തലത്തിൽ ഇവരിലൂടെയുള്ള ഹൃദയസഞ്ചാരമാണ് 'ചിന്ന ചിന്ന ആസൈ': വർഷ സംസാരിക്കുന്നു.

സിനിമയിലെ തുടക്കം എങ്ങനെയെന്നാൽ ഞാൻ എഞ്ചിനീയറായിരുന്നു. പക്ഷേ, സിനിമയായിരുന്നു ഇഷ്ടം. അതിലേക്കുള്ള വഴിയായി ചാനൽ ജോലി. ടെലിവിഷൻ പരിപാടികളുടെ തിരക്കഥാകൃത്ത്, ഷോ ഡയറക്ടർ, അസോഷ്യേറ്റ് ഡയറക്ടർ, ഷോ പ്രൊഡ്യൂസർ എന്നിങ്ങനെയുള്ള ക്രിയേറ്റീവ് ജോലികളിലാണു തുടക്കം. അതിനിടെ, തോമസ് സെബാസ്റ്റ്യൻ സംവിധാനം ചെയ്ത 'ഗൂഢാലോചന' എന്ന സിനിമയുടെ ഒരു ഷെഡ്യൂളിൽ സംവിധാനസഹായിയായി. സിനിമാനിർമാണം പൂർണമായും പഠിച്ചത് 2021–ൽ, കോവിഡ്കാലത്ത് തിരക്കഥയെഴുതി സംവിധാനം ചെയ്ത 'എന്റെ നാരായണിക്ക്' എന്ന ഹ്രസ്വചിത്രത്തിലൂടെയാണ്. അതിനു കിട്ടിയ നല്ല അഭിപ്രായങ്ങൾ തിരക്കഥയെഴുത്തിനു പ്രേരണയായി. ഒരു സിനിമ ചെയ്യാനുള്ള ഒരുക്കങ്ങൾ തുടർന്നു. അങ്ങനെയൊരു യാത്രയിൽ, വാരാണസി ഇഷ്ടപ്പെട്ടു. ആ പശ്ചാത്തലത്തിൽ ഒരു കഥ പറയണമെന്നു തോന്നി. അങ്ങനെ ഒരു പ്ലാനുമില്ലാതെ സംഭവിച്ച സിനിമയാണിത്. വാരാണസിയോടുള്ള ഇഷ്ടത്തിലും ഇന്ദ്രൻസിനൊപ്പം സിനിമയെന്ന ആഗ്രഹത്തിലും സഹപാഠിയായ അഭിജിത്ത് നിർമാതാവായി വന്നു.

'ചിന്ന ചിന്ന ആസൈ' എന്ന സിനിമയിലെ പശ്ചാത്തലം എന്തെന്നാൽ വാരാണസിയിൽ കണ്ടുമുട്ടുകയാണ് 50 കഴിഞ്ഞ രണ്ട് അപരിചിതർ.

മലയാളിയായ മാധവൻ മാഷും തമിഴ് പശ്ചാത്തലമുള്ള ലീലയും. തമിഴ്നാട്ടിൽനിന്ന് ഒരു ടീമിനൊപ്പം വാരാണസിയിലെത്തി കൂട്ടംതെറ്റിയതാണ് ലീല. ഒപ്പമുണ്ടായിരുന്നവരെ കണ്ടെത്താൻ ലീലയെ സഹായിക്കുകയാണ് മാധവൻ മാഷ്. ആ യാത്രയ്ക്കിടയിൽ അവർക്കിടയിൽ സംഭവിക്കുന്ന കാര്യങ്ങളും അവരുടെ വൈകാരിക അവസ്ഥകളുമൊക്കെയാണു സിനിമ. നിങ്ങൾ ഇവരെ എങ്ങനെ സ്വീകരിക്കും എന്നതിനെ ആശ്രയിച്ചാവും ഇതൊരു ലവ് സ്റ്റോറിയാണോ എന്നതിന്റെ ഉത്തരം. വിഷ്ണു അഗസ്ത്യ, ജാഫർ സാദിഖ്, തമ്പി രാമയ്യ, അപർണ ബാലമുരളി എന്നിവർ ഇവരുടെ ജീവിതത്തിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങളാകുന്നു.

ടൈറ്റിലിൽ എത്തിയത് എങ്ങനെയെന്നാൽ ലീലയ്ക്കു തമിഴ് പശ്ചാത്തലമുള്ളതിനാൽ അതിനു ചേരുന്ന ഒരു തമിഴ് അഭിനേത്രി വേണമെന്നുണ്ടായിരുന്നു. അങ്ങനെ എന്റെ മനസിൽ വന്ന പേരാണു മധുബാല. തുടർന്നു 'റോജ'യും 'ചിന്ന ചിന്ന ആസൈ'യും മനസിലേക്കുവന്നു. ഈ സിനിമ ലീലയുടെ ചെറിയ ചെറിയ ആശകളൊക്കെ പറഞ്ഞുപോകുന്നതു കൂടിയായതിനാൽ സിനിമയ്ക്കു 'ചിന്ന ചിന്ന ആസൈ' എന്ന പേര് ഉറപ്പിച്ചു.

ഇന്ദ്രൻസിലേക്കും മധുബാലയിലേക്കും എത്തിയത് മാധവൻ മാഷിനെക്കുറിച്ച് എഴുതിത്തുടങ്ങിയപ്പോൾത്തന്നെ ഇന്ദ്രൻസായിരുന്നു മനസിൽ. ഈ കഥാപാത്രം ചെയ്തു ഫലിപ്പിക്കാൻ അത്തരത്തിൽ നിഷ്കളങ്കതയുള്ള ഒരു നടൻ തന്നെ വേണം. മണിരത്നത്തിന്റെ വലിയ ആരാധികയാണു ഞാൻ. അദ്ദേഹത്തിന്റെ പഴയ നായികമാരെ തേടിയപ്പോൾ അവർക്ക് ഇപ്പോൾ എന്റെ ലീലയുടെ പ്രായമെത്തുമെന്നു കണ്ടു. റോജയ്ക്കും ലീലയ്ക്കും എന്തൊക്കെയോ സാദൃശ്യങ്ങൾ തോന്നി. എന്റെ കഥാപാത്രങ്ങൾക്കു വേണ്ടി അവരിലേക്ക് എത്തുകയായിരുന്നു. അല്ലാതെ ഇന്ദ്രൻസ്-മധുബാല കോംബിനേഷൻ പ്ലാൻ ചെയ്തതല്ല. പക്ഷേ, പിന്നീടതു നല്ല കോംബിനേഷനായി മാറി.

ഇവരെക്കുറിച്ചുള്ള അനുഭവം എന്തെന്നാൽ ഇന്ദ്രൻസ് ഏറെ ഫ്ളെക്സിബിളാണെന്ന് മുന്നേയറിയാം. യാതൊരു ബുദ്ധിമുട്ടുമുണ്ടാക്കാതെ, എല്ലാം ആസ്വദിച്ച് നമുക്കൊപ്പം സഹകരിച്ചു നിന്നു. അദ്ദേഹം തന്ന സൂക്ഷ്മമായ ചില റിയാക്ഷനുകളാണ് ഒരു സംവിധായിക എന്ന നിലയിൽ എന്നെ അദ്ഭുതപ്പെടുത്തിയത്. അതു ചിലപ്പോൾ ഒരു ചെറിയ സീനിലെ ഒരു നോട്ടമായിരുന്നിരിക്കാം!




ബോളിവുഡിൽ നിന്നുള്ള അഭിനേത്രി ആയതിനാൽ മധുബാല നമ്മളുമായി സഹകരിക്കുമോ എന്നുള്ള ടെൻഷനുണ്ടായിരുന്നു. പക്ഷേ, അവർ നമ്മളെ ഞെട്ടിച്ചു. ഏറെ സപ്പോർട്ടീവും സിംപിളുമാണ്. ഇന്ദ്രൻസിന്റെ മറ്റൊരു പതിപ്പ്. കാഴ്ചയിൽ ഫാഷനബിളെങ്കിലും അടുത്തറിയുമ്പോൾ ഹൃദയശുദ്ധിയുള്ള വ്യക്തിത്വം. ഹേമമാലിനിയുടെ കുടുംബത്തിൽനിന്നുള്ള മധുബാലയ്ക്കു തമിഴ് ബന്ധങ്ങളുമുണ്ട്. ഇടയ്ക്കെപ്പോഴോ 'യോദ്ധ'യുടെ ഓർമകളും പങ്കുവെച്ചു. ഒരിടവേളയ്ക്കുശേഷം മലയാളത്തിലേക്കു നായികയായി വന്നതിന്റെ ആവേശത്തിലായിരുന്നു.

വാരാണസിയിലെ ചിത്രീകരണം ഏറെ പ്രയാസകരമായിരുന്നു. കാരവനോ കൃത്യമായ ഒരു ഇരിപ്പിടമോ മറ്റുമില്ലാത്ത സെറ്റ്. നല്ല തണുപ്പായിരുന്നു. നൈറ്റ് ഷൂട്ടുണ്ടായിരുന്നു. പ്രായമൊക്കെ മറന്ന് ഇരുവരും കൂടെനിന്നു. ഒറ്റ ഷെഡ്യൂളിൽ 28 ദിവസംകൊണ്ട് ഷൂട്ടിംഗ് തീർന്നു. എഴുതിവെച്ച സീനിന് അത്രമേൽ ഭംഗിയുണ്ടെന്ന് എന്നെ ബോധ്യപ്പെടുത്തിയ പ്രകടനമായിരുന്നു ഇരുവരുടേതും.

ആദ്യ സിനിമയെന്ന തരത്തിൽ നേരിട്ട വെല്ലുവിളി വാരാണസിയിൽ ഷൂട്ട് ചെയ്യുന്നതിന്റെ ചില പ്രായോഗിക ബുദ്ധിമുട്ടുകൾക്കപ്പുറം പുതുമുഖം എന്നതിന്റെ പ്രശ്നങ്ങൾ നേരിടേണ്ടിവന്നില്ല. ടെക്നിക്കൽ വിഭാഗത്തിലുള്ളവരെല്ലാം പരിചയസമ്പന്നർ, സുഹൃത്തുക്കൾ. ഓപ്പറേഷൻ ജാവയുടെ കാമറ ചെയ്ത ഫായിസ് സിദ്ധിക്കാണ് ഇതിന്റെ ഛായാഗ്രഹണം. ഗോവിന്ദ് വസന്തയാണു മ്യൂസിക് ഡയറക്ടർ. രംഗനാഥ് രവിയുടെ സൗണ്ട് ഡിസൈൻ. വാരാണസിയിൽ ഔട്ട് ഡോർ ഷൂട്ട് ഏറെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇതിൽ സൗണ്ട് സ്കേപ്പിനു പ്രാധാന്യമേറെയാണ്. റെക്സൻ ജോസഫാണ് എഡിറ്റർ. കോസ്റ്റ്യൂം സമീര സനീഷ്. മേക്കപ്പ് രഞ്ജിത്ത് അമ്പാടി. അങ്ങനെ മികച്ച ടെക്നീഷൻസിന്റെ സപ്പോർട്ടുണ്ടായി. കേരളത്തിൽ ദുൽഖർ സൽമാന്റെ വേഫറർ ഫിലിംസും തമിഴ്നാട്ടിൽ എജിഎസ് സിനിമാസുമാണ് വിതരണം.

നൃത്തത്തിനും സംഗീതത്തിനും കഥയിൽ പ്രാധാന്യമുണ്ടോ എന്നു ചോദിച്ചാൽ ഇന്ദ്രൻസിന്റെ കഥാപാത്രത്തിന്റെ മകൾ ബനാറസിൽ കഥക് പഠിക്കുകയാണ്. അപർണ ബാലമുരളിയാണ് ആ വേഷം ചെയ്യുന്നത്. ആ പശ്ചാത്തലത്തിലാണ് ഇതിൽ കഥക് പാട്ടുസീൻ വരുന്നത്. നൃത്തം ഈ സിനിമയിൽ കയറിയിറങ്ങി പോകുന്നുണ്ട്. ലീല ഡാൻസ് ഇഷ്ടമുള്ള ഒരാളായിരുന്നു എന്നൊക്കെ സിനിമയിൽ പറയുന്നുണ്ട്. സംഗീതപരമായും ഈ സിനിമ ആഖ്യാനം ചെയ്യപ്പെടുന്നു. വെറുതേ പറയുന്നതിനപ്പുറം മ്യൂസിക്കിന്റെ ആംബിയൻസിൽ ഡയലോഗ് പറയുമ്പോൾ സിനിമയുടെ കഥപറച്ചിലിനു മറ്റൊരു ഭംഗി കൈവരുന്നതു കാണാം.

ഇനിയുള്ള സിനിമകൾ ഏതുതരമാണെന്നു ചോദിച്ചാൽ ഇതു തുടങ്ങും മുമ്പ് ആലോചനയുണ്ടായിരുന്ന മറ്റൊരു സിനിമയുടെ ഒരുക്കങ്ങളിലാണ്. അതു കുറച്ചുകൂടി സിനിമാറ്റിക്കാണ്. ചെറുപ്പക്കാരുടെ റൊമാന്റിക് ഡ്രാമയാണ്. മാനുഷിക വികാരങ്ങളും റൊമാൻസുമൊക്കെയുള്ള സിനിമകൾ ചെയ്യാനാണ് ഇപ്പോൾ എനിക്ക് ആത്മവിശ്വാസം. ഹൊറർ, ത്രില്ലർ സിനിമകൾ ചെയ്യാനും ആഗ്രഹമുണ്ട്. അത്തരം ജോണറുകൾ എഴുതാനുള്ള ശ്രമം പിന്നീടുണ്ടാകും.







# സസ്പെൻസ് ത്രില്ലർ 'ഉയിർ' തിയറ്ററിലെത്തി

**എം.** പത്മകുമാർ സംവിധാനം ചെയ്യുന്ന സസ്പെൻസ് ത്രില്ലർ ചിത്രം ഉയിർ പ്രദർശനത്തിനെത്തി. ധർമടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒരു കൊലപാതകക്കേസിലൂടെയാണ് ചിത്രത്തിന്റെ കഥാപുരോഗതി. യഥാർത്ഥ സംഭവത്തെ അടിസ്ഥാനമാക്കിയാണ് ചിത്രം ഒരുക്കുന്നത്.

ഇൻസ്പെക്ടർ അൻഷാദിന്റെ മൂലകഥയ്ക്ക് ഷാജി മാറാടും നിഖിൽ കെ. മേനോനും ചേർന്ന് തിരക്കഥ രചിക്കുന്നു. റോഷൻ മാത്യു കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രത്തിൽ ശ്രുതി മേനോനാണ് നായിക.

ബൈജു സന്തോഷ്, അതുല്യ ചന്ദ്രൻ, വിനീത് തട്ടിൽ, ഷാജു ശ്രീധർ എന്നിവർക്കൊപ്പം തമിഴ്, മലയാളം ഭാഷകളിൽ ശ്രദ്ധേയരായ ഹരീഷ്, വിനോദ് സാഗർ എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു. ബോളിവുഡിലെ പ്രമുഖ താരങ്ങളായ സെയ്യാമി ഖേർ, മഹേഷ് ഷെട്ടി എന്നിവരും മാസ്റ്റർ ആര്യൻ എസ്. പൂജാരി, ബേബി മിത്രാ സഞ്ജയ് എന്നിവരും അഭിനയിക്കുന്നു.

ഷിബു ചക്രവർത്തി, സന്തോഷ് വർമ എന്നിവരുടെ വരികൾക്ക് മണികണ്ഠൻ അയ്യപ്പയാണ് ഈണമൊരുക്കിയത്.

ഛായാഗ്രഹണം-അജയ് ഡേവിഡ് കാച്ചപ്പിള്ളി, എഡിറ്റിംഗ്-രഞ്ജൻ ഏബ്രഹാം, കലാസംവിധാനം-സാബുറാം, മേക്കപ്പ്-പി.വി. ശങ്കർ, കോസ്റ്റ്യൂം ഡിസൈൻ-അയിഷ സഫീർ സേട്ട് എന്നിവരും അണിയറയിലുണ്ട്.

കൂർഗ്, കണ്ണൂർ, തലശ്ശേരി, മുംബൈ, പാലക്കാട്, എറണാകുളം എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയായി. സെഞ്ചുറി ഫിലിംസ് ചിത്രം തിയറ്ററുകളിൽ എത്തിക്കുന്നു.

# പൃഥ്വിയുടെ 'ഒടിയൻ' ചിത്രീകരണം പുരോഗമിക്കുന്നു

**ഇ**ന്ത്യയിലെ പ്രമുഖ നിർമാണ കമ്പനികളിലൊന്നായ ധർമ്മ പ്രൊഡക്ഷൻസ്, മലയാള സിനിമയിലെ ആദ്യ നിർമാണ സംരംഭവുമായി എത്തുന്നു. പൃഥ്വിരാജ് പ്രൊഡക്ഷൻസും സംവിധായകൻ രാഹുൽ സദാശിവനും കൈകോർക്കുന്ന 'ഒടിയൻ: ദി ഏജ് ഓഫ് ഇല്യൂഷൻ' എന്ന ചിത്രമാണ് ഈ കൂട്ടുകെട്ടിന്റെ ആദ്യ സംരംഭം.

പത്തൊൻപതാം നൂറ്റാണ്ടിലെ ജനകീയ വിശ്വാസങ്ങളും ഐതിഹ്യങ്ങളും ആസ്പദമാക്കി ഒരുക്കുന്ന ഈ ചിത്രം നിർമിക്കുന്നത് കരൺ ജോഹർ, ആദർ പൂനാവാല, അപൂർവ മേത്ത, സുപ്രിയ മേനോൻ എന്നിവർ ചേർന്നാണ്.

ഭൂതകാലം, ഭ്രമയുഗം, ഡീയസ് ഈറ എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ രാഹുൽ സദാശിവനാണ് സംവിധാനം നിർവഹിക്കുന്നത്. മലയാളത്തിന്റെ പ്രിയതാരങ്ങളായ മഞ്ജു വാര്യരും പൃഥ്വിരാജ് സുകുമാരനും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

പുരാണവും ഭീതിയും മനഃശാസ്ത്രപരമായ ആഴവും സമന്വയിക്കുന്ന അപൂർവമായ ദൃശ്യാനുഭവമായിരിക്കും ചിത്രം.

'ഒടിയൻ ഒരു ഐതിഹ്യം മാത്രമല്ല; അത് കേരളത്തിന്റെ സാംസ്കാരിക സ്വത്വത്തിന്റെ ഭാഗമാണ്. തലമുറകളിലൂടെ സഞ്ചരിച്ച ഈ കഥയെ അതിന്റെ പുരാണമൂല്യവും സാംസ്കാരിക പശ്ചാത്തലവും സംരക്ഷിച്ചുകൊണ്ട് വലിയ തിരശീലയിൽ അവതരിപ്പിക്കുകയെന്നത് ഏറെ നാളായുള്ള എന്റെ ആഗ്രഹമാണ്. ധർമ പ്രൊഡക്ഷൻസ് പങ്കാളികളാകുന്നതോടെ രണ്ടു ശക്തമായ ദർശനങ്ങളാണ് ഒന്നിക്കുന്നത്' - ചിത്രത്തെക്കുറിച്ച് പൃഥ്വിരാജ് സുകുമാരൻ പറയുന്നു.

കേരളത്തിന്റെ ഏറ്റവും പ്രസിദ്ധമായ ഐതിഹ്യങ്ങളിലൊന്നായ ഒടിയനെ പുതിയൊരു ചലച്ചിത്രഭാഷയിലൂടെ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നതെന്ന് സംവിധായകൻ രാഹുൽ സദാശിവൻ പറഞ്ഞു. ചിത്രം വൈകാതെ തിയറ്ററികളിൽ എത്തും.




# 'അരൂപി' ജൂലൈ മൂന്നിന് തിയറ്ററുകളിൽ


**പു**ണർതം പ്രൊഡക്ഷൻസിന്റെ ബാനറിൽ പ്രദീപ് രാജ് നിർമിച്ച് അഭിലാഷ് വാരിയർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന അരൂപി ജൂലൈ മൂന്നിന് പ്രദർശനത്തിനെത്തുന്നു. ഹൊറർ പശ്ചാത്തലത്തിൽ ഒരുക്കുന്ന ഈ ചിത്രത്തിൽ വൈശാഖ് രവി, ബോളിവുഡ് ഫെയിം നേഹാ ചൗള, സാക്ഷി ബദാല, ജോയ് മാത്യു, സിന്ധു വർമ, അഭിലാഷ് വാര്യർ, കിരൺ രാജ്, ആദിത്യ രാജ്, മാത്യു



രാജു, കണ്ണൻ സാഗർ, എ.കെ. വിജുബാൽ, നെബു എബ്രഹാം, വിനയ്, ആന്റണി ഹെൻറി, വിഷ്ണു കാന്ത്, വൈഷ്ണവ്, ജോജോ ആന്റണി, സുജ റോസ്, ആൻ മരിയ, അഞ്ജന മോഹൻ, രേഷ്മ, സംഗീത തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. അമൽ ഛായാഗ്രഹണം നിർവഹിക്കുന്നു. ബി.കെ. ഹരിനാരായണൻ എഴുതിയ വരികൾക്ക് ഗോപി സുന്ദറിന്റെ സംഗീതം.

എഡിറ്റിങ്-വി.ടി. വിനീത്, കലാസംവിധാനം-മഹേഷ് ശ്രീധർ, വസ്ത്രാലങ്കാരം- ഷാജി കൂനൻ കൂനമാവ്, മേക്കപ്പ്-ജിജു കൊടുങ്ങല്ലൂർ, പ്രൊഡക്ഷൻ കൺട്രോളർ-പ്രവീൺ ബി. മേനോൻ.

# 'വടു-The Scar' ജൂലൈ മൂന്നിന്



**ടി.**ജി. രവി, ശ്രീജിത്ത് രവി, ശിവജി ഗുരുവായൂർ, മണികണ്ഠൻ പട്ടാമ്പി, ആര്യ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ശ്രീജിത്ത് പൊയിൽക്കാവ് തിരക്കഥയെഴുതി സംവിധാനം ചെയ്ത വടു-The Scar ജൂലൈ മൂന്നിന് പ്രദർശനത്തിനെത്തുന്നു. നീലാംബരി പ്രൊഡക്ഷൻസ്, വൈഡ് സ്ക്രീൻ മീഡിയാ പ്രൊഡക്ഷൻസ് എന്നീ ബാനറിൽ മുരളി നീലാംബരി, ഡോ. മനോജ് ഗോവിന്ദൻ, പ്രദീപ്കുമാർ, മോഹനൻ കൂനിയേത്ത് എന്നിവർ ചേർന്നു നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വിപിൻ ചന്ദ്രൻ നിർവഹിക്കുന്നു. മുരളി നീലാംബരി എഴുതിയ വരികൾക്ക് നവാഗതനായ പി.ഡി. സൈഗാൾ സംഗീതം പകരുന്ന നാലു ഗാനങ്ങളാണ് ഈ ചിത്രത്തിലുള്ളത്.

എഡിറ്റർ-രതിൻ രാധാകൃഷ്ണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-രവി വാസുദേവ്, അസിസ്റ്റന്റ് ഡയറക്ടർ-ബാലാസാഗർ, അഞ്ചിത, സൗണ്ട് ഡിസൈൻ ആൻഡ് ബിജിഎം-നിഖിൽ കെ. മോഹൻ, ഫിനാൻസ് കൺട്രോളർ-ശ്രീകുമാർ പ്രിജി, കല-വിനീഷ് കണ്ണൻ, പരസ്യകല-വിഷ്ണു രാമദാസ്, ഷാജി പാലൊളി, കോസ്റ്റ്യൂംസ്-പ്രസാദ് ആനക്കര, മേക്കപ്പ്-വിനീഷ് ചെറുകാനം. സ്റ്റിൽസ്-രാഹുൽ ലൂമിയർ, പ്രൊഡക്ഷൻ കൺട്രോളർ-കമലേഷ് കടലുണ്ടി

# ഇത്തിഹാദ് റെയിലിൽ ആദ്യത്തെ ഇന്ത്യൻ ക്യാപ്റ്റനായി നിഷാദ്

അബുദാബി: ഫുജൈറയിൽനിന്ന് അബുദാബിയിലേക്ക് ഇത്തിഹാദ് ട്രെയിനുകൾ ചൂളംവിളിച്ചു പായുമ്പോൾ, ലോകമെമ്പാടുമുള്ള മലയാളികൾക്കും അഭിമാന നിമിഷമാകുമത്. യുഎഇയുടെ സ്വപ്നപദ്ധതിയായ ഇത്തിഹാദ് റെയിൽ ശൃംഖലയെ നയിക്കുന്നവരിൽ ആദ്യത്തെ ഇന്ത്യൻ ക്യാപ്റ്റനെന്ന നേട്ടവുമായി മലയാളിയായ നിഷാദുമുണ്ടാകും. ഇത്തിഹാദ് റെയിലിലെ ട്രെയിൻ ഡ്രൈവേഴ്സ് ലൈൻ മാനേജരാണ് ഈ 29-കാരനായ ആലപ്പുഴ സ്വദേശി.

ഇത്തിഹാദ് യാത്രാ ട്രെയിനുകളുടെ പൈലറ്റ് ക്യാബിന്റെ നിയന്ത്രണച്ചുമതല ഏറ്റെടുക്കുന്നതിലേക്കുള്ള നിഷാദിന്റെ യാത്ര ഒട്ടും എളുപ്പമായിരുന്നില്ല. 2014-ലാണ് അദ്ദേഹം ആദ്യമായി യുഎഇയിലെത്തിയത്.

ഒരു സ്ഥാപനത്തിൽ ക്യാഷ്യറായിട്ടാണ് പ്രവാസിജീവിതം ആരംഭിച്ചത്. പിന്നീട് പെർഫ്യൂമുകൾ വിറ്റും ഹോട്ട്ഡോഗ് സാൻഡ്‌വിച്ചുകൾ തയ്യാറാക്കിയും ഹോം ഡെലിവറി സേവനങ്ങൾ നൽകിയും ജീവിതത്തെ മുന്നോട്ടുകൊണ്ടുപോയി. മാതപിതാക്കളായ നൗഷാദും ഷീബയും ഉറച്ച പിന്തുണയും നൽകി.

തീരെ ചെറുതെന്നു തോന്നുന്ന ഈ ജോലികളാണ് തന്നിൽ അച്ചടക്കം, ക്ഷമ, വിനയം, ലക്ഷ്യബോധം എന്നിവ സൃഷ്ടിച്ചതെന്ന് നിഷാദ് പറയുന്നു. 2017-ൽ മോണോ റെയിലിലൂടെയാണ് റെയിൽ ഗതാഗത രംഗത്തേക്ക് പ്രവേശിച്ചത്. ജീവിതം ഒരു കരക്കെത്തിയെന്ന് സമാധാനിച്ചിരുന്നപ്പോഴേക്കും അപ്രതീക്ഷിതമായി കോവിഡ് മാഹാമാരി വന്നു.

പ്രതിസന്ധികളിൽ തളരാതെ മുന്നോട്ടുപോയി. ദുബായ് ട്രാമിന്റെയും മെട്രോയുടെയും പ്രവർത്തനങ്ങളിൽനിന്ന് റെയിൽമേഖലയ്ക്ക്



അനുയോജ്യമായി കഴിവുകൾ വികസിപ്പിച്ചു. പ്രവർത്തന മികവിലൂടെ കീ ഇൻസ്ട്രക്ടർ ആൻഡ് അസസർ പദവികളിലൂടെ തൊഴിലിലെ ഉത്തരവാദിത്വം വർധിച്ചു. അത് തൊഴിൽ ജീവിതത്തിലെ നിർണായക നാഴികക്കല്ലായി മാറി. അതിനുശേഷം 2023-ൽ സായിദ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഓപ്പറേഷൻസ് ടീം ലീഡറാവുകയും ചെയ്തു.

എന്നാൽ ഇത്തിഹാദ് റെയിലിലേക്കുള്ള യാത്ര അത്ര എളുപ്പമായിരുന്നില്ല. 2020-ൽ ട്രെയിൻ ക്യാപ്റ്റൻ സ്ഥാനത്തേക്ക് അപേക്ഷിച്ചെങ്കിലും ഇ-മെയിൽ വിലാസത്തിലെ പിഴവു കാരണം വഴിമുട്ടി. പരാജയപ്പെട്ടു പിന്മാറാൻ തയ്യാറല്ലാത്തതിനാൽ വീണ്ടും അപേക്ഷിച്ചു.

2022-ഓടെ പരീക്ഷകളും അഭിമുഖങ്ങളുമെല്ലാം വിജയകരമായി പൂർത്തിയാക്കി. 2024-ൽ ഇത്തിഹാദ് റെയിൽ അതിവേഗ യാത്രാ ട്രെയിനുകളുടെ ആദ്യത്തെ ഇന്ത്യൻക്യാപ്റ്റൻ പദവി സ്വന്തമാക്കി. കഴിഞ്ഞ വർഷം ട്രെയിൻ ഓപ്പറേഷൻസ് ടീം ലീഡർ, കീ ഇൻസ്ട്രക്ടർ, അസസർ എന്നീ പദവികളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചു.

ഹിബ ഗഫൂറാണ് നിഷാദിന്റെ ഭാര്യ. മകൻ: ഖലീഫ സായിദ്. ഇത്തിഹാദ് ചരക്ക് തീവണ്ടിയിലെ ലോക്കോ പൈലറ്റായ റിൻഷാദാണ് സഹോദരൻ. സഹോദരി: നസ്‌ലി.

# ലോക സെയ്‌ലിങ് ചാംപ്യൻഷിപ്പിന് മലയാളിപ്പയ്യൻ



കൊച്ചി: ലോക സെയ്‌ലിങ് ചാംപ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പതിനാലുകാരനായ മലയാളി. കൊടുങ്ങല്ലൂർ സ്വദേശി ആന്റണി തോമസിന്റെയും ലിബി ആന്റണിയുടെയും മകൻ ആൽഡ്രിൻ ആന്റണിയാണ് മൊറോക്കോയിലെ ടാംഗിയറിൽ നടക്കുന്ന ഒപ്റ്റിമിസ്റ്റ് ലോക സെയ്‌ലിങ് ചാംപ്യൻഷിപ്പിൽ ഇന്ത്യയ്ക്കായി പായ്‌വഞ്ചി മത്സരത്തിനിറങ്ങുന്നത്. 16 വയസ്സിൽ താഴെയുള്ളവർക്കായി പായ്‌വഞ്ചിയാണ് ഒപ്റ്റിമിസ്റ്റ് വിഭാഗത്തിലുള്ളത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മുന്നൂറോളം പേരടങ്ങുന്ന പായ്‌വഞ്ചിയോട്ട മത്സരത്തിലാണ് മൂന്ന് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും ഉൾപ്പെടുന്ന ഇന്ത്യൻ സംഘത്തിൽ ഒരാളായി ആൽഡ്രിനുമുള്ളത്. രണ്ട് വർഷം മുൻപാണ് ആൽഡ്രിൻ സെയ്‌ലിങ് പരിശീലനം തുടങ്ങിയത്. മുംബൈയിൽ ദേശീയ യൂത്ത് ചാംപ്യൻഷിപ്പിൽ വെങ്കലം നേടിയ ആൽഡ്രിൻ, മേഘാലയയിലെ ഉമിയാം തടാകത്തിൽ നടന്ന മത്സരത്തിലും വെങ്കലം നേടി. പൂണെയിൽ നടന്ന ദേശീയ റാങ്കിങ് റെഗാട്ടയിൽ ആൺകുട്ടികളുടെ വിഭാഗത്തിന് രണ്ടാം സ്ഥാനവും ഓവറോൾ മൂന്നാം സ്ഥാനവും സ്വന്തമാക്കിയിരുന്നു. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും ഇന്ത്യൻ ആർമിയും ചേർന്നുള്ള സംരംഭമായ ബെംഗളൂരുവിലെ ആർമി ബോയ്സ് സ്പോർട്സ് കമ്പനിയിലാണ് പരിശീലനം.

# മെഡിക്കൽ ഉപകരണങ്ങൾ: നടപടിക്രമങ്ങൾ എളുപ്പമാക്കുമെന്ന് ആരോഗ്യമന്ത്രാലയം

ന്യൂഡൽഹി: മെഡിക്കൽ ഉപകരണങ്ങളുടെ നിർമാണം മുതൽ വിപണിയിൽ എത്തിക്കുന്നതുവരെയുള്ള ലൈസൻസ് നടപടികളിലെ കാലതാമസം ഒഴിവാക്കാനുള്ള നടപടികളുമായി ആരോഗ്യമന്ത്രാലയം. ഇതിനായി മെഡിക്കൽ ഡിവൈസസ് ചട്ടങ്ങളിലെ (2017) ഭേദഗതിക്ക് കരടുനിർദേശങ്ങൾ മന്ത്രാലയം പുറപ്പെടുവിച്ചു. മെഡിക്കൽ ഉപകരണങ്ങളുടെ അപകടസാധ്യതയുടെ അടിസ്ഥാനത്തിൽ അവയെ എ, ബി, സി, ഡി എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. ഓരോന്നിനും ലൈസൻസിനുള്ള അപേക്ഷകളുടെ കാര്യത്തിൽ സമയപരിധി വ്യത്യാസമുണ്ട്. ഇവയിൽ മാറ്റങ്ങളുണ്ടാകും. മെഡിക്കൽ ഉപകരണ നിർമാണം കൂടുതൽ വ്യവസായ സൗഹൃദമാക്കലും ചട്ടങ്ങൾ ഫലപ്രദമാക്കലുമാണു ലക്ഷ്യം. പൊതുജനാഭിപ്രായം തേടിയശേഷം തുടർ നടപടി സ്വീകരിക്കും. സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ വെബ്സൈറ്റിൽ കരടുവിജ്ഞാപനം ലഭിക്കും.

# പാറക്കുളത്തിൽ രണ്ട് വിദ്യാർത്ഥികൾ മുങ്ങിമരിച്ചു

എരുമേലി: പാറമടക്കുളത്തിൽ കുളിക്കാനിറങ്ങിയ രണ്ട് വിദ്യാർത്ഥികൾ മുങ്ങിമരിച്ചു. കൊടിത്തോട്ടം ചീരംചേമ്പിൽ സന്തോഷിന്റെ മകൻ ആഷ്‌ലിൻ (19), തടത്തിൽ സുധീഷിന്റെ മകൻ ആഷേർ (15) എന്നിവരാണു മരിച്ചത്. ആഷ്‌ലിന്റെ സഹോദരൻ ആഷ്ബിനും (16) വെള്ളത്തിൽ മുങ്ങിയെങ്കിലും ഒപ്പമുണ്ടായിരുന്ന അലൻ രക്ഷപ്പെടുത്തി.

എരുമേലിക്കു സമീപം കൊടിത്തോട്ടം ഭാഗത്തു പ്രവർത്തനം നിലച്ച പാറമടയുടെ കുളത്തിൽ ജൂൺ 28-ന് വൈകിട്ട് ആറോടെയാണ് അപകടം. വിജനമായ പ്രദേശത്തുള്ള ഈ പാറക്കുളത്തിന്റെ ഭാഗത്തേക്ക് ആരും പോകാറില്ലെന്നാണു നാട്ടുകാർ പറയുന്നത്. ക്രിക്കറ്റ് കളിക്കാൻ യുവാക്കൾ മഴമൂലം കളി മുടങ്ങിയതോടെ കുളം കാണാൻ പോയെന്നാണു കൂട്ടുകാരുടെ വിശദീകരണം. ആഷ്‌ലിൻ ഓട്ടോമൊബൈൽ എഞ്ചിനീയറിങ് വിദ്യാർത്ഥിയാണ്. ആഷേർ പ്ലസ് വൺ വിദ്യാർത്ഥിയാണ്.

# 'സെമി ക്രയോജനിക് എഞ്ചിൻ' പരീക്ഷണം വിജയം

ചെന്നൈ: ഉപഗ്രഹ വിക്ഷേപണ വാഹനങ്ങൾക്ക് കൂടുതൽ കരുത്തുപകരുന്ന തദ്ദേശനിർമിത സെമി ക്രയോജനിക് എഞ്ചിൻ പരീക്ഷണത്തിൽ ഐഎസ്ആർഒ നിർണായക മുന്നേറ്റം കൈവരിച്ചു. തമിഴ്നാട്ടിലെ മഹേന്ദ്രഗിരിയിലുള്ള പ്രൊപ്പൽഷൻ കോംപ്ലക്സിൽ നടത്തിയ പരീക്ഷണത്തിൽ ഗിക്കുന്നത്. അതിശീത ഇന്ധനത്തിനു പകരം സാധാരണ താപനിലയിലുള്ള ശുദ്ധീകരിച്ച മണ്ണെണ്ണ ഇന്ധനമായും ദ്രവീകൃത ഓക്സിജൻ ഓക്സീകാരകമായും ഉപയോഗിക്കുന്നതാണ് സെമി ക്രയോജനിക് എഞ്ചിൻ. ക്രയോജനിക് എഞ്ചിനെക്കാൾ ഭാരം വഹിക്കാനുള്ള ശേഷിയുണ്ടാവും സെമി ക്ര



സെമി ക്രയോജനിക് റോക്കറ്റ് എഞ്ചിൻ മഹേന്ദ്രഗിരിയിലെ പ്രൊപ്പൽഷൻ കോംപ്ലക്സിൽ പരീക്ഷിക്കുന്നു.

എഞ്ചിൻ നിർദിഷ്ട തള്ളൽബലത്തിന്റെ 88 ശതമാനം കൈവരിച്ചതായി ഐഎസ്ആർഒ അറിയിച്ചു. അതിശീത ഇന്ധനവും അതിശീത ഓക്സീകാരകവും ഉപയോഗിക്കുന്ന ക്രയോജനിക് എഞ്ചിനാണ് വലിയ വിക്ഷേപണവാഹനങ്ങളിൽ ഐഎസ്ആർഒ ഉപയോയോജനിക് എഞ്ചിനുകൾക്ക്.

പുതുതായി വികസിപ്പിച്ച എഞ്ചിനിൽനിന്ന് 200 ടൺ തള്ളൽ ബലം (ത്രസ്റ്റ്) ആണ് പ്രതീക്ഷിക്കുന്നത്. നേരത്തേ നടത്തിയ പരീക്ഷണങ്ങളിൽ നിർദിഷ്ട ശേഷിയുടെ 47 ശതമാനവും 60 ശതമാനവുമാണ് കൈവരിച്ചിരുന്നത്. ജൂൺ 24-ന് ബുധനാഴ്ച 175 ടൺ ത്രസ്റ്റ് ലഭിച്ചതോടെ ലക്ഷ്യത്തിന്റെ 88 ശതമാനം കൈവരിക്കാനായി. വൈകാതെ പൂർണശേഷിയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ അറിയിച്ചു.

റോക്കറ്റ് എഞ്ചിന്റെ ത്രസ്റ്റ് ചേംബർ ഒഴികെയുള്ള ഭാഗങ്ങൾ ഘടിപ്പിച്ചായിരുന്നു 24-ലെ പരീക്ഷണം. മുഴുവൻഭാഗങ്ങളും യോജിപ്പിച്ചശേഷമുള്ള പരീക്ഷണം തുടർന്ന് നടക്കും. തുടർപരീക്ഷണങ്ങൾക്കുശേഷമാകും സെമി ക്രയോജനിക് എഞ്ചിൻ ഉപയോഗിച്ചുള്ള റോക്കറ്റ് വിക്ഷേപണം.

## റൈറ്റേഴ്സ് ഫോറം ആദരവ്

(3-ാം പേജിൽനിന്നും)

ആരംഭിച്ചുകൊണ്ടാണ് കെ. എം. ഈപ്പൻ മാധ്യമരംഗത്തേക്ക് കടന്നുവന്നത്. അനേകരെ ഈ രംഗത്ത് കൈപിടിച്ച് ഉയർത്തിക്കൊണ്ടു വരുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. നോർത്ത് അമേരിക്കയിലെ വിവിധ സംഘടനകൾ അവാർഡുകൾ നല്കി അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

മലയാളികൾക്ക് സുപരിചിതമായ നൂറ്റമ്പതിൽപ്പരം ഗീതങ്ങൾ എഴുതിയ വ്യക്തിയാണ് പാസ്റ്റർ സാംകുട്ടി മത്തായി. ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ മികച്ച ഗാനരചയിതാവിനുള്ള വി. നാഗൽ കീർത്തന അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അനവധി ഗാനങ്ങളും കവിതകളും ലേഖനങ്ങളും എഴുതി ക്രൈസ്തവ സാഹിത്യരംഗത്തെ പരിപോഷിപ്പിച്ച സൂസൻ ബി. ജോൺ നിരവധി അവാർഡുകൾ നേടിയിട്ടുണ്ട്.

രാജൻ ആര്യപ്പള്ളിൽ പ്രസിഡണ്ട്, സാം മാത്യു വൈസ് പ്രസിഡണ്ട്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ എബിൻ അലക്സ് ജോ. സെക്രട്ടറി, ഡോ. ജോളി ജോസഫ് ട്രഷറർ, ഡോ. ഷൈനി സാം ലേഡീസ് കോ-ഓർഡിനേറ്റർ എന്നിവരാണ് കെ.പി.ഡബ്ല്യുഎഫ് ദേശീയ ഭാരവാഹികൾ.

## വെനസ്വേല ഭൂകമ്പം

(3-ാം പേജിൽനിന്നും)

കരകാസിൽനിന്ന് 1700 കിലോമീറ്റർ അകലെ ബ്രസീലിലെ ആമസോണിൽവരെ കെട്ടിടങ്ങളിൽനിന്ന് ആളുകളെ ഒഴിപ്പിച്ചു. കൊളംബിയയുടെ കരീബിയൻ, വടക്കുകിഴക്കൻ മേഖലകളിലും പ്രകമ്പനം അനുഭവപ്പെട്ടു. പസിഫിക് തീരത്തു സുനാമി മുന്നറിയിപ്പു നൽകിയിരുന്നുവെങ്കിലും പിന്നീടു പിൻവലിച്ചു.

1967-ൽ കരകാസിൽ വ്യാപകനാശമുണ്ടാക്കിയ ഭൂകമ്പം 6.3 തീവ്രതയുള്ളതായിരുന്നു. മരണം 300. 1812-ലെ ഭൂകമ്പത്തിൽ മേറീഡയിലും കരകാസിലുമായി 30,000 പേരെങ്കിലും കൊല്ലപ്പെട്ടെന്നാണു യുഎസ്ജിഎസ് കണക്ക്.

## സമാധാന ചർച്ചകൾ

(3-ാം പേജിൽനിന്നും)

ഇറാൻ ഹീനമായ ആക്രമണങ്ങൾ തുടരുകയാണെന്ന് ഇറാൻ വിമർശിച്ചു. ഖത്തർ, യുഎഇ, ജോർദാൻ, ഒമാൻ തുടങ്ങിയ രാജ്യങ്ങളും ഇറാനെ വിമർശിച്ചു.ഇതിനിടെ, സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി നാളെ ഖത്തറിലെ ദോഹയിൽ ഇരു രാജ്യങ്ങളും തമ്മിൽ സമാധാന ചർച്ചകൾ നടന്നേക്കുമെന്നാണ് വിവരം. വെടിനിർത്തലിന് പിന്നാലെ കഴിഞ്ഞ രണ്ടു ദിവസമായി തുടരുന്ന കനത്ത സൈനിക സംഘർഷങ്ങൾക്കൊടുവിലാണ് പുതിയ നയതന്ത്ര നീക്കം.

## വീര്യം കുറഞ്ഞ മദ്യം

(3-ാം പേജിൽനിന്നും)

ഇതു തള്ളിക്കൊണ്ടാണു സർക്കാർ നടപടി. കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന പുതിയ വിഭാഗം മദ്യത്തിന് നികുതി നിശ്ചയിക്കാതിരുന്നതിനാൽ നികുതിഘടന നിശ്ചയിക്കുക മാത്രമാണു ചെയ്തതെന്നാണു യുഡിഎഫ് സർക്കാർ നിലപാട്. എന്നാൽ, വീര്യമുള്ള മദ്യം (ഐഎംഎഫ്എൽ) വിൽക്കുന്ന 251 ശതമാനം നികുതിയിൽതന്നെ വിൽക്കാനാണു കഴിഞ്ഞ സർക്കാർ നിർദേശിച്ചിരുന്നതെന്നു പ്രതിപക്ഷം വാദിക്കുന്നു.


ST. THOMAS SYRO MALABAR EPARCHY OF CHICAGO · USA
25
2001 2026
WE WALK BY FAITH, NOT BY SIGHT
ST THOMAS SYRO-MALABAR CATHOLIC EPARCHY CHICAGO
SILVER JUBILEE
CELEBRATIONS & CONVENTION - 2026
Esteemed Speakers
His Beatitude, Mar Raphael Thattil Major Archbishop
His Eminence, Blase Cardinal Cupich
His Eminence, George Cardinal Koovakad
Bishop Mar Joy Alappatt
Bishop Emeritus Mar Jacob Angadiath
Bishop Earl Fernandes
Archbishop Mar Andrews Thazhath
Bishop Mar Jose Kalluvelil
Archbishop Mar Thomas Tharayil
Rev Fr Dr Joseph Thadathil
Rev Fr Xavier Vattayil
Rev Fr Joseph Puthenpurackal
Rev Dr John Kartje
Rev Fr Tim Anastos
Sr Dr Joselyn Edathil
Anish Simon
Dr Edward Sri
V George Maliekel
Simi Sahu
Hon Judge Sanjay Tailor
Sr Agnes Maria MSMI
JULY | 09 - 12 | 2026
McCormick Place,
2301 S Martin Luther King Dr, Chicago, IL-60616
Register today - www.syroconvention.org

# CELEBRATING FOURTH YEAR IN HEAVEN

## AGEE GEORGE PUTHUMANA "AGIMOL"

**1959** **JULY 4th 2026** **2022**



*Thank you Agee for your Love, Support and Guidance for the 40 years of Life together. Your contageous smile, positive attitude, Bold and the Beautiful qualities are "yours only" gift from God. A Life well lived by humble, but very smart, as well as a respected educator, great mom and a loving wife. You were a God fearing with very very generous helping hand lived on a very catholic faith. Agee, you are missed by several family members, co-workers, friends around the world. Your cooking talents were amazing, just like a Personal Chef at homes. Agee, you were too Good to stay on earth. So, God has plan for a high school mathematician served DeKalb Country School System for 33 plus years. I still can hear your voice now and then and I can feel your presence day and night. You can not leave me from my Life until I see the Tunnel. Thank you, Agee, again for your precious, Gold Standard Life shared with me.*

**George S. Puthumana**
Tucker, GA-30084

സ്നേഹത്തോടെ
ജോജു

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**